Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 മേടം 17—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഏപ്രിൽ 29 | ലക്കം 35

## മതപീഡകരുടെ അന്ത്യം

(ഏ. ജി. അഗസ്റ്റിൻ ബി. എ., ബി. എൽ.)

തിരുസഭയ്ക്കു് അതിൻെറ സ്ഥാപനകാലം മുതൽ അതിനിഷ്ഠുരങ്ങളായ നിരവധി പീഡനങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ടു്. ഇപ്പോഴും ലോകത്തിൻെറ ചില ഭാഗങ്ങളിൽ ഏറെക്കുറെ സഹിച്ചുകൊണ്ടിരിക്കുകയുമാണു്. തിരുസഭയെ നാമാവശേഷമാക്കാൻ മുതിന്ന അധികാരപ്രമത്തരായ ഏതാനും ചക്രവർത്തിമാർ, രാജ്യതന്ത്രജ്ഞന്മാർ തുടങ്ങിയവരുടെ അതിമോഹം ഫലപ്രാപ്തിയിലെത്തുന്നതിനുപകരം സ്വന്തം നാശത്തിൽ മാത്രമാണു് കലാശിച്ചതെന്നു ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. മതപീഡകരിൽ പലരുടേയും അന്ത്യം അത്യധികം ഭയാനകമായിരുന്നു.

നീറോ ചക്രവർത്തിയാണു് തിരുസഭയെ ആദ്യമായി ഞെരുക്കിയ മതവിദ്വേഷി. ഇയാളുടെ പീഡനംനിമിത്തം അനേകം വീരാത്മാക്കൾ മതത്തിനുവേണ്ടി മരണം വരിച്ചു. കേവലം ശൈശവദശയിൽ മാത്രം എത്തിയിരുന്ന സഭ അതോടുകൂടി ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുകയുമാണുണ്ടായതു്. നീറോയാകട്ടെ ഒടുവിൽ റോമാനഗരം വിട്ടു് ഒളിച്ചോടുവാൻ നിർബ്ബന്ധിതനായിത്തീരുകയും തന്നെ പിടിക്കുന്നതിനു അന്വേഷിച്ചോടിയെത്തിയവരിൽനിന്നു രക്ഷപ്പെടുവാൻ നിവ്വാഹമില്ലാതെ സ്വയം മാറിടത്തിൽ കുന്തംകൊണ്ടു കുത്തി ആത്മഹത്യചെയ്യുകയുമാണു് ചെയ്തതു്. ഡൊമിഷ്യൻ എന്ന മററൊരു പീഡകനെ സ്വന്തം ഭാൎയ്യയുടെ പ്രേരണയിന്മേൽ ചിലർകൂടി വിഷംകൊടുത്തു കൊല്ലുകതന്നെ ചെയ്തു. ഹഡ്റിയാൻ തൻെറ അന്ത്യകാലത്തു ഭയങ്കരമായ ഒരു രോഗത്തിനു വിധേയനായിത്തീന്നു. തന്നെ ആരെങ്കിലും വന്നു വധിച്ചെങ്കിൽ കൊള്ളാമായിരുന്നുവെന്നു് ഉള്ളിൽ തോന്നത്തക്ക വിധമുള്ള നിരാശ അയാളെ ബാധിച്ചു. ഒടുവിൽ അയാൾ മതിമറന്നു തിന്നും കുടിച്ചും ഒരു നായെപ്പോലെ മരണമടയുകയാണുണ്ടായതു്.

മാക്സ് ഔറേലിയൂസ് തൻെറ ചക്രവത്തിപദത്തെപ്പററി വെറുപ്പുതോന്നി ഒടുവിൽ ഭക്ഷണമൊന്നും കഴിക്കാതെ മരിച്ചുവത്രെ. സെപ്റ്റിമിയസ് സെവേരസിനെ അയാളുടെ മകൻ വധിക്കാനൊരുങ്ങി. അതു നിമിത്തമുണ്ടായ ദുഃഖം ആ ചക്രവർത്തിയെ മരണവക്ത്രത്തിലേക്കു ആനയിച്ചു. മാക്സിമിനസ് ത്രാക്സിനെ അയാളുടെ വാസസ്ഥലത്തുവെച്ചു് ഏതാനും ഭടന്മാർചേന്നു വധിക്കുകയാണുണ്ടായതു്. വലേരിയൻ ചക്രവത്തിയുടെ അന്ത്യം അത്യധികം ദയനീയ



ഇൻറർനൺഷ്യോ തിരുമേനി

മോസ്റ്റ് റവ. ഡോ. മാട്ടിൻ ലൂക്കാസ് എസ്. വി. ഡി.

മായിരുന്നു. പേർഷ്യയിലെ സാപ്പർ ചക്രവത്തി അയാളെ യുദ്ധത്തിൽ തോല്പിച്ചതിനുശേഷം ജീവനോടെ തോലുരിഞ്ഞു പിഢിപ്പിക്കുകയും രക്തം ഒഴുകിക്കൊണ്ടിരുന്ന ദേഹത്തു ഉപ്പുതേക്കുകയും ചെയ്തു. ഔറേലിയനെ അയാളുടെ പ്രൈവററു സെക്രട്ടറിതന്നെ വധിക്കുകയാണുണ്ടായതു്. കുപ്രസിദ്ധനായ ഡയൊക്ലീഷൻ ചക്രവത്തി ഭരണഭാരം ഒഴിഞ്ഞതിനുശേഷം സ്വന്തം കൊട്ടാരത്തിൽവച്ചു പട്ടിണികിടന്നു മരണമടഞ്ഞതായി ചരിത്രം പറയുന്നു. ഹെറോദേശ് രാജാവിനെപ്പോലെ ഗാലെരിയൂസ് രോഗബാധിതനായി കൃമികളുടെ കടിയേററു കഷ്ടപ്പെട്ടു മരിച്ചു. മരിക്കുന്നതിനു മുമ്പു് അയാൾ ദൈവത്തോടു പൊറുതി അപേക്ഷിക്കുകയുണ്ടായി. മാക്സിമിനിയൂസിൻെറ മരണവും അത്യധികം കഷ്ടപ്പെട്ട ഒന്നായിരുന്നു. മനസ്സാക്ഷിക്കടിയും കഠിനരോഗവും നിമിത്തം അയാൾ ഒടുവിൽ കാഴ്ചനഷ്ടപ്പെട്ട വെറും എല്ലും തോലും മാത്രമായി അവശേഷിക്കുകയാണുണ്ടായതു്.

തിരുസഭയെ തച്ചുടയ്ക്കുന്നതിനു ശ്രമിച്ച മററുപല വിരുതന്മാക്കും നേരിട്ട ദുൎയ്യോഗത്തെപ്പററിയും ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. ഒമ്പതാം ശതാബ്ദത്തിൽ അബ്ദുള്ള സുൽത്താൻ തൻെറ സാരസൻ സേനയേയും കൊണ്ടു കലാബ്രിയായിൽ ചെന്നിറങ്ങി. അയാൾ നേപ്പിൾസ്, കാപ്പുവാ, ബെനവൻറു് എന്നിവിടങ്ങളിലും അയൽപ്രദേശങ്ങളിലും കൊള്ളചെയ്തു വലുതായനാശംവരുത്തി. ദേവാലയങ്ങളും സന്യാസാലയങ്ങളുമാണു് അയാളുടെ ആക്രമണത്തിനു പ്രത്യേകം ലക്ഷ്യമായി തീന്നതു്. ക്രിസ്ത്യാനികൾക്കു് ഏററവും പൂജ്യമായിട്ടുള്ള തിരുവസ്തുക്കളെ അലങ്കോലപ്പെടുത്തുവാൻ സുൽത്താൻ ശ്രമിച്ചു. കാപ്പുവായിലെ ദേവാലയത്തെ അയാൾ തൻെറ സ്വകാൎയ്യവസതിയാക്കി രൂപാന്തരപ്പെടുത്തി. പ്രധാന അൾത്താരയിൽവച്ചു് ക്രൈസ്തവകന്യകകളെ മാനഭംഗപ്പെടുത്തിക്കൊണ്ടു ആ സ്ഥലത്തിൻെറ പരിശുദ്ധിയെ കെടുത്താൻ അയാൾ നിശ്ചയം ചെയ്തു. എന്നാൽ ആദ്യത്തെ ഉദ്യമത്തിൽത്തന്നെ അയാൾ മൃതിയടഞ്ഞു. മേൽത്തട്ടിൽനിന്നു ഭാരമുള്ള ഒരു വലിയ പലക സുൽത്താൻെറ മേലെവീണു. അതോടെ ആ നിഷ്ഠുരൻ പരലോകപ്രാപ്തനായി. എന്നാൽ അയാൾ ബലാൽക്കാരമായി അങ്ങോട്ടു് ആനയിച്ചിരുന്ന യുവതി അത്ഭുതകരമായി രക്ഷപ്പെടുകയാണുണ്ടായതു്.

ജീവിതകാലം മുഴുവൻ ക്രിസ്തുമതത്തെ വെറുത്തധിക്ഷേപിച്ചുകൊണ്ടിരുന്ന ഒരാളാണു് വോൾട്ടയർ. എന്നാൽ മരണസമയം ആസന്നമായപ്പോൾ അയാൾക്കു പെട്ടെന്നു മാനസികമായ ഒരു പരിവത്തനം വന്നു. ഒരു വൈദികനോടു കുമ്പസാരിച്ചു പാപങ്ങൾക്കു പൊറുതി നേടണമെന്നു് അയാൾ അഭിലഷിച്ചു. എന്നാൽ നിരീശ്വരരായ സ്നേഹിതന്മാർ അയാളുടെ അന്ത്യാപേക്ഷയെ നിരസിക്കുകയാണുണ്ടായതു്. സ്വയം ശപിച്ചുകൊണ്ടു വോൾട്ടയർ മൃതിയടയുകയും ചെയ്തു.

ദൈവികവും മനുഷ്യനിൎമ്മിത

ചോദ്യോത്തരപംക്തി

# "ക. സഭയ്ക്കുപുറമെ രക്ഷയുണ്ടോ?"

**ചോ:** (1) ചങ്ങനാശേരി രൂപതാദ്ധ്യക്ഷനവർകളുടെ അനുമതിയോടുകൂടി മാന്നാനം സെൻറ് ജോസഫ് പ്രസ്സിൽ അച്ചടിച്ചിട്ടുള്ള "ശുദ്ധീകരാത്മാക്കളുടെ വണക്കമാസ"പ്പുസ്തകം പത്താം തീയതിയിലെ ധ്യാനത്തിൽ കാണുന്ന ഒരു വാചകമാണു ഞാൻ ഇവിടെ ഉദ്ധരിക്കുന്നതു്. "ഇതു കൂടാതെ ഇടത്തുട്ടുകാർ, കാവ്യർ, മുഹമ്മദീയർ ആദിയായവരും രക്ഷപ്രാപിക്കയില്ലെന്നു പറഞ്ഞുകൂടാ. എന്തെന്നാൽ, അവരിലും മനസ്സാക്ഷിക്കൊത്തവിധത്തിലും തങ്ങൾ അനുസരിച്ചിരിക്കുന്ന മതം സത്യമെന്നുള്ള ബോധത്തോടും ജീവിക്കുകയും ചെയ്തുപോയ പാപങ്ങളെക്കുറിച്ചു മനസ്തപപ്പെട്ടു മരിക്കുകയും ചെയ്യുന്നവർ ഉണ്ടാകാതിരിക്കുകയില്ല. ഇവരും ഏറക്കുറെ ശുദ്ധീകരസ്ഥലത്തിൽ കിടക്കേണ്ടിവരുമെന്നുവേണം വിശ്വസിക്കുവാൻ." (2) ദൈവം നൽകിയിരിക്കുന്ന സ്വാഭാവികപ്രകാശത്തിനനുസരിച്ചു, തങ്ങളുടെ മതം സത്യമാണെന്നുള്ള ബോധത്തോടുകൂടി ജീവിക്കുന്ന അകത്തോലിക്കർ അവരുടെ ആയുഷ്കാലത്തിൽ സത്യവേദം ഏതെന്നു് അറിയുവാൻ ദൈവം ഇടവരുത്തുമെന്നും അപ്പോൾ അവർ ആ മതം സ്വീകരിച്ചു രക്ഷപ്രാപിക്കുവാൻ കഴിയുമെന്നും കത്തോലിക്കാ മതശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഒരു അഭിപ്രായം ഉള്ളതായി ഞാൻ അറിഞ്ഞിട്ടുണ്ടു്. എന്നാൽ ഇവിടെ ഉദ്ധരിച്ച വാചകത്തിലെ ആശയം അതിനെക്കാൾ ഒരുപടി മുമ്പോട്ടു പോകുന്നുണ്ടല്ലോ. കത്തോലിക്കസഭയ്ക്കു പുറമെ രക്ഷയില്ല എന്ന ആശയത്തെ ശിഥിലീകരിക്കുന്നതാണല്ലോ ഈ വാചകത്തിലെ ആശയം. (3) "മതം ഏതായാലും കൊള്ളാം. മനുഷ്യൻ നന്നായാൽ മതി" എന്ന ശ്രീ നാരായണൻെറ അഭിപ്രായത്തെയും "ഒരു സ്ഥലത്തെത്തുന്നതിനു പല വഴികൾ ഉള്ളതുപോലെ മോക്ഷരാജ്യത്തിൽ ചെന്നെത്തുന്നതിനുള്ള പല മാർഗ്ഗങ്ങളാണു മതങ്ങൾ" എന്നുള്ള മററുചിലരുടെ അഭിപ്രായത്തെയും പിന്താങ്ങുന്നതാണല്ലോ മേൽ ഉദ്ധരിച്ച വാചകത്തിലെ ആശയം. കത്തോലിക്കസഭയ്ക്കു പുറമെ രക്ഷയില്ലെന്നു വിശ്വസിക്കുന്ന അസ്മാദൃശന്മാരായ പല കത്തോലിക്കരുടെയും വിശ്വാസത്തിനു ഈ വാചകത്തിലെ ആശയം ഇളക്കംവരുത്തുന്നു. അതുകൊണ്ടു് ഈ വാചകത്തിനു് ഒരു വിശദീകരണം ആവശ്യമായി വന്നിരിക്കുന്നു. അതു "സത്യദീപം" മുഖേന നൽകുവാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ഇതു് ആവശ്യപ്പെടുന്നതു വാദപ്രതിവാദമനഃസ്ഥിതിയോടുകൂടിയല്ല. എൻെറ സംശയം തീർക്കുന്നതിനു മാത്രമാണു്. അതുകൊണ്ടു് എന്നെ തെററിദ്ധരിക്കരുതെന്നു പ്രത്യേകം അപേക്ഷയുണ്ടു്. ഞാൻ എഴുപതു വയസ്സു കഴിഞ്ഞു കുഴിയിലേക്കു കാലുംനീട്ടിയിരിക്കുന്ന ഒരു വയോവൃദ്ധനാണു്. (അക്കങ്ങൾ ഞങ്ങൾ ചേർത്തിട്ടുള്ളതാണു്)

**ഉ:** ഈ വിഷയം നേരത്തെ ഞങ്ങൾ ഈ പംക്തിയിൽ ചർച്ചചെയ്തിട്ടുള്ളതാണു്. (സത്യദീപം 21-ാം പുസ്തകം, 35-ാം ലക്കം.) നിത്യരക്ഷയ്ക്കു് ആഗ്രഹത്താലെയെങ്കിലുമുള്ള ജ്ഞാനസ്നാനം മതിയെന്നു് അവിടെ ഞങ്ങൾ വിശദമാക്കീട്ടുണ്ടു്. അതിൽനിന്നും ഏതാനും വാചകങ്ങൾ ഉദ്ധരിക്കാം:—

ക്രിസ്തുവിനെപ്പററി ശരിയായി അറിയാതിരിക്കുകയും അറിയാതിരിക്കുന്നതു് സ്വന്തമായ യാതൊരു കുററവുംകൊണ്ടല്ലാതിരിക്കുകയും എന്നാൽ അറിയുന്നപക്ഷം ക്രിസ്തുവിൽ വിശ്വസിക്കുവാനും അവിടുത്തെ ഹിതം അനുഷ്ഠിക്കുവാനുമുള്ള സന്നദ്ധത ഉണ്ടായിരിക്കുകയും, തൻെറ അറിവിൽപ്പെട്ട കർത്തവ്യങ്ങളെല്ലാം അനുഷ്ഠിക്കുകയും, പാപങ്ങളെപ്പററി അനുതപിക്കുകയും ചെയ്യുന്ന മനുഷ്യൻ ആഗ്രഹത്താലെയുള്ള മാമ്മോദീസ സ്വീകരിക്കുന്നു. ത്രിദന്തീനോസു സൂനഹദോസ് പഠിപ്പിക്കുന്നതു "മാമ്മോദീസയോ അതിനുള്ള ആഗ്രഹമോ കൂടാതെ യാതൊരുവനും ഉത്ഭവപാപത്തിൽനിന്നും ദൈവവരപ്രസാദത്തിലേക്കു് ആനയിക്കപ്പെടുകയില്ല" എന്നാണു്. മേൽ വിവരിച്ചവണ്ണം ഈ ആഗ്രഹം പരോക്ഷമായ ആഗ്രഹമായിരുന്നാലും മതി. ആകയാൽ വി. തോമസ് അക്വിനാസ് "ഒരുവൻ തൻെറ പരമാന്ത്യമായ ദൈവത്തിൻെറ പക്കലേക്കു തിരിഞ്ഞു സ്വജീവിതത്തെ ക്രമപ്പെടുത്തുമ്പോൾ വരപ്രസാദമാർഗ്ഗേണ ഉത്ഭവപാപത്തിൽനിന്നു മോചനം പ്രാപിക്കുന്നു" എന്നു പഠിപ്പിക്കുന്നു. (തുടർന്നു 9-ാം പീയൂസു മാർപ്പാപ്പയുടെ രണ്ടു പ്രസ്താവനകളും ഞങ്ങൾ ഉദ്ധരിച്ചിരുന്നു).

ആഗ്രഹത്താലെയെങ്കിലുമുള്ള ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ വരപ്രസാദം പ്രാപിച്ചുകൊണ്ടു് സഭയുടെ അദൃശ്യാംഗമായി ഭവിക്കുന്നതിനാൽ, "സഭയ്ക്കു പുറമെ രക്ഷയില്ല" എന്ന തത്വത്തിനു് അതു വിഘാതമാകുന്നില്ല. അങ്ങനെ രക്ഷപ്രാപിക്കുന്നവർ "സഭയ്ക്കു പുറമെ" അല്ല; "അകമെ" ആണു്. അവർ സഭയുടെ ദൃശ്യാംഗങ്ങളായി എണ്ണപ്പെടുന്നില്ല എന്നേയുള്ളു.

ജ്ഞാനസ്നാനം സ്വീകരിപ്പാനുള്ള ആഗ്രഹം രണ്ടുതരത്തിലാകാമെന്നും മുകളിൽ സൂചിപ്പിച്ചിട്ടുണ്ടു്. (1) പ്രത്യക്ഷമായ (Explicit) ആഗ്രഹം. (2) പരോക്ഷമായ (Implicit) ആഗ്രഹം. ജ്ഞാനസ്നാനം സ്വീകരിക്കുവാൻ അഭിലഷിച്ചുകൊണ്ടു് അതിനു ഒരുങ്ങിവരുന്നയാൾ, അതു സ്വീകരിക്കുന്നതിനുമുമ്പു പെട്ടെന്നു മരിച്ചുപോകുന്നതിനിടവരുന്നപക്ഷം അയാൾ രക്ഷപ്രാപിക്കുന്നതാണു്. അയാൾക്കു പാപങ്ങളെപ്പററി "അടിമമനസ്താപ"മെങ്കിലും ഉണ്ടായിരിക്കണമെന്നുമാത്രം. അയാളുടെ ആഗ്രഹം ഒന്നാമത്തെ ഇനത്തിൽപെടുന്നു. മറെറാരാളുടെ കാര്യം എടുക്കുക. അയാൾ ക്രിസ്തുമതത്തെപ്പററി കേട്ടിട്ടുപോലുമില്ല; കേട്ടിട്ടുണ്ടായിരുന്നാൽത്തന്നെ ക്രിസ്തുമതമാണു് ഏകസത്യമതമെന്നു് അയാൾക്കു ബോദ്ധ്യം വന്നിട്ടില്ല. ഈ ബോദ്ധ്യം ഉണ്ടാകാത്തതു് അയാളുടെ കുററംകൊണ്ടാകരുതു്. ഉദാഹരണമായി, കത്തോലിക്കാമതമാണു ഏകരക്ഷാമാർഗ്ഗമെന്നു് പറഞ്ഞുകേട്ടിട്ടു് അതേപ്പററി മനഃപൂർവ്വം അന്വേഷിക്കാതിരിക്കുന്നതുകൊണ്ടാകരുതു്. മേല്പറഞ്ഞ വ്യക്തി സ്വമനസ്സാക്ഷിക്കൊത്തവണ്ണം ജീവിക്കുന്നു; ദൈവത്തിൻെറ നേരെയുള്ള സർവ്വോപരിയായ സ്നേഹം പ്രകാശിപ്പിക്കുന്നു. തെററുകൾ പററിപ്പോയാൽ ആ സ്നേഹത്തെ ആധാരമാക്കി മനസ്തപിക്കുകയും ചെയ്യുന്നു. അയാൾ പ്രത്യക്ഷത്തിൽ ജ്ഞാനസ്നാനത്തെപ്പററി ചിന്തിക്കുന്നില്ലെങ്കിലും, ദൈവം കല്പിക്കുന്നതു മുഴുവൻ അനുസരിക്കാനുള്ള സന്നദ്ധത അയാൾക്കുണ്ടു്. ആകയാൽ ജ്ഞാനസ്നാനം നിത്യരക്ഷയ്ക്കു് അത്യാവശ്യമാണു എന്നു മനസ്സിലാകാൻ ഇടവന്നാൽ അയാളതു സ്വീകരിക്കുമെന്നതുതീർച്ചയാണു്. അങ്ങനെ അയാൾക്കു ജ്ഞാനസ്നാനം സ്വീകരിക്കുവാനുള്ള പരോക്ഷമായ ആഗ്രഹം ഉണ്ടു്. ഈ ആഗ്രഹം ദൈവസ്നേഹപ്രകരണത്തിലും ഉത്തമമനസ്താപപ്രകരണത്തിലും അന്തർലീനമായിരിക്കുന്നു. മാത്രമല്ല, ദൈവസ്നേഹപ്രകരണത്തിൽ ഉത്തമമനസ്താപവും. ഉത്തമമനസ്താപപ്രകരണത്തിൽ ദൈവസ്നേഹവും പരോക്ഷമായിട്ടെങ്കിലും അടങ്ങിയിരിപ്പുണ്ടു്. ആകയാൽ രണ്ടിൽ ഏതെങ്കിലുമൊരുപ്രകാരത്തിൽ ദൈവത്തിൻെറ നേർക്കുതിരിയുന്നവൻ രക്ഷപ്രാപിക്കുന്നതാണു്. ഈ മാർഗ്ഗത്തിൽക്കൂടി, ഹിന്ദുക്കൾ, മഹമ്മദീയർ തുടങ്ങി പലരും രക്ഷപ്രാപിക്കാനുള്ള സാദ്ധ്യതയുണ്ടു്. പക്ഷെ മേല്പറഞ്ഞ വ്യവസ്ഥകളെല്ലാം നിറവേറുക അത്ര എളുപ്പമല്ലാത്തതിനാൽ അവർ രക്ഷപ്രാപിക്കുക വളരെ പ്രയാസമാണു് എന്നു പറയുന്നതിലും തെററില്ല. കാരണം, ഏകരക്ഷാമാർഗ്ഗമെന്നു് അവകാശപ്പെടുന്ന കത്തോലിക്കാസഭയെപ്പററി അന്വേഷിക്കാനെങ്കിലും ഇന്നത്തെ സാഹചര്യങ്ങളിൽ അവർക്കു കടമയുണ്ടു്.

അകത്തോലിക്കാ ക്രിസ്ത്യാനികളെപ്പററിയും ഏറെക്കുറെ ഇതുതന്നെ പറയാവുന്നതാണു്. അവരിൽ മിക്കവരും ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ടായിരിക്കും. അതുകൊണ്ടു് മാത്രമായില്ല. രക്ഷപ്രാപിക്കുന്നതിനു് ക്രിസ്തു സ്ഥാപിച്ച സാക്ഷാൽ സഭയുടെ—കത്തോലിക്കാസഭയുടെ—അംഗമായിരിക്കണമെന്നുള്ളതും ദൈവകല്പനയാണു്. എന്നാൽ അവർക്കു് ഇതേപ്പററി ബോധമില്ലെന്നും ആ ബോധം ഉളവാകാത്തതു് അവരുടെ കുററംകൊണ്ടല്ലെന്നും സങ്കല്പിക്കുക. അവർ മനസ്സാക്ഷിപ്രകാരം ജീവിക്കുന്നു, പാപം ചെയ്താൽ ദൈവസ്നേഹപ്രകരണം ചൊല്ലുകയോ ഉത്തമമനസ്താപപ്പെടുകയോ ചെയ്യുന്നു. അവർ മേല്പറഞ്ഞവണ്ണം പരോക്ഷമായ ആഗ്രഹത്താൽ സഭയുടെ അംഗങ്ങളായി ഭവിക്കുന്നതിനാൽ രക്ഷപ്രാപിക്കുന്നതാണു്. സഭയുടെ ദൃശ്യാംഗങ്ങളായി ഭവിക്കാതിരിക്കുന്നതു യഥാർത്ഥത്തിൽ അവരുടെ യാതൊരു കുററവും കൊണ്ടായിരിക്കരുതു്.

മേൽപ്പറഞ്ഞതിൽനിന്നു് "സഭയ്ക്കുപുറമെ രക്ഷയില്ല" എന്നതു അസന്ദിഗ്ദ്ധമായ ഒരു സിദ്ധാന്തമാണെന്നും പ്രത്യക്ഷത്തിൽ കത്തോലിക്കാ സഭയുടെ അംഗങ്ങളായി എണ്ണപ്പെടാത്ത ചിലർ രക്ഷപ്രാപിക്കുന്നതു് ഏതെങ്കിലും പ്രകാരത്തിൽ സഭയുടെ അംഗങ്ങളായി ഭവിക്കുന്നതുകൊണ്ടാണെന്നും വ്യക്തമാണു്. ഇതിൻെറ വെളിച്ചത്തിൽ, ചോദ്യത്തിലെ 1-ാം അക്കത്തിലെ ആശയത്തിൽ യാതൊരു പിശകുമില്ല. 2-ാം അക്കത്തിൽ ഉദ്ധരിച്ചിരിക്കുന്ന അഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ള വേദശാസ്ത്രജ്ഞന്മാരും ഉണ്ടായിരുന്നിരിക്കാം. എന്നാൽ അതിനെക്കാൾ "ഒരു പടി മുന്നോട്ടുപോകുന്ന" 1-ാം അക്കത്തിലെ ആശയമാണു കുറച്ചുകൂടി ശരിയായിട്ടുള്ളതും വേദശാസ്ത്രജ്ഞന്മാരിൽ അധികപങ്കും സ്വീകരിച്ചിട്ടുള്ളതും. അതു "സഭയ്ക്കു പുറമെ രക്ഷയില്ല" എന്ന സിദ്ധാന്തത്തെ ശിഥിലീകരിക്കുന്നില്ല. 3-ാം അക്കത്തിൽ ഉദ്ധരിച്ചിരിക്കുന്ന അഭിപ്രായങ്ങളും 1-ാം അക്കത്തിലെ ആശയവും വ്യത്യസ്തങ്ങളാണു്. പരിപൂർണ്ണമത നിഷ്പക്ഷതയാണു 3-ാം അക്കത്തിലെ അഭിപ്രായങ്ങളുടെ അടിയിൽ കിടക്കുന്നതു്. അവയെ ഞങ്ങൾ നേരത്തെ വിമർശിച്ചിട്ടുള്ളതാണു് (സ. ദീ. പു. 23, ല. 26, പേജ് 12 നോക്കുക) ദൈവം നമ്മുടെ സ്രഷ്ടാവും നാഥനും യജമാനനുമാകയാൽ, അവിടുന്നു ആജ്ഞാപിച്ചിട്ടുള്ള വിധത്തിൽ നാമങ്ങയെ ആരാധിക്കണം. എങ്കിൽമാത്രമേ നാം രക്ഷപ്രാപിക്കയുള്ളു. പരസ്പരവിരുദ്ധങ്ങളായ തത്വങ്ങൾ പഠിപ്പിക്കുന്ന മതങ്ങളെല്ലാം ഒരുപോലെ ഈശ്വരനെ പ്രസാദിപ്പിക്കുന്നവയാണെന്നും രക്ഷാമാർഗ്ഗങ്ങളാണെന്നുമുള്ള സിദ്ധാന്തം യുക്തിവിരുദ്ധമാണു്. ഈ സിദ്ധാന്തത്തെ 1-ാം അക്കത്തിലെ ആശയം പിന്താങ്ങുന്നില്ല. ആകയാൽ 1-ാം അക്കത്തിലെ ആശയം കത്തോലിക്കരുടെമതവിശ്വാസത്തിനു് ഇളക്കം വരുത്തേണ്ടതില്ല. ചോദ്യകാരൻെറ സത്യാന്വേഷണമനഃസ്ഥിതി പ്രശംസനീയമായിരിക്കുന്നു.

"സഭയ്ക്കു പുറമെ രക്ഷയില്ല" എന്ന പ്രസ്താവം ഏതർത്ഥത്തിൽ മനസ്സിലാക്കണമെന്നതു സംബന്ധിച്ചു തിരുസിംഹാസനത്തിൻെറ ഒരൗദ്യോഗികരേഖ ഈയിടെ പ്രസിദ്ധീകൃതമായിട്ടുണ്ടു്. അതു ഈ വിശദീകരണത്തെ സ്ഥിരീകരിക്കുന്ന ഒന്നാണു്. സ്ഥലച്ചുരുക്കത്താൽ അതു അടുത്ത ലക്കത്തിലേക്കു മാററിവച്ചിരിക്കുന്നു.

---

വുമായ നിയമങ്ങളെ തൃണവൽഗണിച്ചിരുന്ന ഒരു പ്രതാപശാലിയായിരുന്നു നെപ്പോളിയൻ. അയാൾ മാർപ്പാപ്പയെ തടവിലിട്ടു വസ്തുവകകൾ കണ്ടുകെട്ടുകയും മെത്രാന്മാരേയും വൈദികരേയും അവരുടെ സ്ഥാനങ്ങളിൽനിന്നു ഭ്രഷ്ടരാക്കുകയും ചെയ്തു. സ്വർഗ്ഗം ദൈവത്തിൻേറതും ഭൂമി തൻേറതുമാണെന്നാണു് ആ ചക്രവർത്തി ഉൽഘോഷിച്ചിരുന്നതു്. എന്നാൽ വാട്ടർലൂ യുദ്ധത്തിൽ പരാജിതനായ നെപ്പോളിയൻ ആത്മഹത്യക്കൊരുങ്ങി. ഒടുവിൽ സെൻറ് ഹെലീനാദ്വീപിൽ രാജ്യഭ്രഷ്ടനായി ജീവിതമവസാനിപ്പിക്കുകയാണുണ്ടായതു്.

നിരവധി ക്രിസ്ത്യാനികളെ വധശിക്ഷയ്ക്കു വിധിച്ച റോബെസ്പിയർ ഒടുവിൽ സ്വയം വധിക്കപ്പെട്ടു. കുപ്രസിദ്ധ ക്രിസ്തുമതവിദ്വേഷിയായിരുന്ന ആനറേറാൾ ഫ്റാൻസ് എന്ന ഗ്രന്ഥകാരൻ അത്യന്തം നിരാശാഭരിതനായി മരിക്കുകയാണുണ്ടായതു്. ലെനിൻെറ അന്ത്യവും വിലപനീയമായിരുന്നു. ഒരു ഭ്രാന്തനെപ്പോലെ എന്തൊക്കെയോ ബോധമില്ലാതെ പറഞ്ഞുകൊണ്ടാണു് ആ മതവിദ്വേഷി മരിച്ചതു്. ഈ അടുത്ത കാലത്തു് നാസിമേധാവി ഹിററ്ലർ എത്ര ദയനീയമായ വിധത്തിലാണു് ജീവിതമവസാനിപ്പിച്ചതെന്നു നമുക്കറിയാമല്ലോ. സ്റ്റാലിൻെറ മരണത്തെപ്പററിയും പല വാർത്തകളും പ്രചരിച്ചുവരുന്നുണ്ടു്.

മതത്തെ പീഢിപ്പിച്ചവരെല്ലാവരും ഈ ലോകത്തിൽവച്ചുതന്നെ ശിക്ഷിക്കപ്പെട്ടുവെന്നു പറയാവതല്ല. പലരും ലോകദൃഷ്ട്യാ ശിക്ഷയേൽക്കാതെ കടന്നുപോയിട്ടുണ്ടു്. എങ്കിലും ദൈവത്തിൻെറ ന്യായവിധിയിൽനിന്നു രക്ഷപെടാൻ ആർക്കും സാദ്ധ്യമല്ല. മതത്തിനുവേണ്ടി ഈ ലോകത്തിൽവച്ചു പീഢനം സഹിക്കുന്നവർക്കു ദൈവം നിത്യസമ്മാനവും പീഢകർക്കു നിത്യശിക്ഷയും നൽകാതിരിക്കുകയില്ല.

---

വേദശാസ്ത്രപംക്തി

# തിരുപ്പട്ടം

പാരമ്പര്യോപദേശം

തിരുപ്പട്ടം മിശിഹായാൽ സ്ഥാപിതമായ ഒരു കൂദാശയാണെന്നുള്ളതിനു സഭയുടെ പാരമ്പര്യവും സാക്ഷ്യംവഹിക്കുന്നുണ്ടു്. കത്തോലിക്കാസഭയിൽനിന്നും പിരിഞ്ഞുപോയ ഗ്രീക്കുശീശ്മക്കാരും യാക്കോബായക്കാരും നെസ്തോറിയൻകാരും ഈ വിഷയത്തിൽ ഭിന്നാഭിപ്രായക്കാരല്ല. തിരുസ്സഭയിൽ പുരാതനകാലംമുതൽ നിലവിലിരുന്നിട്ടുള്ള കർമ്മാനുഷ്ഠാനവിധികളിലെ പ്രാർത്ഥനകളും പട്ടം ഒരു കൂദാശയാണെന്നു സൂചിപ്പിക്കുന്നുണ്ടു്. കാരണം, പുരോഹിതപദവി സ്വീകരിക്കുന്നതോടൊപ്പം, തൽസംബന്ധമായ ചുമതലകൾ യഥാവിധി നിർവ്വഹിക്കുവാനുള്ള വരപ്രസാദവും ലഭിക്കുന്നുവെന്നു അവയിൽ പറഞ്ഞിരിക്കുന്നു. ഉദാഹരണമായി 4-ാം നൂററാണ്ടിലെ ഒരു രേഖയിൽ (Euchologium Serapionis, 26 & f) നാം ഇപ്രകാരം വായിക്കുന്നു: "സർവ്വശക്തനായ നാഥാ, അങ്ങേ മിശിഹാവഴിപരിശുദ്ധാരൂപിയുടെ സഹാനുഭോഗം പ്രദാനം ചെയ്യേണമെ. അങ്ങനെ, അങ്ങയുടെ നിശ്ചയമനുസരിച്ചു് പാപം മോചിക്കാനുള്ള അധികാരവും, അങ്ങയുടെ ആജ്ഞയനുസരിച്ചു് പട്ടങ്ങൾ കൊടുക്കുവാനുള്ള അധികാരവും, അങ്ങു് ശ്ലീഹന്മാർക്കു നൽകിയ ശക്തിയനുസരിച്ചു് എല്ലാ കടങ്ങളേയും ഇല്ലാതാക്കുവാനുള്ള അധികാരവും അയാൾക്കു കൈവരട്ടെ." "പരിശുദ്ധാരൂപിയുടെ സഹാനുഭോഗം" പ്രസാദവരപ്രാപ്തിയെ പ്രദ്യോതിപ്പിക്കുന്നു. അതോടൊപ്പമാണു മററധികാരങ്ങളും ശക്തിവിശേഷങ്ങളും കൈവരുന്നതു്.

സഭാപിതാക്കന്മാരുടെ ലിഖിതങ്ങളിലുള്ള സാക്ഷ്യങ്ങൾ കൂടുതൽ സ്പഷ്ടമത്രെ. ഉദാഹരണമായി നിസ്സായിലെ വി. ഗ്രിഗോരിയോസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "വചനത്തിൻെറ ആ ശക്തിതന്നെ പുരോഹിതനെ ഉന്നതനും ബഹുമാന്യനും ആക്കുന്നു. നവമായ അഭിഷേകം വഴി അദ്ദേഹം ജനക്കൂട്ടത്തിൽനിന്നു പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്നു. ഇന്നലേയും അതിനുമുമ്പും ബഹുജനങ്ങളിൽ ഒരുവനായിരുന്നവൻ, ഇതാ പെട്ടെന്നു് ഒരു സേനാനിയും ഒരു മേലുദ്യോഗസ്ഥനും ഒരു ധർമ്മോപദേഷ്ടാവും നിഗൂഢമായ ദൈവികരഹസ്യങ്ങളെ കൈകാര്യം ചെയ്യുന്നവനും ആയിത്തീരുന്നു...... അദ്ദേഹത്തിൻെറ ബാഹ്യരൂപത്തിൽ യാതൊരു വ്യത്യാസവും വരുന്നില്ലെങ്കിലും, അദ്ദേഹത്തിൻെറ അദൃശ്യമായ ആത്മാവിൽ, ദൃഷ്ടികൾക്കു ഗോചരമല്ലാത്ത ഒരു ശക്തിയാലും വരപ്രസാദത്താലും, അദ്ദേഹം കുറെക്കൂടി ഉന്നതമായ ഒരു സത്തയായി രൂപാന്തരീകരിക്കപ്പെടുന്നു."

പൗരോഹിത്യത്തെപ്പററിയുള്ള തൻെറ ഗ്രന്ഥത്തിൽ വി. യോഹന്നാൻ ക്രിസോസ്തോമോസ് എഴുതിയിരിക്കുന്നതും ശ്രദ്ധേയമാണു്: "പൗരോഹിത്യത്തിൻെറ ഉദ്യോഗം ഭൂമിയിൽ നിർവഹിക്കപ്പെടുന്നു, എന്നാലതു സ്വർഗ്ഗീയകാര്യങ്ങളോടു തുലനം ചെയ്യാവുന്ന ഒന്നാണു്. അതിനു

വിമർശനവീഥി

# "സ്റ്റാലിന്റെ മരണം

## ലോകത്തിനു നഷ്ടമോ നേട്ടമോ?"

ഒരിടവകയിലെ കാത്തലിക് ബാലസമാജത്തിന്റെ ജനറൽ അസംബ്ലിയിൽ "സ്റ്റാലിന്റെ മരണം ലോകത്തിനു നഷ്ടമോ നേട്ടമോ" എന്ന വിഷയത്തെ അധികരിച്ചു ഒരു വാദപ്രതിവാദം നടന്നു എന്നും, നഷ്ടമാണെന്നു വാദിച്ചു് ചിലരും നേട്ടമാണെന്നു വാദിച്ചു വേറെ ചിലരും പ്രസംഗിച്ചുവെന്നും, വോട്ടെടുത്തതിൽ 13 വോട്ടിനെതിരായി 17 വോട്ടുകൊണ്ടു സ്റ്റാലിന്റെ മരണം ലോകത്തിനു നേട്ടമാണെന്നു സ്ഥാപിച്ചുവെന്നും ഒരു പത്രത്തിൽ ഈയിടെ റിപ്പോർട്ടു കാണുകയുണ്ടായി. ഇത്തരം വാദപ്രതിവാദങ്ങൾ പ്രയോജനകരങ്ങളോ ഉപദ്രവകരങ്ങളോ എന്ന ചോദ്യമാണു് ഈ റിപ്പോർട്ടുവായിച്ചപ്പോൾ ഞങ്ങളുടെ മനസ്സിൽ ആദ്യമായി അങ്കുരിച്ചതു്. ഏതു വിഷയത്തിന്റേയും ഗുണദോഷങ്ങളും സത്യാസത്യങ്ങളും വെളിപ്പെടണമെന്നുള്ളതായിരിക്കണം അതിനെപ്പററിയുള്ള വാദപ്രതിവാദങ്ങളുടെ ഉദ്ദേശ്യം. ആ ഉദ്ദേശ്യം സഫലമാകുവാൻ ഒന്നാമതായി വേണ്ടതു്, വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നവരും ശ്രോതാക്കളായി സന്നിഹിതരായിരിക്കുന്നവരും തുറന്ന മനസ്സുള്ളവരായിരിക്കണമെന്നുള്ളതാണു്. ഭിന്നവശങ്ങളോടുകൂടിയതായിരിക്കുമല്ലോ വാദപ്രതിവാദവിഷയം. അവയിൽ ഒരുവശത്തെ അനുകൂലിച്ചു് ഒരു ഭാഗക്കാരും, മറുവശത്തെ അനുകൂലിച്ചു മറുഭാഗക്കാരും വാദം നടത്തുന്നു. ഒരു വശത്തിനു് അനുകൂലമായി വാദിക്കുന്നവർ ആ വശമാണു ശരിയും സത്യവുമെന്നു മുൻകൂട്ടിവിധിക്കുകയും അതിനെതിരായി മറുവശത്തുനിന്നു് പുറപ്പെടുവിക്കുന്ന വാദങ്ങളുടെനേരെ തീരെ കണ്ണടയ്ക്കുകയും ചെയ്യുന്നതു് തുറന്ന മനസ്സിന്റെ ലക്ഷണമല്ല. അങ്ങനെചെയ്താൽ വിവാദവിഷയത്തിന്റെ ഗുണദോഷങ്ങളോ സത്യാസത്യങ്ങളോ വെളിപ്പെടണമെന്നുള്ള ഉദ്ദേശം വിഫലമാകുകയേയുള്ളൂ.


എന്നാൽ ഇങ്ങനെയുള്ള വാദപ്രതിവാദങ്ങളിൽ ഈ തുറന്ന മനസ്സു സാമാന്യമായി കാണാറില്ല ശരിയും സത്യവും വെളിപ്പെടണമെന്നതിനെക്കാൾ അവനവൻ പിടിച്ചിരിക്കുന്നവശം ഏതു വിധേനയും സ്ഥാപിക്കണമെന്നുള്ള നിർബന്ധബുദ്ധിയാണു് വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നവരിലും അവരുടെ അനുഭാവികളിലും പ്രായേണ കാണാറുള്ളതു്. തലയെണ്ണി ശരിയും സത്യവും നിർണ്ണയിക്കുകയെന്ന അബദ്ധമായ സമ്പ്രദായത്തിനു് വശപ്പെട്ടു്, വാദപ്രതിവാദം നടക്കുന്നതിനു മുൻപുതന്നെ അവരവരുടെ വശത്തേക്കു് അനുകൂലമായി വോട്ടു പിടിക്കുവാൻപോലും ഓരോ ഭാഗക്കാരും സന്നദ്ധരാകുന്നു. ഇതിന്റെയെല്ലാം ഫലമായി ശരിയും സത്യവും, തെററും അസത്യവുമായും തെററും അസത്യവും, ശരിയും സത്യവുമായും യോഗത്തിൽ പ്രകാശിപ്പിക്കപ്പെടുകയും സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. ഈ പരിണാമത്താൽ വാദപ്രതിവാദങ്ങൾ അവയിൽ പങ്കെടുക്കുന്നവർക്കും സന്നിഹിതരാകുന്നവർക്കും പ്രയോജനകരമല്ലെന്നു മാത്രമല്ല, ഏററവും ഉപദ്രവകരങ്ങളായി ഭവിക്കുകയുമാണു ചെയ്യുന്നതു്. ഈ അപകടം ഒഴിച്ചുവയ്ക്കാനുള്ള മാർഗ്ഗമെന്തു്?

വാദപ്രതിവാദങ്ങൾക്കിടയിൽ പ്രകാശിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങളിലും ആശയങ്ങളിലും അബദ്ധങ്ങളേതു് സുബദ്ധങ്ങളേതു് എന്നു കണ്ടുപിടിക്കുവാനും അബദ്ധങ്ങളായവയെ തിരുത്തിക്കൊടുക്കുവാനും പാടവും പ്രാപ്തിയുമുള്ള ആരെങ്കിലും യോഗത്തിലുണ്ടായിരിക്കണം. വാദപ്രതിവാദത്തിനു തിരഞ്ഞെടുക്കുന്ന വിഷയം കത്തോലിക്കാ വിശ്വാസത്തേയും കത്തോലിക്കാ സന്മാർഗ്ഗത്തേയും കത്തോലിക്കാ മതാനുഷ്ഠാനങ്ങളേയും കത്തോലിക്കാ ചരിത്രത്തേയും മററും സാരമായി സ്പർശിക്കുന്നതായാൽ പ്രത്യേകിച്ചും, അങ്ങനെയുള്ള ആളുടെ സാന്നിദ്ധ്യവും സഹകരണവും സഹായവും അത്യന്താപേക്ഷിതമാകുന്നു. കത്തോലിക്കാസമാജങ്ങളുടെ യോഗങ്ങളിൽപ്പോലും നടക്കുന്ന വാദപ്രതിവാദങ്ങളിൽ ഇങ്ങനെയുള്ള ആൾക്കു് സ്ഥാനം നൽകുന്നുണ്ടോയെന്നു് ഞങ്ങൾക്കറിഞ്ഞുകൂടാ. സാമാന്യേന ആ സമാജത്തിന്റെ അംഗങ്ങളിൽ ഒരാൾ സ്പീക്കർ എന്നും മററുമുള്ള നാമത്തിൽ വാദപ്രതിവാദങ്ങൾ നിയന്ത്രിക്കുവാൻ ഉണ്ടായിരിക്കും. വാദപ്രതിവാദങ്ങളിൽ പ്രകാശിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങളുടേയും ആശയങ്ങളുടേയും ഗുണദോഷങ്ങളും സത്യാസത്യങ്ങളും ചൂണ്ടിക്കാണിക്കുവാനുള്ള ചുമതല അയാൾക്കില്ല. അതിനുവേണ്ട അറിവും പ്രാപ്തിയും ഉള്ളവനായിരിക്കും അയാൾ എന്നു് സാമാന്യേന വിചാരിച്ചുംകൂടാ.

പത്രത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ടതായി മുകളിൽ സൂചിപ്പിച്ച വാദപ്രതിവാദം ഇപ്പറഞ്ഞ രീതിയിൽ നടത്തപ്പെട്ടതാണെന്നാണു് ഞങ്ങളുടെ ഊഹം. ആ യോഗത്തിൽ സ്റ്റാലിൻ ലോകത്തിനു ഗുണമാണു ചെയ്തിട്ടുള്ളതെന്നു് ഒരുകൂട്ടരും, ദോഷമാണു ചെയ്തിട്ടുള്ളതെന്നു മറുകൂട്ടരും വാദിച്ചിരിക്കണം. അതിന്റെ ഫലമായി സ്റ്റാലിന്റെ മരണം ലോകത്തിനു നഷ്ടമാണെന്ന അനുമാനത്തിലേക്കു് ആദ്യത്തെ കൂട്ടരും, ലോകത്തിനു നേട്ടമാണെന്ന അനുമാനത്തിലേക്കു് രണ്ടാമത്തെ കൂട്ടരും ശ്രോതാക്കളെ ആനയിപ്പിച്ചു. അതനുസരിച്ചു് ശ്രോതാക്കൾ ഭിന്നാഭിപ്രായക്കാരായിത്തീർന്നു. അവരിൽ ഒരു ഭാഗം സ്റ്റാലിന്റെ മരണം ലോകത്തിനു നഷ്ടമാണെന്നും, വേറൊരു ഭാഗം ലോകത്തിനു നേട്ടമാണെന്നും വോട്ടുകൾ നൽകി വിധി പ്രസ്താവിച്ചു. സംഗതിവശാൽ സ്റ്റാലിന്റെ മരണം ലോകത്തിനു നേട്ടമാണെന്ന അഭിപ്രായത്തിനു് 4 വോട്ടു് കൂടുതൽ കിട്ടി. അങ്ങനെ ആ അഭിപ്രായമാണു് ശരിയെന്നു് സ്ഥാപിക്കപ്പെട്ടു. സ്റ്റാലിന്റെ മരണം ലോകത്തിനു് നഷ്ടമാണെന്ന അഭിപ്രായത്തിനു് കൂടുതൽ വോട്ടു് കിട്ടിയിരുന്നെങ്കിൽ ആ അഭിപ്രായമാണു് ശരിയെന്നു് സ്ഥാപിക്കപ്പെടുമായിരുന്നു. ഏതായാലും ആകെ വോട്ടുചെയ്ത 30 പേരിൽ 13 പേരുടെ അഭിപ്രായത്തിൽ സ്റ്റാലിന്റെ മരണം ലോകത്തിനു് നഷ്ടമാണെന്നു് വെളിപ്പെട്ടു. ഈ വാദപ്രതിവാദത്തിന്റെ പരിണാമം ഇങ്ങനെയായതു് സംഗതിയുടെ യഥാർത്ഥസ്ഥിതി ശരിക്കു് അറിയാവുന്നവനും അതു ശ്രോതാക്കളെയെല്ലാം പറഞ്ഞു മനസ്സിലാക്കുവാൻ പ്രാപ്തിയുള്ളവനുമായ ഒരാളുടെ സാന്നിദ്ധ്യവും സഹകരണവും സഹായവും ഇല്ലാതെ പോയതാണെന്നുള്ളതിനു് വല്ല സംശയവുമുണ്ടോ?

### സ്റ്റാലിന്റെ ഭരണം

സ്റ്റാലിന്റെ മരണം ലോകത്തിനു് നഷ്ടമോ നേട്ടമോ എന്നു ശരിക്കു നിർണ്ണയിക്കണമെങ്കിൽ അദ്ദേഹത്തിന്റെ ഭരണം ലോകത്തിനു് യഥാർത്ഥത്തിൽ ഗുണകരമായിരുന്നോ ദോഷകരമായിരുന്നോ എന്നു് ശരിക്കു് അറിയേണ്ടിയിരിക്കുന്നു. വ്യക്തികളുടേയും കുടുംബങ്ങളുടേയും സമുദായങ്ങളുടേയും രാഷ്ട്രങ്ങളുടേയും ജന്മസിദ്ധങ്ങളായ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഭരണമാണു് സാക്ഷാൽ ലോകത്തിനു് ഗുണകരം; നേരെമറിച്ചു് അവയെ നിഷേധിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ഭരണം ലോകത്തിനു ദോഷകരമാകുന്നു. സ്റ്റാലിൻ നിർമ്മിച്ചതും തന്മൂലം അദ്ദേഹത്തിന്റെ നാമം വഹിക്കുന്നതുമായ സോവ്യററുഷ്യയിലെ ഭരണഘടന ഒരാവർത്തി വായിച്ചാൽ കാണാം, അദ്ദേഹത്തിന്റെ ഭരണം പ്രസ്തുതാവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും നിഷേധിക്കുന്നതും നശിപ്പിക്കുന്നതുമാണെന്നു്.



പറവൂർ വടക്കേക്കര തുരുത്തിപ്പുറം പള്ളിയുടെ പുതിയ കപ്പേള

### മതസ്വാതന്ത്ര്യം

മനുഷ്യന്റെ ഏററവും വലിയ അവകാശവും സ്വാതന്ത്ര്യവും മതം സംബന്ധിച്ചുള്ളതാണു്. തന്റെ മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ചു് ഏതു മതവും വിശ്വസിക്കുവാനും അനുസരിക്കുവാനും പ്രചരിപ്പിക്കുവാനും, നിയമസമാധാനങ്ങൾക്കു വിധേയമായി, ഏതു മനുഷ്യനും അവകാശവും സ്വാതന്ത്ര്യവുമുണ്ടു്. സോവ്യററുഷ്യയിൽ സ്റ്റാലിന്റെ ഭരണത്തിൽ ഈ സ്വാതന്ത്ര്യം യഥാർത്ഥത്തിൽ നിഷേധിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തുപോന്നു. നിരീശ്വരത്വവും നിർമ്മതത്വവും ആ രാജ്യത്തു് പ്രചരിപ്പിക്കുവാനും ശക്തിപ്പെടുത്താനും രാഷ്ട്രത്തിന്റെ സകല പിൻതുണയോടുംകൂടി സകല ഏർപ്പാടുകളും ചെയ്തിരുന്നു. ഇടക്കാലത്തു് അവിടെ ഓർത്തഡോക്സ് മതസഭയ്ക്കു് ജീവിക്കാനും പ്രവർത്തിക്കാനും ചില സ്വാതന്ത്ര്യങ്ങൾ അനുവദിച്ചെങ്കിൽ അതു് യഥാർത്ഥമായ മതസ്വാതന്ത്ര്യമല്ലെന്നു സ്പഷ്ടമാണു്. കാരണം, ആ മതസഭ സ്റ്റാലിന്റെ ഭരണാധികാരം ആ രാജ്യത്തു് നിലനിർത്തുവാനും ശക്തിപ്പെടുത്തുവാനും സഹായിക്കുന്ന ഒരു ഉപകരണം മാത്രമാകുന്നു. പാത്രിയർക്കമാർ, മെത്രാന്മാർ, വൈദികർ, വിശ്വാസികൾ എന്നിവരോടു് ഭയങ്കരമായ പീഡനനടപടികളാണു് സ്റ്റാലിന്റെ ഭരണത്തിൽ സോവ്യററുഷ്യയിൽ സ്വീകരിച്ചുപോന്നിരുന്നതു്. വത്തിക്കാന്റെ ആഭിമുഖ്യത്തിലുള്ള ഔദ്യോഗികമായ സ്ഥിതിവിവരക്കണക്കുതന്നെ ഈ വസ്തുത തെളിയിക്കുന്നുണ്ടു്. കത്തോലിക്കർക്കെന്നല്ല നിഷ്പക്ഷബുദ്ധികളായ ആർക്കും ആ തെളിവു് സ്വീകരിക്കാതിരിക്കുവാൻ സാദ്ധ്യമല്ല. സോവ്യററുഷ്യയിൽ മാത്രമല്ല ബലപ്രയോഗത്താലും ഭീഷണിയാലും തന്ത്രങ്ങളാലും അതിന്റെ പിടിയിൽ അമർത്തിവച്ചിരിക്കുന്നതും സ്റ്റാലിൻ ചക്രവർത്തിയുടെ സാമ്രാജ്യത്തിൽ ഉൾപ്പെട്ടതപ്പെട്ടതുമായ യൂറോപ്പിലേയും ഏഷ്യയിലേയും മററു രാജ്യങ്ങളിലും ഈ മതമർദ്ദനം ഭയങ്കരമായി നടത്തപ്പെട്ടു. അതിന്റെയെല്ലാം ഉത്തരവാദിത്വം സ്റ്റാലിൻതന്നെയാണു് വഹിക്കേണ്ടിയിരിക്കുന്നതു്.

### രാഷ്ട്രീയസ്വാതന്ത്ര്യം

രണ്ടാമതായി മനുഷ്യനുള്ള അവകാശവും സ്വാതന്ത്ര്യവും രാഷ്ട്രീയമാണു്. തന്നെ ആർ ഭരിക്കണമെന്നും എങ്ങനെ ഭരിക്കണമെന്നും മററും നിശ്ചയിക്കുവാൻ പ്രായപൂർത്തിവന്ന ഓരോ മനുഷ്യവ്യക്തിക്കും ജന്മസിദ്ധമായ അവകാശവും സ്വാതന്ത്ര്യവും ഉണ്ടെന്നു് ഇന്നു സർവ്വസമ്മതമാണു്. സ്റ്റാലിന്റെ കീഴിലിരുന്ന സോവ്യററുഷ്യയിലും അതിന്റെ പിടിയിലമർന്ന മററു രാഷ്ട്രങ്ങളിലും നടക്കുന്ന ഭരണസമ്പ്രദായത്തെ പീപ്പിൾസ് ഡെമോക്രസി (ജനകീയഭരണം) എന്നു വിളിക്കുന്നതുകൊണ്ടുതന്നെ അവർ ഈ വസ്തുത സമ്മതിക്കുന്നുണ്ടെന്നു തെളിയുന്നു. എന്നാൽ പേരിലല്ലാതെ യഥാർത്ഥത്തിൽ സ്റ്റാലിന്റെ ഭരണം ഈ അവകാശവും സ്വാതന്ത്ര്യവും പൗരന്മാർക്കു് അനുവദിച്ചുകൊടുത്തിട്ടുണ്ടോ? അവിടെയെല്ലാം ഒരേ ഒരു പാർട്ടിമാത്രമാണു് ഭരിക്കുന്നതു. മററു യാതൊരു പാർട്ടിക്കും അവിടെ സ്ഥാനമില്ല: സ്ഥാനം ലഭിക്കുവാനുള്ള സാദ്ധ്യതയുമില്ല. ആ ഏകപാർട്ടി നടത്തുന്ന തിരഞ്ഞെടുപ്പിലും പൗരന്മാർക്കു യഥാർത്ഥമായ അവകാശവും സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടിരിക്കുന്നു. തിരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതു് കമ്മ്യൂ: പാർട്ടി അധികാരികളാണു്. ആ സ്ഥാനാർത്ഥികളുടെ ഒരു ലിസ്റ്റടങ്ങിയ ബാലട്ടുകടലാസു് വോട്ടർമാർക്കു കൊടുക്കുന്നു. ആ ലിസ്റ്റിൽപ്പെട്ടവർക്കു് വോട്ടുചെയ്യാനോ ചെയ്യാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം മാത്രമേ വോട്ടർമാർക്കുള്ളൂ. ലിസ്റ്റിൽ പെടാത്ത മററു യാതൊരു സ്ഥാനാർത്ഥിക്കും വോട്ടുചെയ്യാനുള്ള സ്വാതന്ത്ര്യം അവർക്കില്ല. ഇങ്ങനെയുള്ള വോട്ടിംഗു് സാക്ഷാൽ സ്വാതന്ത്ര്യമല്ലല്ലോ. തന്മൂലം സോ

തക്കതായ ന്യായവുമുണ്ടു്. എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യനോ, ഒരു ദൈവദൂതനോ, ഒരു മുഖ്യദൈവദൂതനോ, മറേറതെങ്കിലും സൃഷ്ടിയോ അല്ല, പ്രത്യുത പാരക്ലേത്താ (പരിശുദ്ധാത്മാവു്) തന്നെയാണു് അതിന്റെ പ്രണേതാവു്. മാംസരക്തങ്ങളോടുകൂടിയ ഒരു മനുഷ്യൻ നിർമ്മലവും അനുഗൃഹീതവുമായ (മാലാഖമാരുടെ) ആ സ്വഭാവത്തെ സമീപിക്കുവാൻ ശക്തനാകുക എന്നതു് എത്ര മഹത്തരമാണെന്നു് ആലോചിക്കുകയാണെങ്കിൽ, റൂഹാദക്കുദശായുടെ വരപ്രസാദം എത്ര ഉന്നതമായ ഒരു സ്ഥാനത്തേക്കാണു് പുരോഹിതരെ ഉയർത്തിയിരിക്കുന്നതെന്നു നിങ്ങൾക്കു മനസ്സിലാകും."

ഇടത്തുട്ടുകാർ നൽകുന്ന ജ്ഞാനസ്നാനം സാധുവായിരിക്കുന്നതുപോലെ, പട്ടവും സാധുവാണെന്നു് വി. ഈറാനിമ്മോസ് പ്രസ്താവിക്കുന്നു. ജ്ഞാനസ്നാനംപോലെ, പട്ടവും ഒരു കൂദാശയാണെന്നാണു് അദ്ദേഹത്തിന്റെ ബോദ്ധ്യമെന്നു അതിൽനിന്നു വ്യക്തമത്രെ. ആഫ്റിക്കായിലെ സഭയിൽ, വിശ്വാസം പരിത്യജിച്ചവർ സഭയിലേക്കു തിരികെ വരുകയാണെങ്കിൽ അവരെ വീണ്ടും സ്നാനപ്പെടുത്തണമോ എന്നൊരു തർക്കമുണ്ടായി. അതിനു ആഗസ്തീനോസ് "വേണ്ട" എന്നു മറുപടിനൽകി. അതിനുള്ള ന്യായം ജ്ഞാനസ്നാനത്തിലെ ആത്മീയമുദ്ര നഷ്ടപ്പെടുന്നില്ല എന്നത്രെ. ആ അവസരത്തിൽ അദ്ദേഹം പട്ടത്തെപ്പററി പ്രതിപാദിക്കാനും ഇടവന്നു. പട്ടവും ഒരാത്മീയമുദ്ര പതിക്കുന്നതിനാൽ ഒരിക്കൽ സ്വീകരിച്ചാൽ നഷ്ടപ്പെടുകയില്ലെന്നു് അദ്ദേഹം വ്യക്തമാക്കി. അതിൽനിന്നു ജ്ഞാനസ്നാനംപോലെ പട്ടവും മിശിഹായാൽ സ്ഥാപിതവുമായ ഒരു കൂദാശയാണു പട്ടമെന്നു നമുക്കനുമാനിക്കാം. അദ്ദേഹം എഴുതിയിരിക്കുന്നതു് നോക്കുക: "രണ്ടും കൂദാശകളാണു്. ഓരോ പ്രത്യേകാഭിഷേകംവഴി രണ്ടും നൽകപ്പെടുന്നു. ഒന്നു്, ഒരാൾ സ്നാനം സ്വീകരിക്കുമ്പോൾ, മറേറതു പുരോഹിതപദം സ്വീകരിക്കുമ്പോൾ. ആകയാൽ കത്തോലിക്കാസഭയിൽ ഇവ രണ്ടും ആവർത്തിക്കാൻ പാടുള്ളതല്ല."

തിരുപ്പട്ടം ഒരു കൂദാശയാണെന്നതിനെപ്പററി കത്തോലിക്കർക്കു യാതൊരു സംശയവുമില്ല. എന്നാൽ അങ്ങനെയൊരു കൂദാശയില്ലെന്നും ക്രിസ്ത്യാനികളുടെ ഇടയിൽ അങ്ങനെയൊരു സ്ഥിതിവ്യത്യാസമില്ലെന്നും വാദിക്കുന്ന പ്രോട്ടസ്റ്റൻറു സഭാവിഭാഗക്കാരുണ്ടു്. അതുകൊണ്ടാണു വേദപുസ്തകത്തിൽനിന്നും സഭയുടെ പാരമ്പര്യോപദേശത്തിൽനിന്നും ഇതൊരു കൂദാശയാണെന്നു തെളിയിക്കുവാൻ ഉദ്യമിച്ചതു്.

വ്യാറുറഷ്യയിലും അതിൻെറ പിടിയിലമന്നിരിക്കുന്ന രാഷ്ട്രങ്ങളിലും സാക്ഷാൽ ജനായത്തഭരണവും ജനായത്തപരമായ തിരഞ്ഞെടുപ്പുമാണ് നടക്കുന്നതെന്നു പറയുന്നതിൽ യാഥാർത്ഥ്യത്തിൻെറ കണികപോലുമില്ല. മാത്രമല്ല അവിടങ്ങളിലെ ഭരണത്തെപ്പററി വിമർശിക്കുവാനോ എതിരഭിപ്രായം പുറപ്പെടുവിക്കുവാനോ ആർക്കും സ്വാതന്ത്ര്യമില്ല. അതിനു തുനിയുന്നവർ രാജ്യദ്രോഹികളായി കുററം ചുമത്തപ്പെടുകയും മരണംവരെയുള്ള ഭയങ്കരശിക്ഷകൾ അനുഭവിക്കേണ്ടിവരികയും ചെയ്യും. സ്റ്റാലിൻ നടത്തിയിട്ടുള്ള രക്തപങ്കിലമായ ശുദ്ധിപ്രസ്ഥാനങ്ങൾ കുപ്രസിദ്ധങ്ങളാണല്ലോ ലെനിൻെറ സഹചരന്മാരായിനിന്നു് ബോൾഷെവിക് വിപ്ലവത്തിൽ പ്രധാന പങ്കുകൾ വഹിച്ച എത്രയോ നേതാക്കന്മാരെ, തൻെറ അഭിപ്രായങ്ങൾക്കു് എതിരായി നിന്നവരാണെന്ന കാരണത്താൽ, സ്റ്റാലിൻ ശുദ്ധിപ്രസ്ഥാനം വഴിയായി നാമാവശേഷമാക്കി. അപ്രകാരംതന്നെ ചെമ്പടയിലെ എത്ര വളരെ ജനറൽമാരെയും പ്രമുഖോദ്യോഗസ്ഥന്മാരെയും സ്റ്റാലിൻ ഇതേപ്രകാരം ഭൂമുഖത്തുനിന്നു നിർമ്മാർജ്ജനംചെയ്തു. ഈ ശുദ്ധിപ്രസ്ഥാനങ്ങൾ സ്റ്റാലിൻെറ നേരിട്ടുള്ള ഭരണത്തിനു കീഴ്പ്പെട്ട സോവ്യററുറഷ്യയിൽ മാത്രമല്ല, അദ്ദേഹത്തിൻെറ പരോക്ഷമായ ഭരണത്തിനു കീഴ്പ്പെട്ട മററു കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളിലും നടത്തപ്പെട്ടിട്ടുണ്ട്. സോവ്യററുറഷ്യയിൽ ഭരണംനടത്താൻ മന്ത്രിസഭയുണ്ടെങ്കിലും സകല മന്ത്രിമാരും പ്രധാനമന്ത്രിയായ സ്റ്റാലിൻെറ ഇംഗിതങ്ങൾക്കു് വിധേയരായിട്ടാണു് കഴിഞ്ഞുകൂടിയിരുന്നതു്. പാർലമെൻറിലും മന്ത്രിസഭയിലും നടക്കുന്ന ചർച്ചകളെല്ലാം സ്റ്റാലിൻെറ ഹിതാഹിതങ്ങൾക്കു അനുസൃതങ്ങളായിരുന്നേ കഴിയുമായിരുന്നുള്ളു. അത്രയ്ക്കു് കടുത്ത സ്വേച്ഛാധിപതിയായിരുന്നു സ്റ്റാലിൻ. സോവ്യററുറഷ്യയിലേയും അതിൻെറ ഉപഗ്രഹങ്ങളായ രാജ്യങ്ങളിലേയും പൗരന്മാരുടെ രാഷ്ട്രീയമായ അടിമത്തത്തിനു് നേരിട്ടും പരോക്ഷമായും ഉത്തരവാദി സ്റ്റാലിൻ തന്നെയായിരുന്നു.

### സാമ്പത്തികസ്വാതന്ത്ര്യം

മററുള്ളവരുടേയും ന്യായമായ അവകാശങ്ങൾക്കു് ഭംഗം വരുത്താതെ ഏതു ജോലിചെയ്തും അതിൽനിന്നുള്ള ആദായമെടുത്തും ജീവിക്കുവാനുള്ള അവകാശവും സ്വാതന്ത്ര്യവും ഏതു വ്യക്തിക്കും ജന്മസിദ്ധമാകുന്നു. എന്നാൽ സ്റ്റാലിൻെറ ഭരണത്തിൽ ഈ അവകാശവും സ്വാതന്ത്ര്യവും പൗരന്മാർക്കു നിഷേധിക്കപ്പെട്ടു. അദ്ദേഹം സകല സാമ്പത്തികജീവിതമാർഗ്ഗങ്ങളും രാഷ്ട്രത്തിൻെറ ഉടമയിലും നടത്തിപ്പിലും ആക്കിവച്ചു. സകല വ്യവസായങ്ങളും സകല കൃഷിയും രാഷ്ട്രമാകുന്ന ഏകമുതലാളിയുടേയും ഏകജന്മിയുടേയും വകയായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ നിർബന്ധം. ഫാക്ടറികളിലും ഫാമുകളിലും ജോലിചെയ്യുന്നവരെല്ലാം ആ ഏകമുതലാളിയുടേയും ജന്മിയുടേയും കീഴിലുള്ള വേലക്കാർ മാത്രമായിരുന്നു. കുലാക്കുകളെന്ന വൻകിട കൃഷിക്കാരുടെ നിലങ്ങളെല്ലാം രാഷ്ട്രം പിടിച്ചെടുത്തു് അവിടെ കൂട്ടുകൃഷികൾ നടത്തണമെന്നുള്ള നിർബന്ധം സ്റ്റാലിൻ തുടങ്ങിയപ്പോൾ അവർ എതിർത്തുനിന്നു. അവരെയെല്ലാം ലക്ഷക്കണക്കിനു് സൈബീരിയായിലേക്കും മററു വനപ്രദേശങ്ങളിലേക്കും സ്റ്റാലിൻ നാടുകടത്തി. റഷ്യയെ വ്യവസായീകരിച്ചു് ഒരു വൻകിടശക്തിയാക്കിത്തീർക്കുവാനുള്ള നിർദ്ദയമായ പരിശ്രമങ്ങളിൽ കോടി കോടി ജനങ്ങളെ പട്ടിണിയിട്ടു കൊല്ലുവാൻ സ്റ്റാലിനു യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല. പഞ്ചവത്സരപദ്ധതികളുടെ വിജയത്തിനുവേണ്ടി റഷ്യൻ പൗരന്മാരെക്കൊണ്ടു് കന്നുകാലികളെപ്പോലെയാണു് അദ്ദേഹം ജോലിചെയ്യിച്ചതു്. റഷ്യയിൽ നിർബന്ധവേലചെയ്യിക്കപ്പെടുന്നവരുടെ സംഖ്യ കോടിക്കണക്കിനാണെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു? ഇങ്ങനെയെല്ലാം ചെയ്തിട്ടും ആ രാജ്യത്തിലെ പൗരന്മാരുടെ ജീവിതത്തോതു് പാശ്ചാത്യരാജ്യങ്ങളിലേതിൽനിന്നു എത്രയോ താഴ്ന്നിരിക്കുന്നു!

തൊഴിലാളിസംഘടനകളുടെ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കുംവേണ്ടി കമ്മ്യൂണിസ്റ്റുകാർ പ്രജായത്തരാജ്യങ്ങളിൽ നിരന്തരം വാദങ്ങൾ മുഴക്കിക്കൊണ്ടിരിക്കുകയാണല്ലോ. എന്നാൽ സ്റ്റാലിൻെറ ഭരണത്തിൽ തൊഴിലാളിസംഘടനകൾക്കു് സ്വതന്ത്രമായ യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. അവിടെ ട്രെയിഡ്യൂണിയനുകൾ രാഷ്ട്രത്തിൻെറ ഉപകരണങ്ങളിൽ ഒന്നുമാത്രമായിരുന്നു. പഞ്ചവത്സരപദ്ധതികളുടെ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുവാനുള്ള ഏജൻസികൾമാത്രമായിരുന്നു അവ. തന്മൂലം ആ സംഘടനകൾ വഴിയായി തൊഴിലാളികൾക്കു് യാതൊരു നേട്ടമാകട്ടെ സമാശ്വാസമാകട്ടെ ലഭിക്കുവാൻ നിവൃത്തിയില്ലായിരുന്നു. അങ്ങനെ സ്റ്റാലിൻെറ ഏററവും കടുത്ത സ്വേച്ഛാധിപത്യം. സാമ്പത്തികരംഗങ്ങളിലും നിർദ്ദയം പ്രയോഗിക്കപ്പെട്ടു. (തുടരും)

—

## വിട്ടുപകർങ്ങൾ

(ശിവറാം)


പപ്പു പാർവ്വത്യകാരദ്ദേഹത്തെ ആ നാട്ടിലെ എല്ലാവരും അറിയും. കരം പിരിക്കാനും നെല്ലളപ്പിക്കാനും ഒക്കെ പല പ്രാവശ്യം അദ്ദേഹം ആ ഗ്രാമവാസികളെ സമീപിച്ചിട്ടുണ്ടു്. അവർക്കെല്ലാം അദ്ദേഹത്തെ വലിയ കാര്യമായിരുന്നു. പല വീടുകൾ കയറി ഇറങ്ങി വീട്ടിലേക്കു തിരിക്കുമ്പോൾ ഒരു ചെറിയ ചുമടു് കാഴ്ചകിട്ടിയ സാധനങ്ങൾ അദ്ദേഹത്തിൻെറ കൂട്ടത്തിലെന്നുമുണ്ടായിരിക്കും. കുറെ കായോ രണ്ടു വെള്ളരിക്കായോ ഏട്ടുപത്തു പാവക്കായോ രണ്ടുനാലു നാളികേരമോ ഒരു ചക്കതന്നെയോ അദ്ദേഹം തനിയെ ചുമന്നു വീട്ടിലേക്കു കൊണ്ടു വന്നിട്ടുണ്ട്.

വിഷുവിൻെറ തലേദിവസം അദ്ദേഹം പതിവുപോലെ ജോലികഴിഞ്ഞു സ്വന്തം വീട്ടിലേക്കു് മടങ്ങി. സുഹൃത്തുക്കൾ പലരും അദ്ദേഹത്തിനന്നു് മനസ്സറിഞ്ഞു പല സാധനങ്ങളും സംഭാവന ചെയ്തിരുന്നു. കുറെ പച്ചക്കറികളും പലവ്യഞ്ജനസാധനങ്ങളും പിന്നെ കുട്ടികൾക്കു് വിഷുക്കൈനീട്ടം കൊടുക്കാനുള്ള നാണയങ്ങളും അദ്ദേഹത്തിൻെറ കൈയിലുണ്ടായിരുന്നു. അന്നു വൈകുന്നേരം നല്ലൊരു മഴ പെയ്തു. സന്ധ്യമയങ്ങിയപ്പോഴേക്കും കുററാക്കുററിരുട്ടു എല്ലാടവും വ്യാപിച്ചിരുന്നു. കൈയിലും തോളിലും നിറയെ സാധനങ്ങളും വഹിച്ചുകൊണ്ടു് പാർവ്വത്യകാരദ്ദേഹം ആ സമയത്താണു് വീട്ടിലേക്കുള്ള ഇടവഴി തിരിഞ്ഞു കടമ്പയ്ക്കലെത്തിയതു്. പകലത്തെ പരിചയമുള്ള കുത്തുകല്ലുകളാണദ്ദേഹത്തിനു കയറേണ്ടിയിരുന്നതു്. ഇരുട്ടിൽ കാലുപൊക്കി എടുത്തുവച്ചതു കുത്തുകല്ലിലേക്കു കയറി. കല്ലിൻെറ വക്കിൽ മാത്രം കഷ്ടിച്ചെത്തിയകാൽ അദ്ദേഹത്തിൻെറ ശരീരത്തിൻെറയും സാമാനങ്ങളുടെയും ഭാരം താങ്ങാൻ കൂട്ടാക്കിയില്ല. കാൽ തെന്നി. മുട്ടിനുതാഴെയുള്ള എല്ലു് കൽപ്പടിയുടെ വക്കിൽ ആഞ്ഞൊരടി. "ഹയ്യോ" എന്നൊരു വിളി. കൈയിലിരുന്ന സാമാനങ്ങളെല്ലാം താഴെ കെട്ടഴിഞ്ഞു വീണു. മടിയിൽനിന്നു് നാണയങ്ങളെല്ലാം തെറിച്ചുപോയി. "കമലമ്മേ!" എന്നുറക്കെ വാത്സല്യനിധിയായ ആ അച്ഛൻ മകളെ വിളിച്ചു. അമ്മയും മകളും വിളക്കുമായി പടിക്കലോടിയെത്തി. കാലിൽക്കൂടി ചോര ഒഴുകുന്നുണ്ടായിരുന്നു. മർമ്മസ്ഥാനത്തേററ പരുക്കു് അസാധാരണ വേദനയുണ്ടാക്കി. അമ്മയും മകളും കൂടി അച്ഛനേയും സാമാനങ്ങളും പൊക്കിയെടുത്തു വീട്ടിലാക്കി. ഉപ്പേരിവറുത്ത കുറെ എണ്ണയെടുത്തു ഔഷധപ്രയോഗവും നടത്തി. രാത്രിമുഴുവൻ വേദനയെടുത്തു പാർവത്യകാരദ്ദേഹം നിലവിളിയായിരുന്നു. ഒററപ്പോള കണ്ണടയ്ക്കുകയുണ്ടായില്ല. അച്ഛനു അവിചാരിതമായി പററിയ അപകടം ഈയാണ്ടത്തെ വിഷുവാഘോഷം ആ കുടുംബത്തിലവതാളത്തിലാക്കി. കണികെട്ടും കൈനീട്ടവും വിഷുസ്സദ്യയുമൊന്നും ഈയാണ്ടാ വീട്ടിൽ ഉണ്ടായില്ല.

കാലു പഴുത്തു. വേദന കൂടി. കിണ്ണത്തിൽ കുഴമ്പുകൂട്ടി ഇന്നും കാലിൽ ഇട്ടുകൊണ്ടു് അദ്ദേഹം തിണ്ണയിൽ ഇരിക്കയാണു്. അദ്ദേഹത്തിനു് ഭയങ്കരവേദനയുണ്ടു്. സാവധാനത്തിൽ നിരങ്ങിയാണു് അടുക്കളയിലേക്കും കുളിപ്പുരയിലേക്കുമൊക്കെ പോകുന്നതു്.

അവനവനുണ്ടാകുന്ന അപകടങ്ങൾക്കുത്തരവാദികൾ അവനവൻ തന്നെയാണെന്നു കാമ്മിക്കണം. ഇരുട്ടിൽ വിളക്കുപയോഗിക്കണം. ഭാഗ്യപരീക്ഷണവും, "എനിക്കൊന്നും പററുകയില്ല" എന്ന അതിരുകടന്ന വിശ്വാസവും നമ്മെ എപ്പോഴും സുരക്ഷിതരാക്കിയെന്നു വരികയില്ല.

അങ്ങുന്നിനായാലും ഒരു സാധുവിനായാലും വേദന ഒരുപോലെയാണു്. ആർക്കും അതനുഭവിച്ചുകൊണ്ടിരിക്കുക സുഖമുള്ള കാര്യമല്ല. അതിനാൽ വേദനകൾക്കു് നമ്മുടെ വീട്ടിൽ പ്രവേശനം കൊടുക്കാതിരിക്കാൻ എല്ലാവരും മനസ്സിരുത്തേണ്ടതാണു്.



കുഴമ്പുകൂട്ടി കാലിലിട്ടുകൊണ്ടു് അദ്ദേഹം തിണ്ണയിൽ ഇരിക്കയാണ്


## സുപ്രസിദ്ധങ്ങളും

നീർവീഴ്ച, ക്ഷയം, ഏങ്ങൽ മുതലായ രോഗങ്ങളിൽ ഏററവും ഫലപ്രദങ്ങളുമായ 3 സിദ്ധൗഷധങ്ങൾ

### നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം

കൂടുതൽ വിവരങ്ങൾ

### അറിയേണ്ടും കാര്യങ്ങൾ

എന്ന പുസ്തകത്തിൽ.

പേജ് 500 — വില 2—0—0

ടി. ഔഷധങ്ങളും പുസ്തകവും ഏതെല്ലാം സ്ഥലങ്ങളിൽ കിട്ടും, എന്നുംമററുമുള്ള വിശദവിവരങ്ങൾക്കു് എഴുതുക:

**കാളൻ, നെല്ലായി**


## വിനോദവീഥി




ഡോക്ടർ: "ഈ വലിയക്ഷരം വായിക്കാൻ സാധിക്കുമോ?"

രോഗി: "ഇല്ല."

ഡോ: "എങ്കിൽ നിങ്ങളുടെ കണ്ണോട്ടം കാണാൻ വയ്യെന്നു പറ."

രോഗി: "ഇല്ലസാർ, ഞാൻ മലയാളം രണ്ടാംക്ലാസ്സുവരെയേ പഠിച്ചിട്ടുള്ളു."

* * *




പോലീസ്: "സമയം രണ്ടുമണിയായല്ലോടോ. താനിതുവരെ ഉറങ്ങിയില്ലേ?"

കള്ളൻ: "ഈ സമയത്തൊന്നും ഉറങ്ങിപ്പതിവില്ലേമാനേ."

* * *

കുഞ്ഞൻമേസ്തിരി പെട്ടെന്നു മരിച്ചുപോയ വിവരം ഒരാൾ ചെന്നു അയാളുടെ വൃദ്ധയായ ഭാര്യയെ അറിയിക്കുന്നസമയം അവർ തയിർ കലക്കിക്കൊണ്ടിരിക്കുകയായിരുന്നു. വിവരം കേട്ടിട്ടും അവർ കുലുക്കംകൂടാതെ ജോലി തുടരുന്നതുകണ്ടപ്പോൾ ദൂതൻ അല്പമൊന്നു പകച്ചുകൊണ്ടു പറഞ്ഞു: "നിങ്ങളുടെ ഭർത്താവു് മരിച്ചുപോയെന്നാണു് ഞാൻ പറഞ്ഞതു്; കേട്ടില്ലേ?"

"കേട്ടെടോ, കേട്ടു!" വൃദ്ധ അസഹ്യതയോടെ മറുപടി പറഞ്ഞു: "ഞാനീ തയിരൊന്നു കലക്കിക്കഴിയട്ടെ: ഒരു സ്ത്രീ ബോധംകെട്ടുവീഴുന്നതു് എങ്ങനെയെന്നു അപ്പോൾ തനിക്കു കാണാം."

* * *

വിധവയോടു് അനുശോചനം പ്രകടിപ്പിക്കാനായി ചെന്ന അയൽക്കാരൻ: "ജോൺ ഇത്ര ചെറുപ്പത്തിലേ മരിച്ചു മോക്ഷത്തിൽ പോയല്ലോ എന്നോർക്കുമ്പോൾ എനിക്കു വലിയ കുണ്ഠിതമാണു്. ഞങ്ങൾ ഉററ സ്നേഹിതന്മാരായിരുന്നു. ഇനി കാണാൻ സാധിക്കയില്ലല്ലോ എന്നോർക്കുമ്പോഴാണു് എനിക്കേററം ദുഃഖം."

"യാതൊരു ജോലിയും ചെയ്യാതെ ഭക്ഷിക്കാൻ മാത്രമായി ദൈവം ഒരു കൂട്ടരെ സൃഷ്ടിച്ചിരുന്നുവെങ്കിൽ അവിടുന്നു അവർക്കു കരങ്ങൾ നൽകുമായിരുന്നില്ല. അതുപോലെതന്നെ യാതൊരു ഭക്ഷണവും കൂടാതെ ജോലിമാത്രം ചെയ്യാൻ ദൈവം ഒരു കൂട്ടരെ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർക്കു് വാ നൽകുമായിരുന്നില്ല; കരങ്ങൾമാത്രം മതിയാകുമായിരുന്നു".

—ഏബ്രഹാം ലിങ്കൺ.

### ഫിലിപ്പൈൻ കർഷകൻെറ പുതിയ കണ്ടുപിടുത്തം

മനീലായിലെ ഒരു നെൽകൃഷിക്കാരനായ ഗൊൺസാലോ മൊണ്ടെമായോർ എന്നയാൾ നെൽകൃഷിക്കു പ്രയോജനകരമായ ഒരു പുതിയ വളം കണ്ടുപിടിച്ചിരിക്കുന്നു. നെല്ലിൻെറ ഉമി കരിച്ചതും മണ്ണും കൂട്ടിച്ചേർത്തിട്ടാണു ഈ വളം സജ്ജീകരിക്കുന്നതു്. ഈ വളം പാടത്തു വിതറിക്കഴിഞ്ഞാൽ രണ്ടു ഏക്കർസ്ഥലത്തേക്കു ഒരു റാത്തൽ വിത്തുമതിയാകുന്നതാണെന്നു പരീക്ഷിച്ചറിഞ്ഞിരിക്കുന്നു. മുമ്പു അത്രേസ്ഥലത്തേക്കു 100 റാത്തൽ വിത്തോളം വേണ്ടിവന്നിരുന്നതാണത്രെ. ഇങ്ങനെ വിത്തിനത്തിൽത്തന്നെ ആണ്ടിനാൽ 30 ലക്ഷം ചാക്കു നെല്ലു അവിടെ ലാഭിക്കാമെന്നു കണക്കാക്കിയിരിക്കുന്നു. ഏക്കറിനു 35 മുതൽ 100 വരെ ചാക്കു നെല്ലു ഈ പരീക്ഷണത്താൽ കൂടുതൽ വിളവുണ്ടായതായും അനുഭവപ്പെട്ടിരിക്കുന്നു. അരിക്കുവേണ്ടി ഇൻഡോചൈനാ, തായിലണ്ടു മുതലായ പ്രദേശങ്ങളെ ആശ്രയിച്ചു ഇതേവരെ കഴിഞ്ഞിരുന്ന ഫിലിപ്പൈൻസിനു ഈ പരീക്ഷണം നാടെങ്ങും വ്യാപിപ്പിക്കുന്നപക്ഷം സ്വയംപര്യാപ്തതതന്നെ വന്നുചേരുന്നതാണെന്നു പ്രത്യാശിക്കുന്നു.

## ഇൻറർനൺഷ്യോ എറണാകുളത്ത്

ഏപ്രിൽ 27-ാംനു കാലത്തു 10 മണിക്ക് കാർമാർഗ്ഗം എറണാകുളത്തെത്തിയ ഇൻറർനൺഷ്യോ തിരുമേനിയെ നോർത്തു സ്റ്റേഷനു സമീപംവച്ച് എറണാകുളം അതിരൂപതാ വികാരിജനറാൾ ഹാരമണിയിച്ചു സ്വീകരിച്ചു. യാത്രാമദ്ധ്യേ നാനാജാതി മതസ്ഥർ 40-ൽപ്പരം മാലകൾ തിരുമേനിയെ അണിയിക്കുകയുണ്ടായി. അനേകം സൈക്കിളുകളുടേയും കാറുകളുടേയും അകമ്പടിയോടുകൂടി, ചിററൂർ റോഡ്, ഹോസ്പിററൽറോഡ്‌വഴി എറണാകുളം അരമനയുടെ മുമ്പിലെത്തിയ തിരുമേനി, ഭക്തസംഘങ്ങൾ, കന്യാസ്ത്രീകൾ, വൈദികർ, ബഹുശതം ജനങ്ങൾ എന്നിവരാൽ പരിസേവിതനായി കമനീയമായി അലങ്കരിച്ചിരുന്ന വഴിയിൽക്കൂടെ കാൽനടയായി മെത്രാപ്പോലീത്തൻ പള്ളിയിലേക്കു മന്ദംമന്ദം യാത്രചെയ്തു. ദേവാലയസന്ദർശനത്തിനു ശേഷം, തിരുമനസ്സുകൊണ്ട്, പള്ളിയങ്കണത്തിൽ സജ്ജമാക്കിയിരുന്ന പന്തലിലേക്ക് എഴുന്നള്ളി. അവിടെ നടന്ന സ്വീകരണയോഗത്തിൽ തിരുമേനി ആദ്ധ്യക്ഷ്യം വഹിച്ചു. എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയെ പ്രതിനിധീകരിച്ച് വികാരിജനറാൾ സ്വാഗതപ്രസംഗം നടത്തി. പ്രസംഗത്തിൽ, ഫാത്തിമാമാതൃസ്വരൂപത്തിൻെറ സ്വീകരണം, മരിയൻകോൺഗ്രസ്, എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ പൗരോഹിത്യ സ്വർണ്ണജൂബിലി പ്രമാണിച്ചു നടത്തിയ ദിവ്യകാരുണ്യപ്രദക്ഷിണം, ഭാരതാപ്പസ്തോലന്മാരുടെ ജൂബിലിയാഘോഷം തുടങ്ങി ഓരോ കൊല്ലങ്ങളിൽ എറണാകുളത്തു അടുത്തടുത്തുനടന്ന വിശേഷാഘോഷങ്ങൾ അനുസ്മരിക്കുകയും, ഈയവസരത്തിൽ എറണാകുളം സന്ദർശിക്കുന്ന പേപ്പൽ പ്രതിനിധിക്കു സ്വാഗതമരുളുവാൻ വലിയ സന്തോഷമുണ്ടെന്നു പ്രസ്താവിക്കുകയുംചെയ്തു.

ഇൻറർനൺഷ്യോ തിരുമേനി ചെയ്ത മറുപടിപ്രസംഗത്തിൽ തനിക്കു നൽകിയ ഗംഭീര സ്വീകരണത്തിനു നന്ദി പ്രകാശിപ്പിക്കുകയും താൻ ഉദ്യോഗമേററ ഉടൻതന്നെ കേരളം സന്ദർശിക്കാൻ ഇടവന്നതിലുള്ള ആനന്ദം പ്രകടിപ്പിക്കുകയും ചെയ്തു. കേരളത്തിൽ അങ്ങോളമിങ്ങോളം ഓളംവെട്ടുന്നതായി കണ്ട കത്തോലിക്കാ ചൈതന്യത്തെ തിരുമേനി പ്രത്യേകം അഭിനന്ദിച്ചു. കേരളത്തിലെ ജനങ്ങളുമായി പരിചയപ്പെടുക എന്ന തൻെറ യാത്രോദ്ദേശ്യത്തേയും തിരുമേനി വെളിപ്പെടുത്തി. ജസ്റ്റിസ് ജോസഫ് വിതയത്തിൽ യോഗാവസാനത്തിൽ കൃതജ്ഞതാപ്രകാശനം നടത്തി.

ഇൻറർനൺഷ്യോ തിരുമേനി അടുത്ത വ്യാഴാഴ്ചവരെ എറണാകുളം അരമനയിൽ താമസിക്കുന്നതാണ്. അതിനിടയ്ക്കു എറണാകുളം അതിരൂപതയിലെ വിവിധസ്ഥാപനങ്ങൾക്കു പുറമെ കൊച്ചി, ആലപ്പുഴ രൂപതകളും സന്ദർശിക്കുന്നതായിരിക്കും. വ്യാഴാഴ്ച വൈകുന്നേരം തിരുമനസ്സുകൊണ്ട് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയുടെ അരമനയിൽ എഴുന്നള്ളി താമസിക്കുന്നതും പിറേറദിവസം വൈകുന്നേരം വിമാനമാർഗ്ഗം ബാംഗളൂർക്കു പോകുന്നതും അന്നവിടെ വിശ്രമിച്ചശേഷം പിറേറദിവസം വിമാനമാർഗ്ഗം ഡൽഹിക്കു പുറപ്പെടുന്നതുമാണ്.

ജീവചരിത്രപംക്തി

## സിയന്നായിലെ വി. കത്രീന

(1347—80)

ഇററലിയിൽ സിയന്ന എന്ന സ്ഥലത്തു ജാതയായി; റോമയിൽ വച്ചു നിര്യാതയായി. ശൈശവം മുതൽ പുണ്യവതി തപോജീവിതം നയിക്കുന്നതിൽ ഉൽസുകയായിരുന്നു. 16-ാമത്തെ വയസ്സിൽ ഡൊമിനിക്കൻ മൂന്നാംസഭയിലെ അംഗമായിത്തീർന്നു. ശേഷിച്ച ജീവിതകാലം ആതുരശുശ്രൂഷയിൽ ചെലവഴിച്ചു. ദുസ്സഹങ്ങളായ രോഗങ്ങളാൽ പീഡിതരായവരെ ശുശ്രൂഷിക്കുന്നതിൽ അതീവതാല്പര്യം പ്രദർശിപ്പിച്ചു. സഭാധികാരികൾക്കും രാഷ്ട്രീയാധികാരികൾക്കും കാലോചിതമായ ഉപദേശങ്ങൾ നൽകിവന്നു. പുണ്യവതിയുടെ പരിശ്രമഫലമായിട്ടാണ് മാർപ്പാപ്പാ തൻെറ താല്ക്കാലികവാസസ്ഥാനമായിരുന്ന അവിഞ്ഞോണിൽനിന്നും 1376-ൽ റോമിലേക്കു തിരിച്ചുപോന്നതു്. 1378-ൽ ഫ്ളോറൻസുരാജ്യവും പരിശുദ്ധ സിംഹാസനവുംതമ്മിൽ സന്ധിയിലേർപ്പെടാനും കാരണം ഈ വിശുദ്ധതന്നെ. സഭയുടെ സുരക്ഷിതത്വത്തിനും അഭിവൃദ്ധിക്കുംവേണ്ടി പുണ്യവതി അശ്രാന്തം പരിശ്രമിച്ചിട്ടുണ്ട്. 1461-ലാണ് വിശുദ്ധയെന്നു നാമകരണം ചെയ്യപ്പെട്ടതു്. തീഭയത്തിനെതിരായുള്ള പ്രത്യേകമദ്ധ്യസ്ഥയാണ് വി. കത്രീന. തിരുനാൾ ഏപ്രിൽ 30-ാംനു.

## നോട്ടീസ്

കുടിശിഖ തരാനുള്ളവർ തീർത്തുതരാതെ അടുത്ത ലക്കംമുതൽ സത്യദീപം തരാൻ സാദ്ധ്യമല്ല എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

പി. കെ. കുര്യാക്കോസ്
ഏജൻറ്,
തൊടുപുഴ-തെനങ്കുന്ന്

## ആരോഗ്യപംക്തി

### ഇടിമുഴക്കം ഉണ്ടാകുമ്പോൾ എന്തുചെയ്യണം?

നിങ്ങൾ വീട്ടിനു വെളിയിൽ ആയിരിക്കുമ്പോൾ കഠിനമായ ഇടിമുഴക്കവും മിന്നലും ഉണ്ടാവുകയാണെങ്കിൽ തങ്ങളുടെ സ്വന്തം രക്ഷയെ പരിഗണിച്ച് അടിയിൽ ചേർക്കുന്ന കാര്യങ്ങൾ ചെയ്യുന്നതു് നന്നായിരിക്കും.

1. മുള്ളുകമ്പിയുടെ അടുത്തെങ്ങും നില്ക്കരുതു്. അപായകരമായ വൈദ്യുതശക്തി വളരെ ദൂരം അവയിലൂടെ പോകും. മുള്ളുവേലിയിലെ കമ്പി മണ്ണിൽ ഘടിപ്പിക്കായ്കയാൽ അതിനകത്തെ മേച്ചിൽസ്ഥലത്തുള്ള കന്നുകാലികൾ പലപ്പോഴും ചത്തുപോകാറുണ്ട്.

2. വേലി, കുളം, തോട് എന്നിവയുടെ അടുത്തെങ്ങും നില്ക്കരുതു്.

3. ഒററയ്ക്കു നില്ക്കുന്ന വൃക്ഷത്തിൻെറ ചുവട്ടിലോ സമീപത്തോ നില്ക്കരുതു്. വനത്തിനകത്തു് നിന്നാൽ ദോഷമില്ല.

4. കന്നുകാലികളോ ആളുകളോ കൂടിനില്ക്കുന്നിടത്തു് നില്ക്കരുതു്.

5. തലയ്ക്കു മുകളിൽ കുട പിടിച്ചേക്കുന്നതു് വിഹിതമല്ല.

6. വെളിമ്പ്രദേശത്താണെങ്കിൽ നില്ക്കാതെ തറയിൽ പതിഞ്ഞിരിക്കുകയോ കിടക്കുകയോ ചെയ്യുകയാണ് നല്ലതു്.

7. കുതിരപ്പുറത്തു് സവാരി ചെയ്യുകയാണെങ്കിൽ അതിൻെറ പുറത്തുനിന്നിറങ്ങി അകലെ മാറിനില്ക്കണം.

8. ലോഹനിർമ്മിതമായ സാമാന്യം വലിയ ഉപകരണങ്ങൾ ഉപയോഗിച്ച് വേലചെയ്യരുതു്.

വീട്ടിനകത്താണെങ്കിൽ:

1. ഇരുമ്പ് അടുപ്പോ (Stove), പുകക്കുഴലോ (Chimney) ഉള്ള വീടാണെങ്കിൽ അവയുടെ അടുത്തു് നില്ക്കരുതു്, പുകക്കുഴലിൽനിന്നുള്ള ചൂടുഗ്യാസ് ഇടി ചിമ്മിനിയിലേക്ക് ആവഹിക്കുന്നതാണ്.

2. ലോഹനിർമ്മിതമായ രണ്ടു വസ്തുക്കളുടെ ഇടയിൽ നില്ക്കരുതു്; ഉദാഹരണമായി ഇരുമ്പടുപ്പിൻെറയും വെള്ളം ഒഴുകുന്ന പൈപ്പിൻെറയും മദ്ധ്യേ. ഇരുമ്പുകട്ടിലിൻെറ അരികിൽ നില്ക്കുന്നതുകൊണ്ട് ദോഷമില്ല. എന്നാൽ ഏററവും സുരക്ഷിതമായിട്ടുള്ളതു് ഇരുമ്പുകട്ടിലിൽ ഇട്ടിട്ടുള്ള മെത്തയിൽ ഇരിക്കുകയാണ്; എന്നാൽ ലോഹപദാർത്ഥത്തിൽ (കട്ടിലിൽ) തൊടുകമാത്രം അരുതു്. നിങ്ങളുടെ ചുററുമുള്ള ലോഹവസ്തു ഇടി നിങ്ങളെ ബാധിക്കാതെ വലയം ചെയ്തുകൊള്ളും.

3. നനഞ്ഞ തറയിൽ നില്ക്കുകയോ, കിണററിൽനിന്നും വെള്ളം കോരുകയോ ചെയ്യുന്നതും നല്ലതല്ല.

4. വിളക്കുമരത്തിനടിയിലോ, വികിരണി (radiator) ക്കടുത്തോ നില്ക്കരുതു്.

5. ടെല്ലഫോൺ ഉപയോഗിക്കരുതു്. (കേ. ദീ.)



1953 മാർച്ച് 21-മുതൽ 24-വരെ തീയതികളിൽ കുറുപ്പംപടിയിൽവച്ചു നടത്തിയ ക്രിസ്തീയ പ്രസംഗമഹായോഗത്തിൻെറ അവസാനദിവസത്തിൽ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട അത്മേനികൾ മുകൾനിരയിൽ നില്ക്കുന്നു. മഹാവന്ദ്യ ദിവ്യശ്രീ മാർ സെവേരിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടാണ് അവരെ സഭയിലേക്ക് സ്വീകരിച്ചതു്.

## ചരമം

പനങ്ങാട്: വടക്കിനേഴത്തു ശ്രീ കുഞ്ഞുലോനൻെറ ഭാര്യയും ഷെവലിയർ എ. സി. എം. അന്ത്രപ്പേരുടെ ഇളയ സഹോദരിയുമായ ശ്രീമതി ബ്രിജീത്ത ഏപ്രിൽ 18-ാംനു 65-ാമത്തെ വയസ്സിൽ ഹൃദയസ്തംഭനംമൂലം നിര്യാതയായിരിക്കുന്നു.

—മാള: തെററയിൽ കടിച്ചിനി കുരുവിള അവർകൾ ഏപ്രിൽ 25-ാംനു നിര്യാതനായിരിക്കുന്നു.

—വട്ടതല: ചാത്യാത്തു് പള്ളി ഇടവക മനയിൽ ചോറിപോൾ 34-ാമത്തെ വയസ്സിൽ ഏപ്രിൽ 23-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു.

R. I. P.

തൃശ്ശൂർ മെത്രാൻെറ

## ഗുരുപട്ടജൂബിലി

തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട തിരുമനസ്സിലെ പൗരോഹിത്യ രജതജൂബിലി ഏപ്രിൽ 23-ാം തീയതി തൃശ്ശൂർ നഗരത്തിൽവച്ച് അത്യാഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. ഇൻറർനൺഷ്യോ തിരുമേനിയും 12-ൽപ്പരം മെത്രാന്മാരും അതിൽ സംബന്ധിച്ചു. രാവിലെ കുട്ടികൾക്കായി ദിവ്യബലിയർപ്പിക്കപ്പെട്ടു. 7-30നു് ജൂബിലി പ്രമാണിച്ച് പ്രത്യേകം സജ്ജമാക്കിയിരുന്ന പവിലിയനിലെ അൾത്താരയിൽ ജൂബിലേറിയൻ തിരുമേനി

For Miraculous



favours received

T. D. Joseph B. A. B. L.
Asst. Labour Commissioner,
Alleppey

പൊന്തിഫിക്കൽ കുർബാനയർപ്പിച്ചു. അനന്തരം ചങ്ങനാശേരി മെത്രാൻ റൈററ് റവ. ഡോ. മാത്യു കാവുകാട്ട തിരുമേനി അനുമോദനപ്രസംഗം നടത്തി. തദനന്തരം കൂടിയ വമ്പിച്ച പൊതുയോഗത്തിൽ ഇൻറർനൺഷ്യോ തിരുമേനി ആദ്ധ്യക്ഷ്യം വഹിച്ചു. അദ്ധ്യക്ഷൻ തിരുമേനിക്കുള്ള മംഗളപത്രം ശ്രീ സി. എ. ഔസേപ്പും ജൂബിലേറിയൻ തിരുമേനിക്കുള്ള മംഗളപത്രം മോൺ. കാക്കാശ്ശേരിയുംവായിച്ചു സമർപ്പിച്ചു. പരിശുദ്ധപിതാവ് പൗരസ്ത്യതിരുസംഘം സെക്രട്ടറി മുഖേന അയച്ചിരുന്ന അനുമോദനസന്ദേശവും കാർഡിനൽ ടിസറൻറ്, കാർഡിനൽ ഗ്രേഷ്യസ്, എറണാകുളം മെത്രാപ്പോലീത്താ, മന്ത്രിമാർ മുതലായവർ അയച്ചിരുന്ന സന്ദേശങ്ങളുംയോഗത്തിൽ വായിക്കുകയുണ്ടായി.

ഇൻറർനൺഷ്യോ തിരുമേനിയുടെ മറുപടിപ്രസംഗത്തിൽ തൃശ്ശൂർ രൂപതയുടെ പുരോഗതിയെ പരാമർശിക്കുകയും ജൂബിലേറിയൻ തിരുമേനിയെ അനുമോദിക്കുകയും ചെയ്തശേഷം ഇപ്രകാരം പ്രസ്താവിച്ചു: "വി. തോമാശ്ലീഹായുടെ പ്രേഷിതവൃത്തിയാൽ അനുഗൃഹീതമാണെന്നുള്ള ഒരു അസുലഭബഹുമതിയും ഈ ഭൂവിഭാഗത്തിനുണ്ട്. സെൻറ് തോമസിൻെറ കേരളപ്രവേശത്തിൻെറ 19-ാം ശതവത്സരപൂർത്തി അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടതു് ഈയിടെയാണല്ലോ. ഭാരതത്തിൻെറ സന്താനങ്ങളായ സ്ത്രീപുരുഷന്മാർ വൈദികസഹോദരരും സഹോദരികളുമെന്നനിലയിൽ ഇൻഡ്യയുടെ നാനാഭാഗങ്ങളിലുമുള്ള വിദ്യാലയങ്ങളിലും അനാഥശാലകളിലും ആസ്പത്രികളിലും സേവനമനുഷ്ഠിക്കുന്നതായി കാണുന്നതു്, ജനങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേററുന്നതിനുവേണ്ടി ജീവാർപ്പണം ചെയ്തിരിക്കുന്ന ഒട്ടനേകം വൈദികരെ ദർശിക്കുന്നതു്, സ്വജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തെ ലക്ഷ്യമാക്കി തങ്ങളുടെ സർവ്വകഴിവുകളും വിനിയോഗിച്ചുകൊണ്ടിരിക്കുന്ന മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും കാണുന്നതു് അത്യന്തം ആനന്ദകരവും ആശ്വാസദായകവുമാണ്. ദീർഘനാളത്തെ മഹനീയയത്നങ്ങളുടെ ഫലങ്ങളാണിവ."

തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ട് ചെയ്ത മറുപടിപ്രസംഗത്തിൽ തിരുമനസ്സുകൊണ്ട് ഏവർക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും തന്നെ ബഹുമാനിക്കുന്നതുകൊണ്ട് പൗരോഹിത്യമാണ ബഹുമാനിക്കപ്പെടുന്നതെന്നു പ്രസ്താവിക്കുകയും ചെയ്തു.

അനന്തരംജൂബിലിമെമ്മോറിയൽ ആസ്പത്രിയുടെ ഔപചാരികമായ ഉൽഘാടനം ഇൻറർനൺഷ്യോ തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. ഉച്ചയ്ക്കു സെൻറ് തോമസ് കോളെജ് ഹാളിൽ വച്ച് നടന്ന ഡിന്നർസല്ക്കാരത്തിൽ അഭിവന്ദ്യതിരുമേനിമാരും മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ, പൗരമുഖ്യർ, വൈദികർ തുടങ്ങിയ പലരും സംബന്ധിച്ചിരുന്നു.

ജൂബിലിയാഘോഷങ്ങൾക്ക് മകുടംചാർത്തിയതു് വൈകുന്നേരം വ്യാകുലമാതാവിൻെറ പള്ളിയിൽനിന്നു് തോപ്പിലേക്കു നടത്തിയ ദിവ്യകാരുണ്യപ്രദക്ഷിണമാണ്. ദിവ്യകാരുണ്യാശീർവ്വാദത്തിനുശേഷം പാലാമെത്രാൻ തിരുമനസ്സുകൊണ്ട് ഒരു പ്രസംഗം ചെയ്കയും ചെയ്തു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 ‖ ERNAKULAM APRIL 29, 1953 ‖ No. 35


# കത്തുകൾ വഴിയായി

## കത്തോലിക്കാ മതബോധനം

കേന്ദ്രപാർലമെന്റിലെ ഉപരിമണ്ഡലമായ സ്റ്റെയിററ് കൗൺസിലിൽ ഹോംമന്ത്രി ഡോക്ടർ കെ. എൻ. കഡ്ജു, വിദേശമിഷനറി പ്രവർത്തനത്തെപ്പററിയുള്ള ഒരു ചോദ്യത്തിന് ഏപ്രിൽ 15-ാംനു- പറഞ്ഞ മറുപടി ഇതിനകം വായനക്കാർ അറിഞ്ഞിരിക്കുമല്ലോ.

“ഇൻഡ്യയിൽ ഏതൊരാൾക്കും അവനവന് ഇഷ്ടമുള്ള മതം പ്രചരിപ്പിക്കുവാൻ സ്വാതന്ത്ര്യമുണ്ട്; പക്ഷെ വിദേശത്തുനിന്ന് ആളുകൾവന്ന് അതു ചെയ്യേണ്ട ആവശ്യമില്ലെന്നാണ് ഗവർമ്മെന്റ് കരുതുന്നത്. അവർ സുവിശേഷവേലയ്ക്കായി വരുകയാണെങ്കിൽ, ആ വേല അവർ എത്രയുംവേഗം നിർത്തുന്നോ അത്രയും നല്ലത്.”

ഇൻഡ്യൻ പൗരന്മാർക്ക്, ക്രമസമാധാനങ്ങൾക്കു വിധേയമായി, ഏതു മതവും അനുസരിക്കുവാൻ മാത്രമല്ല പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം ഇൻഡ്യൻ ഭരണഘടന നൽകുന്നുണ്ട്. അതനുസരിച്ച് ക്രിസ്ത്യൻ മിഷനറിമാർക്ക്, അവർ സ്വദേശികളായാലും വിദേശികളായാലും, ക്രിസ്തുമതം പ്രചരിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നാണ് മനസ്സിലാക്കേണ്ടതും നാം മനസ്സിലാക്കിയിട്ടുള്ളതും. എന്നാൽ ആ സ്വാതന്ത്ര്യം വിദേശമിഷനറിമാർക്കില്ലെന്നും, സ്വദേശമിഷനറിമാർക്ക് ഉള്ളുവെന്നും ആണ് ഹോംമന്ത്രി മുകളിൽ ഉദ്ധരിച്ച മറുപടിയിൽ ഖണ്ഡിതമായി പ്രസ്താവിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ഈ പ്രസ്താവം സ്വമതപ്രചരണം ക്രിസ്തീയവൈദികഗണത്തിന്റെ മാത്രമല്ല ഓരോ ക്രിസ്ത്യാനിയുടേയും അനുപേക്ഷണീയകർത്തവ്യമാണെന്ന് ദൃഢമായി വിശ്വസിക്കുന്ന നമ്മെയെല്ലാം ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാകുന്നു. ആ കർത്തവ്യനിർവ്വഹണത്തിന് ഗവർമ്മെന്റുകളുടെ ഭാഗത്തുനിന്നുപോലും സാരമായ പ്രതിബന്ധങ്ങൾ ഉണ്ടാകുമെന്ന ന്യായമായ ആശങ്കകൾക്ക് അത് ഇടംനൽകുന്നുണ്ട്. ഈ സാഹചര്യങ്ങളിൽ ഓരോ കത്തോലിക്കനും, ഓരോ കത്തോലിക്കാ സംഘടനയും, സ്വമതപ്രചരണകാര്യത്തിൽ തങ്ങൾക്കു ചെയ്യാൻ കഴിയുന്നതെന്തെന്ന് ആലോചിക്കുകയും ആലോചനാഫലം പ്രാവർത്തികമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അതിൽ അവരെ വളരെയധികം സഹായിക്കുന്ന ഒരു പ്രസ്ഥാനത്തെപ്പററിയുള്ള വിവരണമാണ് ഈ ലക്കത്തിന്റെ അവസാനഭാഗത്ത് ഞങ്ങൾ ചേർത്തിട്ടുള്ള ഇംഗ്ലീഷ് ലേഖനം.

### മതപാഠങ്ങൾ (I H S Course)

കത്തോലിക്കാമതത്തെപ്പററി അറിയുവാനാഗ്രഹിക്കുന്ന അകത്തോലിക്കർക്കും, സ്വമതജ്ഞാനം കൂടുതൽ ലഭിക്കണമെന്ന് അഭിലഷിക്കുന്ന കത്തോലിക്കർക്കും സ്വഗൃഹങ്ങളിൽവച്ചുതന്നെ നടത്താൻ കഴിയുന്ന ഒരു മതപാഠനസമ്പ്രദായത്തെപ്പററിയാണ് ആ ഇംഗ്ലീഷ് ലേഖനത്തിൽ പറയുന്നത്. പാററ്നായിൽ നാലഞ്ചുകൊല്ലംമുമ്പ് ഏർപ്പെടുത്തിയ ഒരു ഗൃഹപാഠനസ്ഥാപനത്തിന്റെ (The Institute for Home study) ഡയറക്ടറായ ഒരു പണ്ഡിത ജസ്വിററ് വൈദികൻ (Fr. P. J. Sontag S. J., M. A) ഈ സമ്പ്രദായം ആരംഭിച്ചു. ക്രിസ്തുവിനേയും അവിടുന്നു പഠിപ്പിച്ച കത്തോലിക്കാ മതതത്വങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ പാഠങ്ങൾ കുറേശ്ശെ കുറേശ്ശെ എഴുതിയടിപ്പിച്ച് ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അദ്ദേഹം അയച്ചുകൊടുക്കുന്നു. പാഠങ്ങൾ തയാറാക്കുന്നത് വാദപ്രതിവാദങ്ങളുടെ രീതിയിലല്ല; പ്രത്യുത പ്രതിപാദ്യവിഷയങ്ങളുടെ വിവരങ്ങളും വിശദീകരണങ്ങളും ഉള്ളടക്കിയാണ്. തന്മൂലം അകത്തോലിക്കനായ ഏതൊരാൾക്കും തന്റെ വികാരങ്ങൾക്ക് യാതൊരു ഹേമവും തട്ടാതെയും തുറന്ന മനസ്സോടുകൂടിയും പാഠങ്ങൾ വായിക്കുന്നതിനും പഠിക്കുന്നതിനും വൈഷമ്യമില്ല. ഓരോ പാഠവും അയച്ചുകൊടുക്കുന്നതോടൊന്നിച്ച്, പഠിതാവ് അതു ശരിക്ക് മനസ്സിലാക്കുന്നുണ്ടോ എന്നറിയുവാൻവേണ്ടി, ഒരു ടെസ്റ്റ് പേപ്പറും (പരീക്ഷക്കടലാസ്) അയച്ചുകൊടുക്കുന്നു. ആ കടലാസിലെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതി അയച്ചാൽ പുതിയപാഠം ആ പഠിതാവിന് അയച്ചുകൊടുക്കുന്നതോടുകൂടി, ആ കടലാസും ആവശ്യമുള്ള തിരുത്തലുകൾചെയ്ത് അയാൾക്ക് മടക്കി അയക്കുന്നു. അകത്തോലിക്കരായ അനേകമാളുകൾ ഈ പാഠങ്ങൾ സ്വീകരിക്കുവാനും പഠിക്കുവാനും താല്പര്യം പ്രദർശിപ്പിച്ചുപോരുന്നതായി അനുഭവമുണ്ട്. കത്തോലിക്കരായ ആളുകൾക്കും ഈ പാഠങ്ങൾ വളരെയധികം പ്രയോജനപ്പെടും. കത്തോലിക്കരിൽ പലരും അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ മാത്രമാണ് സാമാന്യേന പഠിച്ചുവച്ചിട്ടുള്ളത്. അന്യമതസ്ഥർ കത്തോലിക്കാ തത്വങ്ങളെപ്പററി ചോദിച്ചാൽ അവർക്കു വിശദീകരണങ്ങൾ നൽകുവാനും, ആക്ഷേപങ്ങൾ പുറപ്പെടുവിച്ചാൽ അവയ്ക്കു സമാധാനം പറയുവാനും വേണ്ട ജ്ഞാനം ആ പഠനം വഴിയായി അവർക്കു ലഭിച്ചിട്ടുണ്ടായിരിക്കുകയില്ല. പ്രസ്തുത പാഠങ്ങൾ നിയമേന പഠിക്കുന്ന കത്തോലിക്കർക്ക് ആ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ കഴിവുണ്ടാകുന്നു.

എന്നാൽ ഫാദർ സൊൻടാഗ് അയച്ചുകൊടുക്കുന്ന ഈ പാഠങ്ങൾ ഇംഗ്ലീഷ് ഭാഷയിലാണ് രചിച്ചിരിക്കുന്നത്. ആ ഭാഷ ഒരുവിധം നല്ലവണ്ണം അറിയാവുന്നവർക്കും വിഷയഗ്രഹണത്തിനു വേണ്ട മാനസികപക്വത ലഭിച്ചിട്ടുള്ളവർക്കും—മററുവിധത്തിൽ പറഞ്ഞാൽ കോളെജുവിദ്യാഭ്യാസം ലഭിച്ചവരുടെ തോതിലുള്ളവർക്ക്—വിഷമം കൂടാതെ മനസ്സിലാക്കാവുന്നവിധത്തിലാണ് പാഠങ്ങൾ രചിച്ചിട്ടുള്ളത്. അതിനുംപുറമെ ഈ പ്രസ്ഥാനം വളരെയധികം പണച്ചിലവുള്ളതുമാണ്. തന്മൂലം അതിന്റെ പ്രചാരത്തിന്റെ വലയം ചുരുങ്ങിയിരിക്കുന്നു.

### മതലിഖിതങ്ങൾ (I H S Letters)

ഇക്കാരണങ്ങളാൽ ഫാദർ സൊൻടാഗ് വേറൊരു പ്രസ്ഥാനംകൂടി ആരംഭിച്ചു. മതലിഖിതങ്ങൾ എന്ന പേരാണ്, മതപാഠങ്ങൾ എന്നതിൽനിന്ന് വ്യത്യസ്തമായി, അതിനു കൊടുത്തിരിക്കുന്നത്. കത്തോലിക്കാതത്വങ്ങളിലും അനുഷ്ഠാനങ്ങളിലും ഏതെങ്കിലും ഒന്നിനെപ്പററി പ്രതിപാദിച്ച് ഒരു “ലിഖിതം” (കത്ത്) എഴുതി അച്ചടിച്ചയക്കുന്ന പ്രസ്ഥാനമാണത്. 50 വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന 50 കത്തുകൾ വളരെ വൃത്തിയായും ഭംഗിയായും വിഷയഗ്രഹണത്തിനു സഹായിക്കുന്ന ചിത്രങ്ങൾ ചേർത്തും അച്ചടിച്ച തയ്യാറാക്കിയിട്ടുണ്ട്. സ്വമതപ്രചരണത്തിൽ താല്പര്യമുള്ളവരും ഉണ്ടാകേണ്ടവരുമായ വ്യക്തികൾക്കും സംഘടനകൾക്കും ഈ ലിഖിതങ്ങൾ പണംകൊടുത്തു വരുത്തി, കത്തോലിക്കരും അകത്തോലിക്കരുമായ വായനക്കാർക്ക് സൗജന്യമായി വിതരണം ചെയ്യാവുന്നതാണ്. ലിഖിതങ്ങൾ മുഴുവനും ഒന്നായിവരുത്തി സ്റ്റോക്കുചെയ്യണം. എന്നാൽ വിതരണം ഒന്നായി നടത്തരുത്. ആഴ്ചയിൽ ഒരു ലിഖിതം വീതമാണ് ഒരാൾക്ക് കൊടുക്കേണ്ടത്. അങ്ങനെ ഒരു വർഷംകൊണ്ട് ലിഖിതങ്ങൾ മുഴുവനും ഒരാൾക്ക് കൊടുക്കാം. ഓരോ ഇടവകയും ഓരോ കത്തോലിക്കാ സ്ഥാപനവും ഈ ലിഖിതങ്ങൾ വരുത്തിവച്ച്, പത്രക്കാർ അവരുടെ പത്രങ്ങൾ കുട്ടികൾവഴിയായും മററും വിതരണം ചെയ്യുന്നപോലെ, വായനക്കാർക്ക് വിതരണം ചെയ്യാവുന്നതാണ്. ഇപ്പോൾ അച്ചടിച്ചു തയ്യാറായിരിക്കുന്ന 50 ലിഖിതങ്ങൾക്ക് പോസ്റ്റേജ് കൂടാതെ 1 രൂപാ 6 ണ വിലവരും.

ഈ ലിഖിതങ്ങളും ഇംഗ്ലീഷ് ഭാഷയിലാണ് ഫാദർ സൊൻടാഗ് തയ്യാറാക്കിയിരിക്കുന്നത്, ഇൻഡ്യ ഒട്ടുക്ക് പ്രചാരം ലഭിക്കുവാൻവേണ്ടി. ഏതെങ്കിലും നാട്ടുഭാഷയിൽ, അതാതു സ്ഥലത്തെ വൈദികാധികാരികളുടെ അനുമതിയോടുകൂടി, ആരും അവ തർജ്ജിമചെയ്യുന്നതിനും ആ രൂപത്തിൽ വിതരണംചെയ്യുന്നതിനും ഫാദർ സൊൻടാഗിന് വിരോധമില്ല. ലിഖിതങ്ങൾക്ക് യാതൊരു പകർപ്പവകാശവും അദ്ദേഹം പിടിച്ചുവച്ചിട്ടില്ല. ആകയാൽ ഇംഗ്ലീഷിൽത്തന്നെ, വൈദികാധികാരികളുടെ അനുമതിയോടുകൂടി ആരും സ്വന്തം ചിലവിൽ വീണ്ടും അടിപ്പിച്ച് വിതരണം ചെയ്യുന്നതിനും അദ്ദേഹത്തിനു വിരോധമില്ല. പൗലോസ് ശ്ലീഹായുടെ വാക്കിൽ “ക്രിസ്തു പ്രസംഗിക്കപ്പെടണം” എന്ന ഉദ്ദേശം മാത്രമേ അദ്ദേഹത്തിനുള്ളു. ഈ പ്രസ്ഥാനത്തിന്റെ കേന്ദ്രം അടുത്ത കാലംവരെ പാററ്നാ ആയിരുന്നെങ്കിലും ഇപ്പോൾ അത് പൂനായിലേക്ക് മാററിയിരിക്കുകയാണ്. ആകയാൽ ഇനിമുതൽ പ്രസ്തുത മതപാഠങ്ങൾക്കും മതലിഖിതങ്ങൾക്കും ആവശ്യപ്പെടേണ്ടത് അവിടെയാണ്. അവിടത്തെ വിലാസം താഴെ ചേർക്കുന്നു.

I H S
De Nobili College
Poona-6

### പാഠപുസ്തകം

ഈ മതപാഠങ്ങൾക്കും മതലിഖിതങ്ങൾക്കും ആധാരമായിരിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥം ഫാദർ സൊൻടാഗുതന്നെ ഇംഗ്ലീഷിൽ രചിച്ചിട്ടുണ്ട്. ക്രിസ്തുവിനേയും അവിടുന്നു പഠിപ്പിച്ചിട്ടുള്ള കത്തോലിക്കാ തത്വങ്ങളേയും പററി സമഗ്രമായ ജ്ഞാനം വായിക്കുന്നവർക്ക് നിഷ്പ്രയാസം ലഭിക്കുവാൻ കഴിവുണ്ടാകുന്ന വിധത്തിലാണ് അദ്ദേഹം അതു രചിച്ചിട്ടുള്ളത്. അതിന്റെയും ഭാഷ ഇംഗ്ലീഷുതന്നെ. കത്തോലിക്കാമതം പഠിക്കണമെന്ന് ആഗ്രഹമുള്ളവർക്ക് അതൊരു നല്ല പാഠപുസ്തകമായിരിക്കും. പ്രസ്തുത ഗ്രന്ഥത്തിന് അവതാരികയെഴുതിയിരിക്കുന്ന റവ. ഫാദർ ജറോം ഡിസൂസാ എസ്സ്. ജെ. യുടെ പ്രശംസാവാക്കുകളുദ്ധരിക്കാം:—

“യൂറോപ്പിൽ കൂടുതൽ കൂടുതൽ ആളുകൾക്ക് ബോദ്ധ്യപ്പെട്ടുകൊണ്ടിരിക്കുന്നു, ഇക്കാലത്തെ ആദ്ധ്യാത്മികവും മാനസികവും സാമുദായികവുമായ നശീകരണങ്ങൾക്കെതിരായി നില്ക്കുന്ന ഒരേ ഒരു കോട്ട കത്തോലിക്കാസഭയാണ് എന്ന്. ഇൻഡ്യയിൽത്തന്നെയും സഭയുടെ പ്രത്യേകനിലയും ദേശാതീതമായ സ്വഭാവവും മനസ്സിലാക്കപ്പെട്ടുവരികയാണ്. സകല തരം സംസ്കാരങ്ങളോടും ഒത്തിണങ്ങിപ്പോകാനുള്ള കഴിവുകളോടുകൂടിയ സഭയുടെ പ്രകൃതിയെപ്പററി വിസ്തൃതമായ ജ്ഞാനവും പൂർവ്വാധികം സുബദ്ധമായ മതിപ്പും ഉണ്ടായിരിക്കുന്നു. തന്മൂലം കത്തോലിക്കാസഭയുടെ സന്ദേശം അനുഭാവത്തോടുകൂടി കേൾക്കുവാനും പഠിക്കുവാനും ഇൻഡ്യയുടെ ആധുനികചരിത്രത്തിലെ ഏതുകാലത്തെയുംകാൾ കൂടുതൽ സന്ദർഭം ഇന്നുണ്ട്.

“അനുകൂലങ്ങളായ ഈ സാഹചര്യങ്ങളിലാണ് ആത്മാർത്ഥതയുള്ള സത്യാന്വേഷികൾക്ക് കത്തോലിക്കാസഭയുടെ ബോധനങ്ങളെ വിശദീകരിച്ചുകൊടുത്തിരിക്കുന്നത്. ആ കൃത്യനിർവ്വഹണത്തിൽ അദ്ദേഹം അനന്യസാധാരണങ്ങളായ കഴിവുകൾ പ്രയോഗിച്ചിട്ടുണ്ട്. തത്വശാസ്ത്രത്തിലും വേദശാസ്ത്രത്തിലും നല്ല പാണ്ഡിത്യമുള്ള അദ്ദേഹം തിരുസ്സഭയുടെ ബോധനങ്ങളെ ഏററവും ഹൃദയസ്പൃക്കായ രീതിയിൽ ഗ്രഹിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. മാത്രമോ? ഇൻഡ്യയിലെ സാമാന്യക്കാരുടേയും ബുദ്ധിജീവികളുടേയും മദ്ധ്യേ അനേകവർഷങ്ങൾ ത്യാഗപൂർവ്വം സേവനം ചെയ്തിട്ടുള്ളതിനാൽ അദ്ദേഹം അവ സ്വജീവിതത്തിൽ പ്രായോഗികമാക്കിയിട്ടുമുണ്ട്. ഇന്നാട്ടിൽ ജനിച്ചുവളർന്ന ഒരാളെപ്പോലെതന്നെ അദ്ദേഹം ദത്തെടുത്ത ഈ രാജ്യത്തെ സ്നേഹിക്കുകയും അതിലെ ജനങ്ങളെ മനസ്സിലാക്കുകയും ചെയ്യുന്നു. ഇൻഡ്യക്കാർ സാമാന്യേന മതപഠനവിഷയത്തിൽ അന്യാദൃശമായ ആത്മാർത്ഥതയും അഗാധമായ ആദ്ധ്യാത്മികബോധവും ഉള്ളവരാണെന്ന് അദ്ദേഹത്തിനറിയാം. അവരുടെ ആദ്ധ്യാത്മികചൈതന്യം ഇളക്കിവിട്ടാൽ സത്യാന്വേഷണത്തിന്റെ അന്ത്യം പ്രാപിക്കുവാൻ എന്തു ത്യാഗവും അനുഷ്ഠിക്കുന്നതിന് അവർ തയ്യാറാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യമുണ്ട്.” ഗ്രന്ഥത്തിന്റെ പേർ “The Way That is Life” (ജീവന്റെ മാർഗ്ഗം) എന്നാണ്. വില 1 രൂപാ 6 ണ. മുകളിൽ കൊടുത്ത മേൽവിലാസത്തിൽത്തന്നെ ഈ പുസ്തകവും ആവശ്യപ്പെട്ടാൽ മതിയാകും.

ഈ മൂന്നു പ്രസിദ്ധീകരണങ്ങളും ഇംഗ്ലീഷ് ഭാഷാജ്ഞാനമുള്ള സകലരുടേയും ശ്രദ്ധയ്ക്ക് ഞങ്ങൾ സസന്തോഷം വിഷയീഭവിപ്പിച്ചുകൊള്ളുന്നു. ക്രിസ്തുവിനേയും അവിടുന്നു പഠിപ്പിച്ച കത്തോലിക്കാ മതതത്വങ്ങളേയും കുറിച്ചുള്ള ജ്ഞാനം അക്രൈസ്തവർക്കും അകത്തോലിക്കർക്കും നൽകുവാൻ ഏററവും ഉപകരിക്കുന്ന ഈ പ്രസിദ്ധീകരണങ്ങൾ അവരുടെയിടയിൽ സൗജന്യമായി ധാരാളം വിതരണംചെയ്യുവാൻ കത്തോലിക്കാ വ്യക്തികളും കത്തോലിക്കാ സംഘടനകളും കത്തോലിക്കാ സ്ഥാപനങ്ങളും തങ്ങളാൽ കഴിവുള്ളതെല്ലാം ചെയ്യണമെന്ന് ഞങ്ങൾ സാദരം ശുപാർശചെയ്യുന്നു. കത്തോലിക്കാ കോളേജുകളിൽ ഈ പ്രസിദ്ധീകരണങ്ങൾക്ക് വളരെയധികം പ്രചാരമുണ്ടായിക്കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അവയുടെ കർത്താവായ ഫാദർ സൊൻടാഗ് സദയം നൽകിയിട്ടുള്ള അനുമതി വിനിയോഗിച്ച് “മതലിഖിതങ്ങൾ,” അതാതുസ്ഥലത്തെ വൈദികാധികാരികളുടെ അംഗീകാരത്തോടുകൂടി, ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിപ്പിച്ച് കൂടുതൽ കൂടുതൽ പ്രചരിപ്പിക്കണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

# പ്രസാധക കുറിപ്പുകൾ

### മിഷനറിവേല തടയരുതെന്ന് “ചന്ദ്രിക” പത്രം

വിദേശമിഷനറിമാർ ഇന്ത്യയിൽ വിദ്യാഭ്യാസപരവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾ അല്ലാതെ മതപ്രചരണം നടത്തരുതെന്ന് കേന്ദ്രത്തിലെ ഹോംമന്ത്രി സ്റ്റേററ് കൗൺസിലിൽ ചെയ്ത പ്രസ്താവത്തെ ഏററവും യുക്തിയോടുകൂടി വിമർശിച്ചും ഖണ്ഡിച്ചും, കോഴിക്കോട്ടുനിന്നു പുറപ്പെടുന്ന “ചന്ദ്രിക” ദിനപ്പത്രം ഒരു മുഖപ്രസംഗമെഴുതുകയുണ്ടായി. അതിലെ പ്രധാനഭാഗം ഉദ്ധരിക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്.

“ഇന്ത്യ ഒരിക്കലും ആദ്ധ്യാത്മിക പ്രബോധനത്തിൽനിന്ന് വിദേശികളെ തടഞ്ഞിട്ടില്ല. ഇന്ത്യയുടെ വാതിൽ ഏതു രാജ്യക്കാർക്കും എന്നും ആദ്ധ്യാത്മിക പ്രബോധനത്തിനുവേണ്ടി തുറന്നുവെക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഈ കാരണത്താലാണ് ഇന്ത്യ ലോകമതങ്ങളുടെ ഒരു പൂങ്കാവനമായി ഇന്നും വിലസിക്കൊണ്ടിരിക്കുന്നത്. എന്നുമാത്രമല്ല ഇന്ത്യ അതിന്റെ ആദ്ധ്യാത്മികസിദ്ധാന്തങ്ങൾ മററു രാജ്യങ്ങൾക്കും സംഭാവന ചെയ്തിട്ടുണ്ട്! ഏഷ്യൻരാജ്യങ്ങളായ സിലോൺ, ബർമ്മ, ചൈന, ജപ്പാൻ, ഇൻഡോചൈന, സയാം, ഇൻഡൊനേഷ്യ മുതലായ രാജ്യങ്ങൾക്കു ഹിന്ദുമതസിദ്ധാന്തങ്ങളും ബൗദ്ധമതസിദ്ധാന്തങ്ങളും സംഭാവനചെയ്തതു ഇന്ത്യയല്ലയോ? ഇന്ത്യൻ പ്രബോധകന്മാർ അവിടങ്ങളിൽ പോയില്ലായിരുന്നുവെങ്കിൽ ആ രാജ്യങ്ങൾക്ക് ഈ മതസിദ്ധാന്തങ്ങൾ കിട്ടാൻ കഴിയുമായിരുന്നോ? യൂറോപ്പിലും അമേരിക്കയിലും എത്രയെത്ര ഇന്ത്യൻ മക്കൾ ഇന്ത്യ... വേദാന്തം പ്രചരിപ്പിക്കുന്നതിനായി പര്യടനം നടത്തുകയുണ്ടായിട്ടുണ്ട്? ആ രാജ്യങ്ങളൊന്നും ഇന്ത്യൻ പ്രബോധകന്മാരുടെനേർക്ക് അവയുടെ വാതിൽ കൊട്ടിയടച്ചിരുന്നില്ല. ഇപ്പോഴും അടക്കുന്നില്ല. ആ സ്ഥിതിക്ക് ഇന്ത്യയുടെ കവാടം വിദേശപ്രബോധകന്മാരുടെനേരെ കൊട്ടിയടക്കുന്ന

തു് അന്യായമാണു്. നമ്മുടെ സങ്കുചിതമനോഭാവത്തിനു് ഒരു തെളിവായിട്ടായിരിക്കും മററുള്ളവർ അതിനെ കണക്കാക്കുക. വിദേശ ആദ്ധ്യാത്മിക പ്രബോധകന്മാരുടെനേക്കു് രാജ്യത്തിൻെറ വാതിൽ അടസ്സുന്നതു് കമ്മ്യൂണിസ്റ്റു് രാജ്യങ്ങളുടെ നടപടിയാണു്. നമ്മുടെ പാരമ്പര്യത്തിനും അന്തസ്സിനും യോജിക്കാത്തതുമാണു്.

"വിദേശികൾ ഇവിടെ അവരുടെ മതം പ്രചരിപ്പിക്കുന്നതുകൊണ്ടു് ഇന്ത്യക്കു നഷ്ടമൊന്നുമുണ്ടാകുവാൻ പോകുന്നില്ല. അമേരിക്കയിൽനിന്നും ബ്രിട്ടനിൽനിന്നും മിഷനറിമാർ മതപ്രചരണത്തിനായി ഇന്ത്യയിലേക്കു വരുന്നുണ്ടെങ്കിൽ അതിലധികം മിഷനറിമാരെ നമ്മുടെ മതസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാനായി നമുക്കു അങ്ങോട്ടും അയക്കാവുന്നതാണു്. ബ്രിട്ടനോ അമേരിക്കയോ ഒരിക്കലും അതിനെ തടയുകയുമില്ല. എന്തെന്നാൽ അതു അംഗീകരിക്കപ്പെട്ട ഒരു മനുഷ്യാവകാശമാണു്. ആ മനുഷ്യാവകാശം ലോകത്തു സ്ഥാപിക്കുവാനല്ലാതെ തടയാൻ ശ്രമിക്കുന്നതു ഇന്ത്യക്കു് അപമാനകരമാണു്. ഇന്ത്യയിലെ ഓരോ പൗരനും ഏതു മതവും സ്വീകരിക്കാൻ അവകാശമുണ്ടെങ്കിൽ വിദേശികളോടു ഇവിടെ വേദപ്രചാരവേല നടത്തരുതെന്നു പറയുന്നതിനു അർത്ഥമില്ല. അങ്ങേ അററം വിദേശമിഷനറിമാരോടു് നമുക്കു പറയാനുള്ളതു് നമ്മുടെ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടരുതെന്നാണു്. അവർ അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അതു് അവരുടെ അവകാശത്തെ ദുരുപയോഗപ്പെടുത്തലാണു്. അതു തടയുകയും ചെയ്യും. ഏതായാലും വിദേശമിഷനറിമാരെ മതം പ്രചരിപ്പിക്കുന്നതിൽനിന്നു തടയുകയെന്ന അവമാനകരമായ നയം കൈക്കൊള്ളരുതെന്നാണു് ഞങ്ങൾക്കു് ഇന്ത്യാഗവണ്മെൻറിനോടു് പറയാനുള്ളതു്. ഒരു വിദേശമിഷനറി മതം പ്രചരിപ്പിക്കുമ്പോഴോ ആദ്ധ്യാത്മികത്വം പ്രയോഗിക്കുമ്പോഴോ നമ്മുടേതായ യാതൊന്നും നമ്മിൽനിന്നു അപഹരിക്കപ്പെടുന്നില്ല. എന്നിരിക്കെ എന്തിനു് അയാൾക്കു ഒരു മനുഷ്യാവകാശം നിഷേധിക്കപ്പെടണം? ഗവണ്മെൻറു് ഇതിനെപ്പററി പുനരാലോചന ചെയ്തു നീതിക്കും അന്തസ്സിനും ഇന്ത്യയുടെ പാരമ്പര്യത്തിനും യോജിച്ച ഒരു നയം കൈക്കൊള്ളുമെന്നു ഞങ്ങൾ ആശിക്കുന്നു."

### മദ്രാസു് മെത്രാപ്പോലീത്തായും പ്രതിഷേധിക്കുന്നു

മദ്രാസു്-മൈലാപ്പൂർ മെത്രാപ്പോലീത്താ ഡോക്ടർ മത്യാസു് തിരുമേനിയും മിഷനറിമാരെപ്പററിയുള്ള കേന്ദ്രമന്ത്രിയുടെ പ്രസ്താവത്തെ പ്രതിഷേധിക്കുകയുണ്ടായി:

"കത്തോലിക്കാ മിഷനറിസംഘങ്ങളുടെ നില വിശദമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സുവിശേഷവേലനടത്തുവാൻ വിദേശമിഷനറിമാരെ അനുവദിക്കുകയില്ല, അവർ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടരുതു്, എന്നിങ്ങനെ രണ്ടു സംഗതികളാണു് ഉന്നയിക്കപ്പെട്ടിരിക്കുന്നതു്. വിദേശകാര്യവകുപ്പിലെ അധികാരപ്രയോഗത്താൽ സാങ്കേതികമോ, വിദ്യാഭ്യാസപരമോ ആയ യോഗ്യതകളില്ലാത്ത മിഷനറിമാരെ അനുവദിക്കുന്നില്ല. ഭരണഘടനാനിയമപ്രകാരമുള്ള മതസ്വാതന്ത്ര്യത്തിനു വിരുദ്ധമായുള്ള ഈ നടപടിയോടു ഞങ്ങൾ വിയോജിക്കുന്നു. ഏതു രാജ്യത്തിൽനിന്നുമുള്ള ആദ്ധ്യാത്മികോപദേശം സ്വീകരിക്കുവാൻ രാജ്യത്തിലെ ക്രിസ്ത്യാനികൾക്കു് അവകാശമുണ്ടു്. നാട്ടിലുള്ള ക്രിസ്ത്യൻ മിഷനറിമാരെക്കാൾ കൂടുതലായി വിദേശമിഷനറിമാർക്കു് യോഗ്യതകൾ ഇല്ലെന്നു സമ്മതിച്ചാൽത്തന്നെയും അവർ ചെയ്യുന്ന പ്രവർത്തനം ഭരണഘടന അനുവദിക്കുന്നതുമാത്രമാണു്. ഇൻഡ്യയുടെ മഹത്തായ സഹിഷ്ണതാനയം ഭരണഘടനയിൽ വരുത്തുവാൻ ശ്രമിക്കുന്നതിനു കടകവിരുദ്ധമാണു് മിഷനറിമാരുടെ പ്രവേശനനിരോധനമെന്നാണു് എനിക്കു തോന്നുന്നതു്." തിരുമനസ്സുകൊണ്ടു തുടർന്നുചെയ്യുന്ന പ്രസ്താവനയിൽ നിരോധനനയം ഹിന്ദുക്കൾ പ്രഖ്യാപനംചെയ്യുന്ന വിശാലാദർശത്തിനു എതിരാണെന്നും, കത്തോലിക്കാ മിഷനറിമാർ രാഷ്ട്രീയകക്ഷികളിൽ ഇടപെടുന്നില്ലെന്നും, രാജ്യത്തിൻെറ പൊതുക്ഷേമത്തിനുവേണ്ടിയാണു് കത്തോലിക്കാവൈദികർ പ്രവർത്തിക്കുന്നതെന്നും, അവർ ബ്രിട്ടീഷ് ഭരണകർത്താക്കളിൽനിന്നോ മററാരിലെങ്കിലും നിന്നോ എന്തെങ്കിലും പ്രത്യേകസഹായം സ്വീകരിച്ചുപോന്നിട്ടില്ലെന്നും ഇപ്പോഴും സ്വീകരിക്കുന്നില്ലെന്നും സമർത്ഥിക്കുകയുണ്ടായി.

### മദ്ധ്യഭാരതത്തിലെ മുഖ്യമന്ത്രിയും പ്രതിഷേധിക്കുന്നു

"മിഷനറിമാർ ഹിന്ദുക്കളെ മതപരിവർത്തനം ചെയ്യിക്കുന്നതു് നിർത്തലാക്കുവാൻ" ഗവണ്മെൻറു് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചു് മദ്ധ്യഭാരത അസംബ്ലിയിൽ "ജനസംഘ" നേതാവു് ചെയ്ത ഒരു ചോദ്യത്തിനു് അവിടത്തെ മുഖ്യമന്ത്രി മിസ്റ്റർ മൻഹിർ സിംഗു് മേത്താ നൽകിയ മറുപടിയിൽ ഇങ്ങനെ പ്രസ്താവിച്ചു:

"സേവനങ്ങളുടെ പ്രേരണവഴിയായി മതപരിവർത്തനം നടത്തുന്നതിനു് ഗവണ്മെൻറു് എതിരല്ല. മിഷനറിമാർ ആദിവാസി ജനങ്ങളുടെയിടയിൽ നടത്തുന്ന പ്രവർത്തനങ്ങൾ നിയമപരിധികളെ ലംഘിക്കാത്തിടത്തോളം കാലം ഗവണ്മെൻറു് അവയിൽ ഇടപെടുകയില്ല." മിഷനറിമാരുടെ മതപരിവർത്തനപ്രവർത്തനങ്ങളെ വിരോധിക്കുന്ന ഹിന്ദുക്കളുടെ മനഃസ്ഥിതിയെ അദ്ദേഹം അപലപിക്കുകയാണുണ്ടായതു്: "ഹിന്ദുമതത്തോടു് മതഭ്രാന്തോടു കൂടിയ സ്നേഹം ഉള്ളവർ ദരിദ്രരും ചവുട്ടി മെതിക്കപ്പെടുന്നവരുമായ പാവങ്ങളുടെ സംരക്ഷണത്തിനു് ഒന്നും ചെയ്യാൻ ശ്രദ്ധിക്കുന്നില്ല. അതിനുപകരം ആ പാവങ്ങളെ തങ്ങളുടെ മാനസികവെളിച്ചമനുസരിച്ചു് സേവിക്കുവാനും സഹായിക്കുവാനും ശ്രമിക്കുന്ന ക്രിസ്തീയ മിഷനറിമാരുടെ ഉദ്ദേശശുദ്ധിയെ അവർ സംശയിക്കുകയാണു് ചെയ്യുന്നതു്." ക്രിസ്തീയമിഷനറിമാർ വിദ്യാഭ്യാസപരവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾ ചെയ്യുന്നതു് ദൈവസ്നേഹത്തിൻെറ പ്രേരണയാലാണു്. അവർ ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതുകൊണ്ടു് ദൈവമക്കളിൽ പാവങ്ങളും നിസ്സഹായരുമായവരെ അവർ പ്രത്യേകം സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു. ആ സേവനവും സ്നേഹവും കാണുകയും അനുഭവിക്കുകയും ചെയ്യുന്നവർ അവർക്കു പ്രേരണ നൽകുന്ന മതത്തെ വിലമതിക്കുകയും ആ മതം സ്വീകരിക്കുവാൻ സ്വമനസാ തയാറാവുകയും ചെയ്യുന്നതിൽ ആശ്ചര്യപ്പെടാനുണ്ടോ? അതിനു മിഷനറിമാരെ എന്തിനു പഴിക്കുന്നു? യാതൊരുവക നിർബന്ധവും യാതൊരുവക പ്രലോഭനവും ചെലുത്താതെ വാക്കുകൾകൊണ്ടും സേവനങ്ങൾകൊണ്ടും മതം പ്രചരിപ്പിക്കുന്നതു് തടയണമെന്നു പറയുന്നവരും തടയാൻ ഒരുമ്പെടുന്നവരും മനുഷ്യരുടെ പ്രാഥമികമായ ജന്മാവകാശത്തെ ഹനിക്കുകയാണു ചെയ്യുന്നതു്.

### അമേരിക്കൻ പ്രസിഡൻറു് റഷ്യയോടു് തുറന്നു സംസാരിക്കുന്നു

ലോകസമാധാന ത്തി നു വേണ്ടിയാണു് തങ്ങൾ നിലകൊള്ളുന്നതെന്നും സമാധാനസ്ഥാപനത്തിനുവേണ്ടിയുള്ള സംരംഭങ്ങളിലേർപ്പെടാൻ തങ്ങൾ തയ്യാറാണെന്നും കൊട്ടിഘോഷിക്കുന്ന സോവ്യററു് റഷ്യയോടു്, അങ്ങനെയെല്ലാം വാക്കുകൾകൊണ്ടു പറഞ്ഞാൽ പോരാ, പ്രവൃത്തികൾകൊണ്ടു കാണിക്കണമെന്നു് അമേരിക്കൻ പ്രസിഡൻറു് ഐസനോവർ പരസ്യമായി ആവശ്യപ്പെട്ടിരിക്കുന്നു. ഉദ്യോഗം സ്വീകരിച്ചിട്ടു് അമേരിക്കയുടെ വിദേശനയത്തെപ്പററി ആദ്യമായി ചെയ്ത പ്രധാനപ്രസംഗത്തിലാണു് അദ്ദേഹം ഈ ആശയം പ്രകാശിപ്പിച്ചതു്. സമാധാനത്തിനുവേണ്ടിയുള്ള തങ്ങളുടെ ആഗ്രഹം ആത്മാർത്ഥമാണെങ്കിൽ സോവ്യററു് യൂണിയൻ അതു് തെളിയിക്കേണ്ടതെങ്ങനെയാണെന്നു് ഐസനോവർ ചൂണ്ടിക്കാണിച്ചു:

"1. തല്ക്കാലകാര്യസാദ്ധ്യങ്ങൾക്കുവേണ്ടിയുള്ള സന്ധിയല്ല, പ്രത്യുത ഏഷ്യയിലാകമാനം യഥാർത്ഥമായ സമാധാനം ഉണ്ടാകുന്നതിനുവേണ്ടി സോവ്യററു് യൂണിയൻ അവർക്കു് കമ്മ്യൂണിസ്റ്റു് ലോകത്തിലുള്ള വിധിനിർണ്ണായകമായ സ്വാധീനശക്തി ഉപയോഗിക്കണം.

"2. കിഴക്കൻ യൂറോപ്പിലുള്ള രാഷ്ട്രങ്ങളുൾപ്പെടെ ഇതരരാഷ്ട്രങ്ങൾക്കു് അവർക്കിഷ്ടമുള്ള ഭരണരീതികൾ തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യവും, നിയമത്തിനു വിധേയമായി യാതൊരു തടസ്സവും കൂടാതെ മററു രാഷ്ട്രങ്ങളുമായി സഖ്യം ചേരുവാനുള്ള അവകാശവും അനുവദിക്കണം.

"3. മററു രാഷ്ട്രങ്ങളോടു ചേർന്നു കാര്യമായ നിരായുധീകരണനടപടികൾക്കായി പ്രവർത്തിക്കുകയും ആ നടപടികൾ ഐക്യരാഷ്ട്രസംഘടനയുടെ നിഷ്കൃഷ്ടമായ നിയന്ത്രണത്തിനും പരിശോധനയ്ക്കും വിധേയമാക്കുകയും വേണം." തങ്ങളുടെ ആത്മാർത്ഥത തെളിയിക്കുവാൻ സോവ്യററുറഷ്യ ചെയ്യേണ്ട മററുചില കാര്യങ്ങളേയും ഐസനോവർ പരാമർശിച്ചു. ആസ്ട്രിയായുമായുള്ള സന്ധിക്കു് ഒപ്പുവയ്ക്കുക, രണ്ടാംലോകമഹായുദ്ധത്തിൽ പിടിച്ചു് തങ്ങളുടെ അധീനതയിൽ സോവ്യററു് യൂണിയൻ ഇപ്പോഴും വച്ചുകൊണ്ടിരിക്കുന്ന അനേകായിരം തടവുകാരെ വിമോചിക്കുക, കൊറിയായിലെ യുദ്ധം അവസാനിപ്പിക്കുന്നതിനും ആ രാജ്യം ഏകീകരിച്ചു് അവിടെ സ്വതന്ത്രമായ തിരഞ്ഞെടുപ്പു നടത്തുന്നതിനും ഉള്ള ആലോചനകൾ ആരംഭിക്കുക, ഇൻഡോചൈനായുടേയും മലയായുടേയും സുരക്ഷിതത്വത്തിനെതിരായി പ്രത്യക്ഷമായോ പരോക്ഷമായോ നടത്തപ്പെടുന്ന ആക്രമണങ്ങൾ അവസാനിപ്പിക്കുക മുതലായവയാണു് അവ. ആയുധങ്ങളുടെ പരിധിയും അണുശക്തിയുടെ നിയന്ത്രണവും സംബന്ധിച്ചു് യു. എസ്സു്. എ. ഐക്യരാഷ്ട്രസംഘടനയുടെ മുമ്പാകെ പലപ്പോഴും സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഐസനോവർ ആവർത്തിച്ചു. 1947-ൽ യൂറോപ്പിൻെറ പുനരുദ്ധാരണത്തിനായി ഏർപ്പെടുത്തിയ മാർഷൽ പദ്ധതി പശ്ചിമയൂറോപ്പിൻെറ മാത്രമല്ല പൂർവ്വയൂറോപ്പിൻേറയും ആവശ്യങ്ങൾ സാധിക്കുവാനായിരുന്നെന്നു് അദ്ദേഹം ചൂണ്ടിക്കാണിക്കുകയും, സകല രാഷ്ട്രങ്ങൾക്കും ഉല്പാദനവർദ്ധനവും അഭിവൃദ്ധിയും കൈവരത്തക്ക ഒരു ലോകം കെട്ടിപ്പടുക്കുവാൻ യു. എസ്സു്. എ. തയ്യാറാണെന്നു് പ്രസ്താവിക്കുകയും ചെയ്തു. ആഗോളപുനരുദ്ധാരണത്തിനുവേണ്ട ഒരു ഫണ്ടു് ഏർപ്പെടുത്തുവാൻ തനിക്കു സമ്മതമാണെന്നും അദ്ദേഹം പറഞ്ഞു: "നിരായുധീകരണംവഴിയായി മിച്ചമുണ്ടാക്കാൻകഴിയുന്ന പണത്തിൻെറ ഒരു സാരമായ ശതമാനം ലോകത്തിൻെറ പൊതുവായ സഹായത്തിനും പുനരുദ്ധാരണത്തിനുംവേണ്ടിയുള്ള ഒരു ഫണ്ടു് ഏർപ്പെടുത്തുന്നതിനു് വിനിയോഗിക്കുന്നതിൽ സകല രാഷ്ട്രങ്ങളോടും യോജിക്കണമെന്നു് സ്വരാജ്യക്കാരോടു് ആവശ്യപ്പെടുവാൻ ഈ ഗവണ്മെൻറു് സന്നദ്ധമാണു്." ഈ മഹത്തായ വേലയുടെ ലക്ഷ്യങ്ങളെന്താണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു: "ലോകത്തിലെ അവികസിതങ്ങളായ പ്രദേശങ്ങളെ വികസിപ്പിക്കുവാൻ ഇതരരാജ്യക്കാരെ സഹായിക്കുക; ആദായകരവും നീതികരവുമായ ആഗോളവ്യാപാരം ഉത്തേജിപ്പിക്കുക; അഭിവൃദ്ധിയോടുകൂടിയ സ്വാതന്ത്ര്യത്തിൻെറ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ സകല ജനങ്ങളേയും സഹായിക്കുക." ഇന്നത്തെ ശീതയുദ്ധത്തിൻെറ സ്ഥാനത്തു് "ദാരിദ്ര്യത്തിൻേറയും ആവശ്യത്തിൻേറയും ദുഷ്ടശക്തികൾക്കു്" എതിരായ ഒരു പുതിയ യുദ്ധം തുടങ്ങണമെന്നാണു് അദ്ദേഹത്തിൻെറ ആഗ്രഹം. "ഈ പുതിയ യുദ്ധത്തിൻെറ സ്മാരകങ്ങൾ ,റോഡുകൾ, സ്കൂളുകൾ, ആസ്പത്രികൾ, ഗൃഹങ്ങൾ, ഭക്ഷണം, ആരോഗ്യം" എന്നിവയായിരിക്കുമെന്നു് അദ്ദേഹം ഉറപ്പു പറഞ്ഞു.

### യു.. എസ്സ്. സിക്രട്ടറി കൂടുതൽ വിശദീകരിക്കുന്നു.

അമേരിക്കൻ സ്റ്റേററു് സിക്രട്ടറി മി. ഡള്ളസ്സു് അമേരിക്കൻ പത്രാധിപസംഘത്തോടു് ചെയ്ത പ്രസംഗത്തിൽ ഐസനോവർ റഷ്യയോടുചെയ്ത ആഹ്വാനത്തെ വിശദീകരിക്കുകയുണ്ടായി. സോവ്യററു് യൂണിയൻെറ സമാധാനസംബന്ധമായ പ്രസ്താവങ്ങൾ പലതും ഉണ്ടായെങ്കിലും അവയുടെ ആത്മാർത്ഥത തെളിയിക്കുവാൻ പോരുന്ന യാതൊന്നും സംഭവിച്ചിട്ടില്ലെന്നും, തന്മൂലം സോവ്യററു് ആക്രമണഭീഷണിയെ ചെറുത്തുനില്ക്കുവാൻ പാശ്ചാത്യരാഷ്ട്രങ്ങൾ ചെയ്യുന്ന ശ്രമങ്ങൾക്കു് അയവുവരുത്താൻ പാടുള്ളതല്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. "സോവ്യററുകാരുടെ ഇപ്പോഴത്തെ നീക്കത്തിൻെറ കാരണവും ഉദ്ദേശവും എന്തുതന്നെ ആയാലും കമ്മ്യൂണിസ്റ്റു് നേതാക്കന്മാർ മുമ്പു് നിഷേധിച്ചിരുന്ന ചിലതു് ഇപ്പോൾ അനുവദിക്കാൻ മനസ്സുള്ളവരായി കാണപ്പെടുന്നുണ്ടെന്നുള്ളതു് ഒരു വാസ്തവമാണു്. ആ വിട്ടുവീഴ്ചകൾ ഇനിയും ചെറിയവയാണു്, എങ്കിലും അർത്ഥമില്ലാത്തവയല്ല. യഥാർത്ഥമായ സമാധാനമുന്നേററം നടത്തേണ്ട സമയം സമാഗതമായിരിക്കുന്നുവെന്നാണു് അവങ്ങൾക്കു് സൂചന നൽകിയതു്." ഐസനോവരുടെ വെല്ലുവിളി സോവ്യററു് നേതൃത്വം ഇപ്പോൾ സ്വീകരിക്കേണ്ടതായി വന്നിരിക്കുന്നുവെന്നദ്ദേഹം പറഞ്ഞു. "പ്രസിഡൻറു് ഐസനോവരുടെ വെല്ലുവിളിയിലെ പ്രശ്നമുഖങ്ങൾ ഓരോന്നും അവർ നേരിടുമോ? നേരിടുമെങ്കിൽ പേരിലെന്നപോലെ യാഥാർത്ഥ്യത്തിലും കമിൻഫോം സംഘടനയെ അവർ നിർത്തലാക്കുകയും പരിത്യജിക്കുകയും ചെയ്യുമോ? ആ സംഘടന വഴിയായിട്ടാണല്ലോ ലോകത്തിലെ സകല യഥാർത്ഥ സ്വതന്ത്രഗവണ്മെൻറുകളേയും അടിതുരന്നു വീഴിക്കുവാൻ അവർ അവസാനമില്ലാതെ ഗൂഢാലോചനകൾ നടത്തുന്നതു്. ഈ ചോദ്യങ്ങൾക്കു മറുപടിനൽകുന്ന പ്രവൃത്തികളെയാണു് ഞങ്ങൾ കാത്തിരിക്കുന്നതു്. ആ പ്രവൃത്തികൾ സംശയങ്ങളുടെ കറുത്ത അദ്ധ്യായം വാസ്തവത്തിൽ അവസാനിപ്പിക്കുകയും സമാധാനത്തിൻേറയും സൗമനസ്യത്തിൻേറയും ശോഭനമായ പുതിയ അദ്ധ്യായം തുറക്കുകയും ചെയ്യുമെന്നു് ഞങ്ങൾ അഗാധമായി പ്രതീക്ഷിക്കുന്നു."

### അററ്ലാൻറിക്കു് രാഷ്ട്രങ്ങൾക്കു വിശ്വാസമില്ല

അററ്ലാൻറിക് ഉടമ്പടിയിൽ ചേർന്നിട്ടുള്ള 14 രാജ്യങ്ങളുടെ 14 തലസ്ഥാനങ്ങളിലേയും രാഷ്ട്രതന്ത്രവിശാരദരുടെ സൂക്ഷ്മനിരീക്ഷണങ്ങളെ ആസ്പദമാക്കി ചെയ്ത ഒരു തീരുമാനം ശ്രദ്ധേയമാണു്. സ്റ്റാലിൻെറ മരണം കഴിഞ്ഞുള്ള റഷ്യയുടെ സമാധാനസംരംഭങ്ങൾ തന്ത്രങ്ങളുടെ പുതിയ പതിപ്പുകളാണെന്നും സമസ്ത ലോക മേധാവിത്വമെന്ന അവരുടെ മൗലികലക്ഷ്യത്തിനു ലേശവും മാററമില്ലെന്നുമുള്ള അഭിപ്രായത്തെ അതിൽ പൂർണ്ണമായി ശരിവച്ചിരിക്കുകയാണു്.

സത്യദീപം വരിസംഖ്യ

| | | പ്രതിവർഷം |
|---|---|---|
| ഇൻഡ്യയിൽ | ക. | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |


## അടുത്ത ആഴ്ചയിൽ

മേയ്

3 ഞാ: ഉയിർപ്പു് 4-ാം ഞായർ
4 തി: മോനിക്ക
5 ചൊ: പീയൂസ്
6 ബു: യോഹന്നാൻ
7 വ്യാ: സ്തനിസ്ലാവോസ്
8 വെ: മിഖായേൽ
9 ശ: ഗ്രിഗോരിയോസ് നസിയാൻസെൻ

## ജപാപ്പസ്തോല സഖ്യം

മേയ് മാസം

പൊതുനിയോഗം: സിനിമാ പ്രദർശനങ്ങളിൽനിന്നു വിശ്വാസത്തിനും സന്മാർഗ്ഗത്തിനുമുള്ള വിപത്തുകൾ നീങ്ങാൻ.

മിഷൻനിയോഗം: ഉത്തരേന്ത്യയിൽ തിരുസഭ അഭിവൃദ്ധിപ്പെടുന്നതിനു്.

## തിരുത്തു്

കഴിഞ്ഞലക്കം സത്യദീപത്തിൽ പ്രഥമ ചരമവാർഷികം എന്ന പരസ്യത്തിൽ മാവന ജോസഫു് മേറി എന്നുള്ളതു് മാടവന ജോസഫു് മേറി, കല്ലൂർ എന്നു തിരുത്തിവായിക്കണം.

## കൃതജ്ഞത

അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥരായ വി. യൂദാ തദ്ദേവൂസിൻെറയും, വി. റീത്തയുടേയും സഹായത്താൽ ലഭിച്ച മനോഗുണങ്ങൾക്കു് കൃതജ്ഞത.

ജോസഫു് ഡി. ആയല്ലൂർ,
ഏജൻറു്, കുടുംബദീപം &
പ്രേഷിതകേരളം, തമ്പലക്കാട്ടു്.

തൈക്കാട്ടുമൂസ്സ് വക

# ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.


## നിര്യാതനായി



റവ ഫാ പോൾ മനക്കിൽ

പൊന്നാരിമംഗലം കാരുണ്യമാതാവിന്റെ പള്ളിയിലെ വികാരിയായിരുന്ന റവ. ഫാ. പോൾ മനക്കിൽ ഹെരണിയ സംബന്ധമായ ഒരു ശസ്ത്രക്രിയയെ തുടൎന്നു് എറണാകുളം ജനറൽ ഹോസ്പിറ്റലിൽവച്ചു് ഏപ്രിൽ 9-ാംനു- 43-ാമത്തെ വയസ്സിൽ നിര്യാതനായി. പിറേറദിവസം വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രധാന കാൎമ്മികത്വത്തിൽ സംസ്കാരകൎമ്മങ്ങൾ നടത്തപ്പെട്ടു.

ഇദ്ദേഹം 1910 ഏപ്രിൽ 15-ാംനു- ജനിച്ചു. 1937 ഡിസമ്പർ 18-ാംനു- മംഗലപ്പുഴ സെമ്മിനാരിയിൽവച്ചു് വൈദികപട്ടം സ്വീകരിച്ചു. അനന്തരം ചാത്യാത്തും മാളപ്പള്ളിപ്പുറത്തും അസി. വികാരിയായി ജോലിനോക്കിയിട്ടുണ്ടു്. വരാപ്പുഴ അതിരൂപതവകയായ തൃക്കാക്കര ഹോളി എയിഞ്ചൽസ് ഇൻസ്റ്റിററ്യൂട്ടിലും അദ്ദേഹം കുറേക്കാലം കാൎയ്യക്ഷമതയോടെ ജോലിനോക്കിയിട്ടുണ്ടു്. തുടൎന്നു് പൊററക്കുഴിയിലും, തുരുത്തൂരും, പൊന്നാരിമംഗലത്തും വികാരിയായി സേവനം അനുഷ്ഠിച്ചു.

കുറേക്കാലം അദ്ദേഹം സ്കൗട്ടു് പ്രസ്ഥാനത്തിലെ ഡിസ്ട്രിക്ടു് കമ്മിഷ്ണറായും സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. കൎമ്മകുശലനും മാതൃകാവൈദികനുമായിരുന്ന റവ. ഫാദർ പോൾ മനക്കിലിന്റെ അകാലനിൎയ്യാണത്തിൽ സന്തപ്തചിത്തരായ എല്ലാവരെയും അനുശോചിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിനു് നിത്യശാന്തി നേരുകയും ചെയ്യുന്നു.


മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ്

സെൻറ് ജോസഫ്

സന്യാസജീവിതം നയിച്ചു് ആതുരശുശ്രൂഷചെയ്യാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ പരീക്ഷ പാസ്സായ കത്തോലിക്കാ യുവതികളെ ആവശ്യമുണ്ടു്.

കൂടുതൽ വിവരങ്ങൾക്കു് എഴുതുക:—

സിസ്റ്റർ സുപ്പീരിയർ,

ധൎമ്മഗിരി, കോതമംഗലം


## സമ്മർസ്കൂൾ

വരാപ്പുഴ അതിരൂപത കത്തോലിക്കാസംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊല്ലംതോറും എറണാകുളത്തുവച്ചു നടത്താറുള്ള കാത്തലിക്കു് സമ്മർസ്കൂൾ ഇക്കൊല്ലം മേയ് 3-ാംനു- മുതൽ 10-ാം തീയതി വരെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. മുൻകൊല്ലങ്ങളിൽ പഠിപ്പിച്ച ദൈവശാസ്ത്രം, സഭാചരിത്രം എന്നീ വിഷയങ്ങളുടെ അനന്തരഭാഗങ്ങളും സാമൂഹ്യശാസ്ത്രത്തിൽ "ക്രിസ്ത്യൻ പ്രസ്ഥാന"വും ഇക്കൊല്ലം പഠിപ്പിക്കപ്പെടുന്നതാണു്. പ്രസ്തുത വിഷയങ്ങളിൽ യഥാക്രമം റവ ഫാദർ പീററർ തൈക്കെവിളയിൽ പി എച്ചു്. എൽ. ഡി. ഡി. ഡി. സി. എൽ., ശ്രീ പി. ടി. തോമസ് എം. എ. എൽ. ടി., വെരി റവ. ഫാ. ജറോം ഒ. സി. എം. എന്നിവരായിരിക്കും പ്രാസംഗികന്മാർ. പഠനക്ലാസുകളിൽ സംബന്ധിക്കുന്നവരെ ഉദ്ദേശിച്ചു് മേയ് 10-ാംനു- ഒരു മത്സരപ്പരീക്ഷ നടത്തുന്നതും അൎഹരായവൎക്കു് സമ്മാനങ്ങളും ഡിപ്ലോമകളും നൽകുന്നതുമായിരിക്കും. താമസസൗകൎയ്യവും മററും ആവശ്യമുള്ളവർ വിവരം ഏപ്രിൽ 30-ാംനു-ക്കുമുമ്പു് വരാപ്പുഴ അതിരൂപത കത്തോലിക്കാസംഘം പ്രസിഡണ്ടു് വെരി റവ. മോൺ. ജോസഫ് വൈപ്പിശ്ശേരിയെ അറിയിക്കേണ്ടതാണു്.

## ഗുരുപ്പട്ടാഭിഷേകം

കാണ്ടിസെമ്മിനരിയിൽ അദ്ധ്യയനം നടത്തിയിരുന്ന റവ. ബ്രദർ മാത്യു പാലമററം എം. എ. ഏപ്രിൽ 22-ാംനു- എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു് പാലാമെത്രാൻ തിരുമനസ്സിലെ കരങ്ങളിൽനിന്നു ഗുരുപ്പട്ടം സ്വീകരിച്ചിരിക്കുന്നു.

——

(10-ാം പേജ് തുടർച്ച)

ൾ എന്നെഅകത്തോട്ടു രഹസ്യമായി വിളിച്ചു. "അപ്പച്ചാ, എനിക്കൊരപേക്ഷയുണ്ടു്" മേരി ഗദ്ഗദസ്വരത്തോടെ പറഞ്ഞുതുടങ്ങി. വിവാഹാഘോഷങ്ങളിലുള്ള ഏതോ പോരായ്മയെപ്പററി പരാതിപ്പെടുവാൻ ഒരുമ്പെടുകയാണെന്നാണു് ഞാൻ വിചാരിച്ചതു്. മൂത്തമകളുടെ കല്യാണമല്ലേ. ഒന്നിലും ഒരു കുറവും വരരുതെന്നു് എനിക്കു നിർബന്ധമാണു്. കാൎയ്യം ചോദിച്ചപ്പോൾ അവളെന്തുചെയ്യുവെന്നോ. ഇതാ ഇപ്പോൾ അങ്ങയുടെ മേശപ്പുറത്തു വച്ച ആ പൊതി എന്റെ നേൎക്കുനീട്ടി. "അപ്പച്ചാ, ഇതു അപ്പച്ചൻ വികാരിയച്ചനെ ഏല്പിക്കണം." ഞാനീപ്പൊതിയൊന്നഴിച്ചുനോക്കി. നൂറിന്റെ മുപ്പതു നോട്ടുകൾ! വാസ്തവത്തിൽ ഞാനൊന്നു പകച്ചുപോയി. മൂവ്വായിരം രൂപ അച്ചനെ ഏല്പിക്കണമെന്നോ! എന്റെ മുഖഭാവം കണ്ടില്ലെന്നമട്ടിൽ ഇവൾ തുടൎന്നു. "അന്നു സാരിമ്യൂസിയത്തിലുംആഭരണക്കടയിലുംപോയപ്പോൾ അപ്പച്ചൻതന്ന സംഖ്യയിൽബാക്കിയാണിതു്. എനിക്കു് ഇതൊരു തമാശയായിട്ടാണു് തോന്നിയതു്. ഞാൻ സ്വപ്നേപിവിചാരിക്കാത്ത ഒരു സംഭവം. സാരിയും ആഭരണങ്ങളും വാങ്ങുവാൻ കൊടുക്കുന്ന തുകയിൽനിന്നും ആരെങ്കിലും ബാക്കിവയ്ക്കാറുണ്ടോ? പോരാ പോരായെന്നുള്ള സ്വരമാണു് സാധാരണ കേൾക്കാറുള്ളതു്. വികാരങ്ങളമൎത്തിയിട്ടു് ഞാൻ മേരിയോടു ചോദിച്ചു: "ആകട്ടെ, കുഞ്ഞേ, എന്തിനാണു് ഇത്രയധികം തുക വികാരിയച്ചനെ ഏല്പിക്കുന്നതു്?" അന്നേരം ഇവൾ പറഞ്ഞ മറുപടി കേട്ടപ്പോൾ എന്നിൽ എന്തെല്ലാം വികാരങ്ങളാണെന്നോ പൊങ്ങിവന്നതു്. ഇത്രയും ഉൽകൃഷ്ടമായ ഒരാശയം എന്റെ ഓമനയ്ക്കു തോന്നിയതിൽ ഞാനഭിമാനം കൊള്ളുകതന്നെ ചെയ്തു. പോരെങ്കിൽ ഈ ശുഭാവസരത്തിൽ ഇവളുടെ അഭ്യൎത്ഥനകൾ നിരസിക്കുന്നതും ശരിയല്ലല്ലോ. അതിനാൽ സസന്തോഷം ഞാൻ മേരിയുടെ ആഗ്രഹത്തിനു വഴങ്ങിക്കൊടുത്തു. മേരിതന്നെ ഈ തുക അങ്ങയെ ഏല്പിക്കണമെന്നു ഞാനഭിപ്രായപ്പെടുകയുംചെയ്തു." ഫാദർ ആഡ്റിയൻ അതീവ ശ്രദ്ധയോടെ കോരച്ചന്റെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അദ്ദേഹം ചോദിച്ചു "എന്നാൽ വല്ല സാധനങ്ങളും വിവാഹസ്മാരകമായി പള്ളിയിലേക്കു വാങ്ങിത്തരുവാനായിരിക്കും പ്ലാൻ അല്ലേ?" "ഉദ്ദേശ്യമെന്തെന്നു് മേരിതന്നെ വിശദമാക്കട്ടെ" കോരച്ചൻ പറഞ്ഞു.

"മകളേ, എന്താണു് നിന്റെ ആഗ്രഹം?"വികാരിയച്ചൻആരാഞ്ഞു. ഒന്നുകൂടി അവളുടെ കണ്ണുകളിൽ നിന്നു് അശ്രുകണങ്ങൾ അടൎന്നുവീണു. "ബ. പിതാവേ, എനിക്കു്...മിഷൻപോകുവാൻ ... സാധ്യമല്ലെങ്കിലും...ഒരു ഭാവിമിഷനറിയുടെ അദ്ധ്യയനച്ചെലവു വഹിക്കുവാൻ ഇതു് അവിടുന്നു് സ്വീകരിക്കേണമെ." കൂടുതൽ സംസാരിക്കുവാൻ മേരിക്കു കഴിഞ്ഞില്ല. ഫാദർ ആഡ്റിയൻ വികാരഭരിതനായി. നിരവധി ഭൂതകാലസ്മരണകൾ അദ്ദേഹത്തിന്റെ മനോമുകുരത്തിൽ പ്രതിബിംബിച്ചു. നിശ്ശബ്ദമായ അഞ്ചാറു നിമിഷങ്ങൾ അങ്ങനെ കടന്നുപോയി. ശാന്തത കൈവെടിയാതെ അദ്ദേഹംതന്നെ മൗനം ഭഞ്ജിച്ചു: "മേരി, അനുകരണാൎഹമായ ഒരു പ്രവൃത്തിയാണു് നീ ചെയ്തിരിക്കുന്നതു്. അനാവശ്യാഡംബരങ്ങൾക്കായി ആയിരക്കണക്കിനു രൂപാ ചെലവിടുന്ന കുബേരകുമാരിമാർ മേരിയെ അനുകരിച്ചിരുന്നെങ്കിൽ! ആവശ്യമായഅനുവാദം നൽകി മകളുടെ സദ്ഹൃദയത്തെ ആദരിച്ച പിതാവും അഭിനന്ദനാൎഹനാണു്. മേരീ, നിന്റെ വിവാഹസ്മാരകം ഒരു മിഷനറിയായിരിക്കും. ജീവനുള്ള ആ സ്മാരകം ദിവ്യനാഥനാത്മാക്കളെ നേടിക്കൊടുക്കുമ്പോൾ നിനക്കഭിമാനിക്കാം, ആനന്ദം കൊള്ളാം അവിടുത്തെ രക്ഷാകരവേലയിൽ സാരമായ ഒരു പങ്കു നീ വഹിച്ചുവെന്നു്. കുഞ്ഞേ, അങ്ങനെ നീയും ഒരു മിഷനറിയായിത്തീൎന്നിരിക്കുന്നു." മിഷൻരംഗങ്ങളിലേക്കു പോകുവാൻ മേരിക്കുണ്ടായിരുന്ന ആഗ്രഹത്തെപ്പററി ഫാദർ ആഡ്റിയൻ അവളുടെ പിതാവിനെ ഗ്രഹിപ്പിച്ചു. ഒടുവിൽ മാതൃകായോഗ്യരായ ആ അപ്പനും മകളും അദ്ദേഹത്തിന്റെ ആശിസ്സും അനുഗ്രഹവും വാങ്ങി തിരിച്ചുപോയി.

അടുത്തദിവസം മേരിക്കുട്ടിയുടെ വിവാഹം ഫാദർ ആഡ്റിയൻ ആശീൎവ്വദിച്ചു.

## തിരുക്കൊച്ചിവാൎത്തകൾ

### പഞ്ചായത്തു തിരഞ്ഞെടുപ്പ്

തൃശ്ശൂർ ഡിസ്ട്രിക്ടിൽപ്പെട്ട ചില പഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

ചേരാനല്ലൂരിൽ ആകെയുള്ള 12 സീററുകളിൽ കോൺഗ്രസിനു് 6-ം സ്വതന്ത്രൎക്കു് 5-ം കെ. എസ്. പി. ക്കു് ഒന്നും ലഭിച്ചു. വെണ്ടൂർ (കുറുപ്പംപടി) പഞ്ചായത്തിൽ തിരഞ്ഞെടുപ്പു നടന്ന 7 സീററുകളിൽ 5-ം സ്വതന്ത്രൎക്കു ലഭിച്ചു. വരന്തരപ്പള്ളി (ഇരിങ്ങാലക്കുട) ആകെയുള്ള 7 സ്ഥാനങ്ങളിൽ കോൺഗ്രസിനു് 5-ം സ്വതന്ത്രൎക്കു് 2-ം ലഭിച്ചു. എറിയാടു പഞ്ചായത്തിൽ 10-ൽ 9-ം കോൺഗ്രസിനു ലഭിച്ചു. കൂൎക്കഞ്ചേരിയിൽ 8-ൽ 7-ം എടാട്ടു പഞ്ചായത്തിൽ 7-ൽ 4-ം കോൺഗ്രസുതന്നെ കരസ്ഥമാക്കി.

### എസ്. ബി. കോളെജു് പ്രിൻസിപ്പൽ

ചങ്ങനാശേരി സെൻറ് ബെൎക്കുമൻസ് കോളെജിന്റെ പ്രിൻസിപ്പലായിരുന്ന റവ. ഫാ. വില്യം തൽസ്ഥാനം രാജിവച്ചതിനെ തുടൎന്നു് റവ. ഫാ. പി. സി. മാത്യു എം. എ. അവർകൾ പുതിയ പ്രിൻസിപ്പലായി നിയമിതനായിരിക്കുന്നു. ഇദ്ദേഹം കഴിഞ്ഞ 10 വർഷങ്ങളായി എസ്. ബി. കോളെജിലെ വൈസ് പ്രിൻസിപ്പൽ എന്ന നിലയിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്നു. റവ. ഫാ. ഫ്റാൻസിസ് കാളാശേരി എം. എസ് സി. യാണു് ഇപ്പോൾ വൈസ് പ്രിൻസിപ്പലായി നിയമിതനായിരിക്കുന്നതു്.

## ഇൻഡ്യാ വാൎത്തകൾ

### ബൎമ്മാ അരി ഇൻഡ്യക്കു്

ഇൻഡ്യക്കു് മാററക്കച്ചവടത്തിന്റെ അടിസ്ഥാനത്തിൽ അരി നൽകാൻ ബൎമ്മാ ഗവൎമ്മെൻറു് സമ്മതിച്ചിരിക്കുന്നുവെന്നു് തത്സംബന്ധമായി ബൎമ്മാസന്ദൎശിച്ചു മടങ്ങിയെത്തിയ കേന്ദ്രഭക്ഷ്യമന്ത്രി മി. റാഫി അഹമ്മദ് കിദ്വായി പ്രസ്താവിച്ചിരിക്കുന്നു. ഇതിലേക്കു് ബൎമ്മാഗവൎമ്മെൻറിന്റെ ഒരു വ്യാപാരഡലഗേഷൻ മേയ് 2-ാംവാരത്തിൽ ഇൻഡ്യയിലെത്തുന്നതാണു്. അരിക്കു പകരം ബൎമ്മായ്ക്കു് ആദായകരമായി തോന്നുന്ന ഇൻഡ്യൻ സാമാനങ്ങൾ അവർ വാങ്ങിക്കുന്നതായിരിക്കും.

### മരണനിരക്കു്

കേന്ദ്ര ഗവൎമ്മെൻറിന്റെ ആരോഗ്യമന്ത്രിണി രാജകുമാരി അമൃതകോർ ഇൻഡ്യയിലെ മരണനിരക്കു് കൗൺസിലിൽ വെളിപ്പെടുത്തുകയുണ്ടായി. 1950-ൽ ഇൻഡ്യയിൽ ആയിരത്തിനു് 16 മരണം ഉണ്ടായി. 1947-ൽ ആയിരത്തിനു് 19·7-ം, 1948-ൽ 17-ം 1949-ൽ 15·8-ം മരണമാണുണ്ടായിട്ടുള്ളതു്.

## വിദേശവാൎത്തകൾ

### അവശരായ തടവുകാരെ എല്ലാം വിട്ടയക്കുന്നു

കൊറിയൻ യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ടിട്ടുള്ള ഐക്യരാഷ്ട്ര സൈന്യങ്ങളിൽ രോഗബാധിതരായ 600 പേരെ മാത്രം തിരിച്ചയക്കാമെന്നേ കമ്മ്യൂണിസ്റ്റുകാർ ആദ്യത്തെ സന്ധിസംഭാഷണത്തിൽ സമ്മതിച്ചിരുന്നുള്ളു. എന്നാൽ മുൻനിശ്ചയത്തെ ഭേദപ്പെടുത്തി, തങ്ങളുടെ തടങ്കൽ ക്യാമ്പുകളിലുള്ള രോഗികളും മുറിവേററവരുമായ എല്ലാ യു. എൻ. തടവുകാരെയും തിരിച്ചയക്കുന്നതാണെന്നു് ഉത്തരകൊറിയൻ കമ്മ്യൂണിസ്റ്റു് ജനറൽ ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നു.

### ബൎമ്മായുടെ പരാതി യു. എൻ. അസംബ്ലിയിൽ

ചൈനീസ് നാഷണലിസ്റ്റു് സേനകൾ ബൎമ്മയിൽ ആസ്ഥാനമുറപ്പിച്ചു പ്രവൎത്തനം നടത്തിക്കൊണ്ടിരിക്കുന്നതിൽ പ്രതിഷേധിച്ചു് ബൎമ്മാ ഗവർമ്മെൻറു് ഐക്യരാഷ്ട്രസമിതിയിൽ ബോധിപ്പിച്ചിരുന്ന പ്രമേയം യു. എൻ. പൊളിററിക്കൽ അസംബ്ലി ചൎച്ചചെയ്യുകയും ബൎമ്മയിലെ പ്രസ്തുത സേനകളെ അവിടെനിന്നും പറഞ്ഞയക്കുകയോ തടവിലാക്കുകയോ ചെയ്യേണ്ടതാണെന്നു് ഐകകണ്ഠ്യേന തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

——


# ഇടപ്പള്ളി

സെൻറ്ജോൎജ്ജ ഫൊറോനപള്ളിയിൽ

വി. ഗീവൎഗ്ഗീസ് സഹദായുടെ

# തിരുനാൾ

കൊടികയററം: ഏപ്രിൽ 25-ാംനു-

തിരുനാൾ: മേയ് 4—മേടം 22തിങ്കൾ

എട്ടാമിടം: മേയ് 11—മേടം 29തിങ്കൾ

# ദൈവവും പിശാചനും

(എൻ. എക്സ്. കുര്യൻ ബി എ ബി എൽ)

(ഡോക്ടർ ബിഷപ്പിന്റെ ടെസ്റ്റ്ട്യൂബിനു് വിധേയനല്ലാത്ത ചെകുത്താൻ ഡോക്ടർ ബിഷപ്പ് കയ്യാളശ്ശേരിയുടെ കല്പനയ്ക്കു് തലകുനിച്ച അത്ഭുതസംഭവം.)

ഈ പരിഷ്കൃതകാലത്തു്, ദൈവവും പിശാചനും ഉണ്ടോ? ദൈവം എന്നൊരാൾ ഉണ്ടെങ്കിൽ, സ്വർഗ്ഗം എന്നൊന്നുണ്ടെങ്കിൽ അവിടെ ഇരുന്നുകൊള്ളട്ടെ, എന്നാണത്രേ ബർണാഡ് ഷാ പറഞ്ഞിട്ടുള്ളതു്. ഇപ്പോൾ ആ പണ്ഡിതൻ എന്തു പറയുമോ? പിശാചനു് ലോകത്തിൽ കാര്യം വല്ലതും ഉണ്ടോ? അങ്ങനെ ഒരാൾ ഉണ്ടെങ്കിൽ, നരകം എന്നൊന്നുണ്ടെങ്കിൽ അവിടെ ഇരുന്നുകൊള്ളട്ടെ; ലോകത്തിൽ കാര്യമൊന്നുമില്ല എന്നാണു് ഇന്നത്തെ സാധാരണക്കാരന്റെ അഭിമതം. എന്തുകൊണ്ടെന്നാൽ നന്മയുടേയും തിന്മയുടേയും ഈ ശക്തികൾ ലോകത്തിൽ വ്യാപരിക്കുന്നില്ലെന്നു് സയൻസ് തെളിയിച്ചിട്ടുണ്ടത്രെ. ഒരു പ്രകാരം നോക്കിയാൽ ഈ പരിഷ്കാരികൾ പറയുന്നതു് ശരിയുമല്ല! ദൈവത്തെ അവർക്കു് വേണ്ട, പിന്നെ എങ്ങനെ, എന്തിനു് അവിടുന്നു് അവരുടെ ലോകത്തിലേക്കു വരും? പിശാചന്റെ പ്രവൃത്തികൾ അവരിൽ പലരും ഏറ്റെടുത്തിരിക്കുന്നു. പിന്നെ അയാൾ —മായനല്ല കേട്ടോ—എന്തിനു് അവരുടെ ലോകത്തിലേക്കു വരുന്നു? എന്നാൽ എന്തെല്ലാം അപരാധങ്ങൾ ആരെല്ലാം ചെയ്താലും, പെറ്റ തള്ള പിള്ളയെ വെടിഞ്ഞാലും ദൈവം ലോകത്തെ കൈവിടുകയില്ല. ദൈവം ഉണ്ടെങ്കിൽ പിശാചനും ഉണ്ടു് ലോകത്തിൽ. എന്നാൽ ഒരു വ്യത്യാസം ഉണ്ടു്. ദൈവത്തിന്റെ പരമശക്തിക്കു് വിധേയമായിട്ടുമാത്രമേ പിശാചനു് പ്രവർത്തിക്കാൻ സാധിക്കയുള്ളു.

എന്തുപറയുന്നു, ഇതൊക്കെ കേവലം തത്വവാദമെന്നോ? അല്ല, ഒരിക്കലുമല്ല. കേവലം സത്യവാദം. പരമാർത്ഥം. സയൻസുകാരനും, അവൻ അനർഹമായി പറയുന്നതു് കണ്ണുമടച്ചു് വിശ്വസിക്കാൻ തയാറുള്ളവനും മതകാര്യങ്ങളിലേക്കു വരുമ്പോൾ സകലതിനും വേണം തെളിവു്. കേട്ടുകേൾവി പോരാ, ദൃക്സാക്ഷികളുടെ തെളിവുവേണം. പരാശക്തിയും അതിനു വിധേയമായിട്ടുമാത്രം പ്രവർത്തിക്കുന്ന പൈശാചശക്തിയും ഇക്കാലത്തും നമ്മുടെ നാട്ടിലും, പരോക്ഷമായിട്ടു മാത്രമല്ല, പ്രത്യക്ഷമായിട്ടും പ്രവർത്തിക്കുന്നുണ്ടെന്നുള്ളതിനെ സ്ഫടികസ്ഫുടമായി തെളിയിക്കുന്ന ഒരു മഹാത്ഭുതസംഭവം, ഞാൻ മാത്രമല്ല, ഒരു പതിനായിരംപേരെങ്കിലും സന്ദർശിച്ചു സശിരഃകമ്പം സമ്മതിച്ചിട്ടുള്ളതിനെയാണു്, താഴെ ഉദ്ധരിക്കുന്നതു്. ഇക്കാലത്തു്, എന്നു പറഞ്ഞതു്, എന്റെ കോളെജ് വിദ്യാഭ്യാസകാലത്തു് ആയിരുന്നതു് വലിയ മുൻകാലമല്ലല്ലോ. എന്നു മാത്രമല്ല ദൈവനിഷേധവിഷയത്തിൽ സയൻസിനു കുറച്ചുകൂടി മൂർച്ച കൂടിയ കാലമായിരുന്നു അതു്.

"നോട്ടുകാട്ടാം സയൻസ്", എന്നും

ഈശ്വരനില്ലെന്നും......"

കുട്ടികളിൽ ചിലർ കൂസൽകൂടാതെ പാടിക്കൊണ്ടുനടക്കുന്നതു് കേൾക്കാമായിരുന്ന കാലമായിരുന്നു അതു്. അക്കാലത്തു് തിരുവനന്തപുരം മഹാരാജാസ കോളെജിൽ സയൻസ് ഐച്ഛികവിഷയമായി എടുത്തു് ഞാൻ ബി. എ. ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കയുമായിരുന്നു. സയൻസിൽ അസാമാന്യപാണ്ഡിത്യം സിദ്ധിച്ചിരുന്ന ഇംഗ്ലീഷുകാരൻ ധവള ഡോക്ടർ ബിഷപ്പായിരുന്നു ഈ വിഷയത്തിലുള്ള ഞങ്ങളുടെ പ്രധാന പ്രൊഫസർ. അത്ഭുതങ്ങൾ എന്നൊരുവക ലോകത്തിൽ ഇല്ലെന്നും, അങ്ങനെ കരുതപ്പെടുന്ന സംഭവങ്ങളെ, സയൻസിന്റെ ടെസ്റ്റ്ട്യൂബിൽ അപഗ്രഥിച്ചു് കാരണങ്ങൾ വിശദീകരിച്ചു്, പ്രകൃതിശക്തികൾക്കു് വിധേയമാക്കി അവയെ കാണിച്ചുതരാം എന്നും ഉള്ള അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. അക്കാലംവരെ അത്ഭുതങ്ങൾ ഒന്നും ഞാൻ നേരിട്ടുകണ്ടിട്ടില്ല. ആകയാൽ എന്റെ സജീവ ക്രൈസ്തവവിശ്വാസത്തിനു് വിരുദ്ധമായി ഇദ്ദേഹം പറയുന്നതു് സാമാന്യേന ഏറെക്കുറെ ശരിയായിരിക്കാമെന്നു് ഞാനും ധരിച്ചു. എന്നാൽ അലൗകികശക്തികളും, അതായതു് പ്രപഞ്ചാതീതശക്തികളും ഭൂലോകത്തിലും വ്യാപരിക്കുന്നുണ്ടെന്നും അവ സയൻസിന്റെ ഗവേഷണങ്ങൾക്കു് അതീതങ്ങളാണെന്നുമുള്ള എന്റെ വിശ്വാസം, ഞാൻ ഉദ്ധരിക്കുന്ന സംഭവത്തിൽനിന്നുമല്ലെങ്കിലും മറ്റു കാര്യകാരണങ്ങളാൽ ഞങ്ങളുടെ പ്രസ്തുത പ്രൊഫസർക്കും പിന്നീടു ബോദ്ധ്യമായെന്നാണു് ഞാൻ കേട്ടിട്ടുള്ളതു്. അതെങ്ങനെയും ഇരിക്കട്ടെ. ഈ ലേഖനത്തിനു വിഷയമായ മഹാത്ഭുതസംഭവം കേട്ടുകൊള്ളുക. എന്റെ സ്വദേശമായ കാവാലംകണ്ണാടിയിൽ ഞങ്ങൾക്കു ചാർച്ചയുള്ള ഒരു വീട്ടിൽ അതുപര്യന്തം ആ ദിക്കിൽ ആരും കണ്ടിട്ടില്ലാത്ത ചില മഹാത്ഭുതസംഭവങ്ങൾ — മനുഷ്യർക്കു് ഉപദ്രവകരങ്ങളാകയാലും മററും, പൈശാചികങ്ങൾ—നടന്നുകൊണ്ടിരിക്കുന്നുവെന്നു വീട്ടുകാരുടേയും നാട്ടുകാരുടേയും പല കത്തുകളും തിരുവനന്തപുരത്തു് താമസിച്ചു പഠിച്ചിരുന്ന എനിക്കു് കിട്ടി. ഞാൻ ഇതേപ്പററി കാര്യമായിട്ടുതന്നെ, ഞങ്ങളുടെ പ്രൊഫസർ ഡോ. ബിഷപ്പിനോടു സംസാരിച്ചു. അദ്ദേഹത്തിന്റെ യുക്തികൾക്കു് ഞാൻ എതിർവാദം ചെയ്തു. അപ്പോൾ അദ്ദേഹം ഏകദേശം ഇങ്ങനെ പറഞ്ഞു: "Nonsense, mass hypnotism, bring him here, let him be tested in my test tube." ഞാൻ അതിനു് ഇങ്ങനെ സമാധാനം പറഞ്ഞു: "പ്രകൃതിക്കു് അപ്പുറം സ്ഥിതിചെയ്യുന്നുവെന്നു കരുതുന്ന ചൈതന്യത്തെ സയൻസിന്റെ ടെസ്റ്റ്ട്യൂബിൽ എങ്ങനെകൊണ്ടുവരും?" സായിപ്പു്: "Then let him, or let it go, we are not concerned with that, mass hypnotism" എന്നൊക്കെ സായിപ്പു് ചിരിച്ചുകൊണ്ടു പറഞ്ഞു. ഞാൻ ഈ വിവരം നാട്ടിലേക്കുള്ള എന്റെ ചില കത്തുകളിൽ എഴുതി. അവരിൽ ചില മിടുമിടുക്കന്മാർ "സായിപ്പിനേയും അദ്ദേഹത്തിന്റെ ടെസ്റ്റ്ട്യൂബും മധ്യവേനൻ ഇളവിനു് ഞാൻ നാട്ടിലേക്കു മടങ്ങുമ്പോൾ കൂടെ കൊണ്ടുവരണം" എന്നു് എഴുതി. എന്നാൽ സായിപ്പിനെക്കൂടാതെ ഞാൻതന്നെ പ്രസ്തുത വെക്കേഷനു് നാട്ടിലേക്കു ചെന്നു. അന്നുച്ചതിരിഞ്ഞു 4 മണിക്കു് ചില കൂട്ടുകാരുമായി ഞാൻ എന്റെ ഭവനത്തിനു് ഒരു കാൽനാഴിക പടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്ന ആ വീട്ടിലേക്കു പോയി.

ആ വീട്ടിലെ ഒരംഗവും 12 വയസ്സു പ്രായമുണ്ടായിരുന്നവനുമായ ഒരു ബാലന്റെ സാന്നിദ്ധ്യത്തിലാണു് ഈ വിശേഷസംഭവങ്ങൾ നടന്നിരുന്നതു്. ആകയാൽ അവനെ അടുത്ത ഒരു പുരയിടത്തിൽ താമസിപ്പിച്ചിരിക്കയായിരുന്നു. അവനെക്കൂടി കൂട്ടിക്കൊണ്ടാണു് ഞാൻ ആ വീട്ടിലേക്കു ചെന്നതു്. വീട്ടുമുററത്തു് ഇട്ടുതന്ന കസേരപ്പുറത്തു് സയൻസുകാരനായ ഞാൻ ഇരുന്നു. ഒരു ഞൊടിയിട കഴിഞ്ഞില്ല, അതിനു മുമ്പു് ഒരു മുപ്പറക്കൊട്ട നിറയെ ചരൽ വഹിച്ചിരുന്നതു് അദൃശ്യനായ ആരോ മുകളിൽനിന്നും എന്റെ തലയിലേക്കു ചൊരിയാൻ തുടങ്ങി. ഞാൻ ചാടി എഴുന്നേററു് കൈകൾകൊണ്ടു തട്ടി. അപ്പോൾ ആ കൊട്ടയും മണ്ണും മേല്പോട്ടുപൊങ്ങി, ഞാൻ മാറുന്ന സ്ഥലത്തേക്കു നീങ്ങിനീങ്ങി എന്റെ മേൽ ചരൽവർഷം ചെയ്തുകൊണ്ടിരുന്നു. ഇതു് മെസ്മറിസമോ, മായയോ ഒന്നുമല്ല, ടെസ്റ്റ്ട്യൂബിലെപരീക്ഷണത്തെക്കാൾ യഥാർത്ഥമായ ഒരു സംഗതിയാണെന്നു് എനിക്കു ബോദ്ധ്യമായി. മുഖത്തും ശിരസ്സിലും ചരൽ പതിച്ചു ആ സമ്മർദ്ദം എന്നെ നൊമ്പരപ്പെടുത്തുകയും ചെയ്തു. ഇതു നടക്കുമ്പോൾ പ്രസ്തുതബാലൻ കുറെ ദൂരെമാറി, തെക്കുപുറത്തെ വേലിമേൽ പിടിച്ചുകൊണ്ടു നില്ക്കയായിരുന്നു. എന്റെ ശിരസ്സിൽ ചരൽവീഴ്ത്തിയ ചെകുത്താന്റെ നീണ്ടുനീണ്ട കരങ്ങൾ അവന്റെ സമീപത്തേക്കും അപ്പോൾ സഞ്ചരിക്കയായിരുന്നു. "അയ്യോ എന്റെ കാലുകൾ പിടിച്ചു ഞെക്കുന്നേ" എന്നും പറഞ്ഞുകൊണ്ടു് അവൻ തെക്കേപുരയിടത്തിലേക്കു വേലിക്കുമീതേക്കൂടി ഒരു ചാട്ടം വച്ചുകൊടുത്തു. അപ്പോൾത്തന്നെ എന്റെ തലയിലെ ചരൽവീഴ്ചയും നിന്നു. ഞാൻ നിർബന്ധിച്ചതുകൊണ്ടു് ആ ബാലൻ ആ പുരയിടത്തിലേക്കു കയറിവന്നെങ്കിലും അവനു് ഉപദ്രവം ഉണ്ടാകുമെന്നറിയാമായിരുന്നതുകൊണ്ടാണു് അവൻ, ചാടി രക്ഷപ്രാപിക്കാൻ സൗകര്യമുള്ള വേലിക്കു് സമീപേ പോയിനിന്നതു്. കുറേകഴിഞ്ഞപ്പോൾ അയൽപക്കത്തെ പൊറുതികൊണ്ടും അവനു് ഗുണമില്ലാതായി ഭവിച്ചു. ആ ചെകുത്താൻ—ചാത്തനെന്നു് പറയാറുള്ളവനല്ല, അതിലും കേമൻ—അവിടെ ചെല്ലുന്നവരുടെ മേൽ മണൽവാരിയെറിയുന്നതു മാത്രമല്ല, മററു പല അത്ഭുതകൃത്യങ്ങളും ചെയ്തിരുന്നു. അടുക്കളയിൽകിടന്ന അരകല്ലു് അന്തരീക്ഷത്തിൽക്കൂടി പറഞ്ഞു പുറത്തോട്ടു വന്നു വീഴുക, കല്ലും കട്ടയും കാണികളുടെ ദേഹത്തിൽ വീഴ്ത്തുക, ഇങ്ങനെ പല വിക്രിയകളും നടന്നുകൊണ്ടിരുന്നു. വീട്ടുകാർക്കു കഷ്ടതകളും നാട്ടുകാർക്കു ഭയവും കൗതുകവും നൽകിക്കൊണ്ടു ഈ നെടുംകാലൻ പിശാചൻ അവിടെനിന്ന ഒരു പൊക്കംകൂടിയ തെങ്ങിന്റെ മണ്ടയിൽ ഒടുവിൽ സ്ഥിരവാസമായതുപോലെ അനുഭവപ്പെട്ടു. ഉച്ചതിരിഞ്ഞു 5 മണിക്കു തുടങ്ങും തെങ്ങിന്റെ മണ്ടയിലിരുന്നുകൊണ്ടുള്ള അവന്റെ വീക്കുചെണ്ടയടി. ആ പെരുംഭേരിയുടെ ശബ്ദം ആ കരമുഴുവൻ കേൾക്കാമായിരുന്നു. ഈ കേളികൊട്ടു കേൾക്കുമ്പോൾ ചിലപ്പോൾ ഇവന്റെ മേളങ്ങൾ കാണ്മാൻ ഞാനും പോകുമായിരുന്നു. അവൻ പതിയിരുന്ന കൊന്നത്തെങ്ങു ഉലയ്ക്കുകയും വളയ്ക്കുകയും ചെയ്യുമായിരുന്നു. ഭയങ്കരരൂപനായ ഈ പിശാചൻ ആ ബാലനുമാത്രം ഒരുദർശനം നൽകി. അവനെ കണ്ടു ഭയപ്പെട്ട ആ

സ്വമാതാവിന്റെ പ്രാർത്ഥനയും പരിത്യാഗവുംമൂലം മനസ്സുതിരിഞ്ഞ ലേയോൺ ബ്ലോയിയെപ്പററി കഴിഞ്ഞ പ്രാവശ്യം പ്രസ്താവിച്ചിരുന്നല്ലോ. അമ്മയെ

ബാലൻ ബോധരഹിതനായി താഴെ വീണു. അന്നുമുതലാണു് ഈ വിചിത്രസംഭവങ്ങൾ ആരംഭിച്ചതു്. ഏകദേശം ഒരു സംവത്സരത്തിലധികം ഈ പിശാചൻ അവിടെ നടമാടി. പ്രാർത്ഥനകൾകൊണ്ടും നേർച്ചകാഴ്ചകൾകൊണ്ടും ഫലം അപ്പോൾ കണ്ടില്ല. ഒടുവിൽ ഗത്യന്തരമില്ലെന്നു കണ്ടു വീട്ടുകാരും ഇടവകക്കാരിൽ ചിലരും, പ്രത്യേകമായി ബ. ഫാദർ കോശിമമ്പവവും—അന്നു് അദ്ദേഹം പുരോഹിതനായിട്ടില്ല—ചേന്നു് ചങ്ങനാശേരി ബിഷപ്പു്, കയ്യാളശ്ശേരി തിരുമനസ്സിലെ സന്നിധിയിൽ ഈ പിശാചനെ അവിടെനിന്നും ഓടിപ്പാൻ മാർഗ്ഗമുണ്ടാക്കണമെന്നു് സങ്കടം ബോധിപ്പിച്ചു. തിരുമനസ്സുകൊണ്ടു് ഒരു കല്പനയെഴുതി കാവാലത്തുപള്ളി വികാരിയച്ചനെ ഏല്പിച്ചു. മൂന്നു ഞായറാഴ്ചകളിൽ ആ വീട്ടിൽ കൊണ്ടുചെന്നു് അതു വായിക്കാൻ നിർദ്ദേശവും നൽകി. ഇന്നത്തെ പരിഷ്കാരികൾ ഇതു വിശ്വസിക്കുമോ! കല്പനയുമമ്പിൽ ആ കൊടിയപിശാചു് തലകുനിച്ചു. അവന്റെ കുചേഷ്ടിതങ്ങൾ സകലതും നിലച്ചു. പ്രസ്തുത ബാലനും വീട്ടുകാർക്കും നാട്ടുകാർക്കും പ്രശാന്തിലഭിച്ചു. ഈ ബാലൻ നല്ലനിലയിൽ വളർന്നുവന്നു് ഒരു ഉത്തമകുടുംബത്തിന്റെ നായകനായി ദീർഘനാൾ ജീവിച്ചുശേഷം കഴിഞ്ഞവർഷം ചരമഗതിപ്രാപിച്ചു. സുറിയാനി ഭാഷയിലുള്ള ആ കല്പന അയാൾ മരിക്കുന്നതുവരെ ഭദ്രമായി സൂക്ഷിച്ചിരുന്നു. ഇപ്പോഴും ആ വീട്ടിൽ കാണുമെന്നു തോന്നുന്നു. ആ കൊടിയപിശാചനെ തലകുനിപ്പിച്ച ആ കല്പന പരാശക്തിയുടെ പ്രതിപുരുഷനു സിദ്ധിച്ച അധികാരശക്തിയുടെ സുപ്രസിദ്ധമായ പ്രകടനംതന്നെ ആയിരുന്നു. പവിത്രാത്മാവിനാൽ പ്രേരിതരായി ഔദ്യോഗികനിലയിൽ പ്രവർത്തിക്കുന്ന മെത്രാന്മാരുടെയും പുരോഹിതന്മാരുടെയും വചനങ്ങൾക്കും കല്പനകൾക്കും എന്തുമാത്രം ശക്തിയുണ്ടെന്നു് ലോകം വേണ്ടതുപോലെ അറിയാത്തതു് കഷ്ടം എന്നു മാത്രമല്ല മഹാ നഷ്ടവും!!

പ്രഭാഷണം

## കത്തുന്ന വിളക്കു്

ഇപ്പോഴോ, ഞാൻ എന്നെ അയച്ചവന്റെ അടുക്കലേക്കു് പോകുന്നു. നീ എവിടെക്കുപോകുന്നുവെന്നു് നിങ്ങളിൽ ഒരുത്തനും എന്നോടു ചോദിക്കുന്നില്ല. ഞാൻ നിങ്ങളോടു് ഇവ പറഞ്ഞതുകൊണ്ടു് ദുഃഖം വന്നു നിങ്ങളുടെ ഹൃദയങ്ങൾ നിറച്ചിരിക്കുന്നു. എന്നാൽ സത്യം ഞാൻ നിങ്ങളോടു പറയുന്നു: ഞാൻപോകുന്നതു നിങ്ങൾക്കു നന്നു്. ഞാൻ പോകുന്നില്ലെങ്കിലോ പാരക്ലേത്താ നിങ്ങളുടെ അടുക്കലേക്കു വരികയില്ല. എന്നാൽ ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയക്കും. അവൻ വന്നുകഴിയുമ്പോൾ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും അവൻ ലോകത്തെ കുററപ്പെടുത്തും. അവർ എന്നിൽ വിശ്വസിക്കാതിരിക്കുന്നതുകൊണ്ടു് പാപത്തെക്കുറിച്ചു്. ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്കു പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ടു് നീതിയെക്കുറിച്ചു്. ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കകൊണ്ടു് ന്യായവിധിയെക്കുറിച്ചു്. എനിക്കു നിങ്ങളോടു് ഇനിയും വളരെപ്പറയുവാനുണ്ടു്. എന്നാൽ (അവ) ഗ്രഹിക്കുവാൻ ഇപ്പോൾ നിങ്ങൾക്കു കഴികയില്ല. എന്നാൽ സത്യാത്മാവു വന്നുകഴിയുമ്പോൾ അവൻ സകല സത്യത്തിലും നിങ്ങളെ നടത്തും. എന്തുകൊണ്ടെന്നാൽ അവൻ സ്വന്തമായി പറയുകയില്ല. പിന്നെയോ അവൻ കേൾക്കുന്നതെല്ലാം പറയുകയും വരുവാനിരിക്കുന്നവ നിങ്ങളെ അറിയിക്കുകയും ചെയ്യും. മാത്രമല്ല, അവൻ എന്റേതിൽനിന്നെടുത്തു് നിങ്ങൾക്കു കാണിച്ചുതരുന്നതുകൊണ്ടു് എന്നെയും മഹത്വപ്പെടുത്തും. എന്റെ പിതാവിനുള്ളതെല്ലാം എന്റേതു് ആകുന്നു. അതുകൊണ്ടാകുന്നു അവൻ എന്റേതിൽനിന്നെടുത്തു് നിങ്ങൾക്കു കാണിച്ചുതരും എന്നു ഞാൻ നിങ്ങളോടു പറഞ്ഞതു്. (ഉയിർപ്പു് 4-ാം ഞായർ. യോഹന്നാൻ 16: 5—15)

പ്പോലെ പട്ടിണിയോടു പടവെട്ടിയാണു് അദ്ദേഹവും ജീവിതയാത്രയിൽ മുന്നോട്ടുനീങ്ങിക്കൊണ്ടിരുന്നതു്. 1889-ൽ, ലെയോൺ ബ്ലോയിക്കു് 40 വയസ്സായിരുന്നപ്പോൾ, ഫ്രാൻസിസ് കോപ്പു് എന്നയാളുടെ ഭവനത്തിൽവച്ചു് ദീർഘകായയും ലാവണ്യവതിയുമായ ഒരു യുവതിയെ കണ്ടുമുട്ടി. ഡെൻമാർക്കിലെ ഒരു പ്രസിദ്ധ കവിയായ മോൾവെക്കിന്റെ പുത്രി ജീൻ ആയിരുന്നു അവൾ. അവരെ ആതിഥേയർ പരസ്പരം പരിചയപ്പെടുത്തി. അവർ അല്പനേരം സംഭാഷിച്ചു. ലെയോൺ ബ്ലോയി അവിടെനിന്നും യാത്രപറഞ്ഞു പിരിഞ്ഞശേഷം ജീൻ മോൾവെക്കു് ഫ്രാൻസിസ് കോപ്പിന്റെ പുത്രി ആനിയോടു ചോദിച്ചു, ആ അസാധാരണ വ്യക്തി ഏതുതരക്കാരനാണെന്നു്. "ഒരു പിച്ചക്കാരൻ" എന്നാണു് അവൾ അതിനു നൽകിയ മറുപടി.

കുറെനാൾക്കുശേഷം ജീൻ മോൾവെക്കു് പ്രസ്തുതസംഭവം അനുസ്മരിച്ചുകൊണ്ടു് രേഖപ്പെടുത്തിയതു ഇപ്രകാരമാണു്: "ആ മറുപടി ഒരിടിമുഴക്കം കണക്കേ എന്റെ കണ്ണുപുടങ്ങളിൽ മാറ്റൊലിക്കൊണ്ടു. യാതൊരു ഒഴിവുകഴിവിനും പഴുതില്ലാത്തവണ്ണം അതു ഖണ്ഡിതമായിരുന്നു. തൽക്ഷണം അദ്ദേഹത്തിന്റെ പക്ഷംപിടിക്കുവാൻ അതെന്നെ നിർബന്ധിച്ചു. അതിൽ വലിയൊരു അനീതി മുഴച്ചുനില്ക്കുന്നതായി എനിക്കു തോന്നി. അദ്ദേഹത്തെ ഒരുപ്രാവശ്യം മാത്രം കാണാനിടവന്ന ഒരു വ്യക്തിയോടു ഇപ്രകാരമാണല്ലോ അവർ സംസാരിച്ചതെന്നു് ഓർക്കുകയിൽ, നിരാശ്രയനായ അദ്ദേഹത്തിന്റെ പക്ഷത്തേക്കു് എന്റെ ഹൃദയം പാഞ്ഞെത്തി. എന്നിട്ടും എനിക്കദ്ദേഹത്തിന്റെ യഥാർത്ഥവിലയെപ്പററി യാതൊരു ബോധവുമില്ലായിരുന്നു. അതു് എന്നിൽനിന്നു് മറച്ചുവച്ചതിനു ഞാൻ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കുന്നു." ജീൻ അന്നു് ഒരു കത്തോലിക്കയായിരുന്നില്ല. അവളുടെ മനസ്സിൽ ദീർഘകാലമായി സ്ഥലംപിടിച്ചിരുന്ന മുൻവിധിയുടെ കണ്ണാടിയിൽക്കൂടി നോക്കിയപ്പോൾ, ലെയോൺ ബ്ലോയിയെപ്പോലെ ഉൽകൃഷ്ടനായ ഒരു മനുഷ്യനു കത്തോലിക്കനായിരിക്കുവാൻ സാ

ധിക്കുന്നുതന്നെ വിസ്മയജനകമായി അവൾക്കു തോന്നി. ഏതാനും കത്തിടപാടുകൾക്കുശേഷം ജീൻ കത്തോലിക്കാവിശ്വാസം സ്വീകരിച്ചു. അവളിലുണ്ടായ ഈ മനഃപരിവർത്തനത്തെപ്പററി കേട്ടപ്പോൾ ബ്ലോയി അവൾക്കിപ്രകാരമെഴുതി: "ഭവതി സഭയിൽ പ്രവേശിക്കാൻപോകയാണെന്നു, പരിശുദ്ധാരൂപിയുടെ ഒരു യഥാർത്ഥ പുത്രിയാകാൻ പോകയാണെന്ന വാർത്ത എൻെറ ഹൃദയത്തെ ഗാഢമായി സ്പർശിച്ചിരിക്കുന്നു. അതിൽ എനിക്കുമൊരു പങ്കുണ്ടു്. ദരിദ്രനും ആശാവിഹീനനുമായ ഒരാളുടെനേർക്കു നിങ്ങൾ പ്രദർശിപ്പിച്ച അനുകമ്പാർദ്രമായ സ്നേഹത്തിനു നിങ്ങൾക്കു ലഭിക്കുന്ന മനോജ്ഞമായ സമ്മാനമാണതു്... ദൈവത്തിൽനിന്നു നമുക്കു എന്തെങ്കിലുമൊരനുഗ്രഹം ലഭിക്കുമ്പോൾ ആരോ അതിനുള്ള വില കൊടുത്തുവെന്നു നാം വിശ്വസിക്കണം; അതാണു് സാമാന്യതത്വം."

അവർ അന്യോന്യം വിവാഹവാഗ്ദാനംചെയ്തതോടൊപ്പം, ദാരിദ്ര്യത്തേയും സ്വയം വരിച്ചു. 20 കൊല്ലക്കാലത്തിനിടയ്ക്കു് 18 പ്രാവശ്യം താമസസ്ഥലം മാററുവാൻ അവർ നിർബദ്ധരായി. അവരുടെ സാക്ഷാൽ ഭവനം സ്വർഗ്ഗമാണെന്നതിൻെറ ഒരു സാധനപാഠമാണതെന്നു ബ്ലോയി പറയുമായിരുന്നു. എല്ലാ ദിവസവും അവർ ആദ്യത്തെ കർബാന കാണുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യുമായിരുന്നു. പ്രാതലിൻെറ സമയത്തു ദൈവത്തെക്കുറിച്ചാണു് അവർ സംസാരിച്ചുവന്നതു്. മാനസികവും ആത്മീയവുമായ വ്യഥകൾ നിറഞ്ഞ നീണ്ട മണിക്കൂറുകൾ അനുദിനവും അവക്കു തള്ളിനീക്കേണ്ടിവന്നിട്ടുണ്ടു്. പക്ഷെ അവയെല്ലാം ജീവിതത്തിൻെറ മേൽപ്പരപ്പിലാണു് സ്ഥിതിചെയ്തിരുന്നതു്. അതിനടിയിലായി അനവദ്യമായ മനോഹാരിതയും ആനന്ദവും കുടികൊണ്ടിരുന്നു. ജീൻ അതിനു നൽകിയിരിക്കുന്ന പൊരുൾ ഇപ്രകാരമാണു്: "മററുള്ളവർക്കില്ലാത്ത ഒരു കത്തുന്ന വിളക്കു ഞങ്ങൾക്കുണ്ടായിരുന്നു.".

പരിശുദ്ധാരൂപി കൊളുത്തിയതാണു് ആ വിളക്കു്. അതിൽനിന്നും പുറപ്പെട്ട വിശ്വാസത്തിൻെറയും സ്നേഹത്തിൻെറയും ഉജ്ജ്വലകിരണങ്ങൾ അവരുടെ ഹൃദയങ്ങളിൽനിന്നു ലൗകികചിന്താഗതിയുടേയും ഭോഗാസക്തിയുടേയും തമസ്സിനെ ആട്ടിപ്പായിച്ചു. തൽഫലമായി മനുഷ്യജീവിതത്തെ ഒരു പുതിയ വെളിച്ചത്തിൽ വീക്ഷിക്കുവാൻ, അതിൻെറ തനിനിറം കാണുവാൻ അവക്കു സാധിച്ചു. "സത്യാത്മാവു വന്നുകഴിയുമ്പോൾ അവൻ സകല സത്യത്തിലും നിങ്ങളെ നടത്തും" എന്ന വാക്യം അവരുടെ ജീവിതത്തിൽ എങ്ങനെ അന്വർത്ഥമായി ഭവിച്ചു എന്നു ചിന്തിച്ചുനോക്കുക.

ഇന്നു ലോകത്തിനു് പററിയിരിക്കുന്ന ഏററവും വലിയ തകരാറു ഈ സത്യാത്മാവിനെപ്പററി മിക്കവരും ചിന്തിക്കുന്നില്ല, അവിടുത്തെ ദിവ്യപ്രകാശത്തിനുവേണ്ടി കൂപ്പുകൈയോടെ പ്രാർത്ഥിക്കുന്നില്ല എന്നതത്രെ. എന്തെങ്കിലുമൊരു വിഷമപ്രശ്നം ഉദയംചെയ്യുമ്പോൾ മനുഷ്യർ എന്തൊക്കെയാണു് കാട്ടിക്കൂട്ടുന്നതു്! ഫോണെടുക്കുന്നു, വക്കീലിനോടാലോചിക്കുന്നു, നേതാക്കന്മാരെ സമീപിക്കുന്നു, മന്ത്രിമാരെ നമസ്കരിക്കുന്നു, അങ്ങോട്ടുമിങ്ങോട്ടും പരക്കംപായുന്നു, തലപുകഞ്ഞാലോചിക്കുന്നു; അതിൻെറയെല്ലാം ഫലമായി ബുദ്ധിഭ്രമത്തിൻെറ പടിപ്പുരവരെ എത്തുന്നവരും ദുർല്ലഭമല്ല! പരീക്ഷ അടുക്കുമ്പോൾ ഇപ്രകാരം വെകിളിപിടിക്കുന്ന വിദ്യാർത്ഥികളുമുണ്ടു് ധാരാളം. എന്നാൽ ഈവക വിഷമഘട്ടങ്ങളിൽ പരിശുദ്ധാരൂപിയുടെ ദിവ്യപ്രകാശത്തിനായി പ്രാർത്ഥിക്കുന്നവർ എത്ര വിരളം? ഒരു ഡോക്ടർ രോഗിയെ പരിശോധിക്കുന്നതിനുമുമ്പും ഒരു വക്കീൽ കേസ് വാദിക്കുന്നതിനുമുമ്പും ഒരു ജസ്റ്റിസ് വിധി പ്രസ്താവിക്കുന്നതിനുമുമ്പും ഒരു മന്ത്രി ഭരണമേല്ക്കുന്നതിനുമുമ്പും ഒരദ്ധ്യാപകൻ പഠിപ്പിക്കാൻ തുടങ്ങുന്നതിനുമുമ്പും ഒരു വിദ്യാർത്ഥി പഠനമാരംഭിക്കുന്നതിനുമുമ്പും ഹൃദയത്തെ ദൈവത്തിൻെറ പക്കലേക്കുയർത്തി ഒരു ലഘുപ്രാർത്ഥന ഉരുവിടുന്നപക്ഷം അവർ ഏർപ്പെടുന്ന കാര്യങ്ങൾ വിജയപര്യവസായി ആകുന്നതിനു് എത്രയോ കൂടുതൽ സാധ്യതകളുണ്ടു്. ഈ വിഷയത്തിൽ മദ്രാസ് പ്രധാനമന്ത്രി ഏവർക്കും ഉത്തേജകമായ മാതൃകയാണു നൽകുന്നതു്. ഏതാനും മാസങ്ങൾക്കുമുമ്പു് മദ്രാസ് നിയമസഭയിൽ അദ്ദേഹമൊരു വിശ്വാസപ്രമേയമവതരിപ്പിച്ചു. തൽസംബന്ധമായ വാദപ്രതിവാദങ്ങൾക്കിടയിൽ പ്രതിപക്ഷത്തിൻെറ അസഹിഷ്ണുതയും അപ്രീതിയും അവഗണിച്ചുകൊണ്ടു ദൈവത്തിൻെറ സർവ്വസാന്നിദ്ധ്യത്തെപ്പററി അദ്ദേഹം പ്രതിപാദിച്ചു. ആ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടുവേണം തങ്ങളുടെ വോട്ടുകൾ നിക്ഷേപിക്കാനെന്നും അദ്ദേഹം സാമാജികന്മാരെ ഉൽബോധിപ്പിച്ചു. അദ്ദേഹം വിജയിക്കുകയും ചെയ്തു.

ഇക്കഴിഞ്ഞ ജാനുവരി 20-ാം തീയതി അമേരിക്കൻ പ്രസിഡൻറായി സ്ഥാനാരോഹണം ചെയ്ത മി. ഐസനവർ സത്യപ്രതിജ്ഞ ചെയ്ത ശേഷം ക്യാബിനററംഗങ്ങളുമൊരുമിച്ചു ചെയ്ത പരസ്യപ്രാർത്ഥനയുടെ ഒരു ഭാഗം ഉദ്ധരിക്കാം: "സർവ്വശക്തനായ ദൈവമേ! ..തെററിൽനിന്നു ശരിയായതിനെ വ്യക്തമായി തിരിച്ചറിയാൻ വേണ്ട ശക്തി ഞങ്ങൾക്കു തരണമെന്നും ഞങ്ങളുടെ എല്ലാ വാക്കുകളും പ്രവൃത്തികളും അതിനാലും ഈ രാജ്യത്തെ നിയമങ്ങളാലും ഭരിക്കപ്പെടുന്നതിനു് ഇടയാക്കണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു." എബ്രഹാം ലിങ്കൻെറ സ്പ്രിംഗ് ഫീൽഡ് പ്രസംഗം സുപ്രസിദ്ധമാണു്. 1861-ൽ പ്രസിഡൻറുപദം ഏറെറടുക്കാൻ യാത്രപുറപ്പെട്ടപ്പോൾ അദ്ദേഹം അഭിഭാഷകവൃത്തി നിർവഹിച്ചിരുന്ന സ്പ്രിംഗ് ഫീൽഡിലെ സുഹൃത്തുക്കളോടായി ചെയ്ത പ്രസംഗത്തിനിടയ്ക്കു് ഇപ്രകാരം പ്രസ്താവിച്ചു: "വാഷിംഗ്ടൻെറ ചുമലിൽ നിക്ഷിപ്തമായിരുന്നതിനെക്കാൾ ഗുരുതരമായ ഒരു കർത്തവ്യഭാരമാണു് എൻെറ മുമ്പിലുള്ളതു്. വാഷിംഗ്ടനെ സദാ അനുഗ്രഹിച്ചിരുന്ന ആ പരാശക്തിയുടെ സഹായം കൂടാതെ ഞാൻ വിജയിക്കാൻ പോകുന്നില്ല. ആ സഹായം ലഭിക്കുന്ന പക്ഷം ഞാൻ പരാജയമടയുകയുമില്ല. എന്നോടുകൂടി പോരുവാനും നിങ്ങളോടുകൂടി വസിക്കുവാനും എവിടേയും നന്മയ്ക്കായുള്ള ഒരു പ്രേരണാശക്തിയായി നിലകൊള്ളുവാനും സാധിക്കുന്ന ആ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു, എല്ലാം ശുഭമായി പര്യവസാനിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം. അവിടുത്തെ സംരക്ഷണത്തിനു നിങ്ങളെ ഓരോരുത്തരേയും ഭരമേല്പിച്ചുകൊണ്ടും അപ്രകാരം നിങ്ങളുടെ പ്രാർത്ഥനകളിൽ നിങ്ങൾ എന്നേയും അവിടുത്തേക്കു ഭരമേല്പിക്കുമെന്ന പ്രതീക്ഷയോടുകൂടിയും ഞാൻ നിങ്ങളോടു സ്നേഹപൂർവ്വം യാത്ര പറയുന്നു." ദൈവസഹായത്തിൽ പ്രശസ്തമതികളായ രാജ്യതന്ത്രജ്ഞന്മാർക്കുള്ള അചഞ്ചലമായ വിശ്വാസത്തിൻെറ മകുടോദാഹരണങ്ങളാണിവ.

കെയ്റോവിലെ മഹമ്മദീയ സർവ്വകലാശാലയുടെ ചുമരിൽ ആലേഖനംചെയ്തിരിക്കുന്ന ഒരു വാചകവും പ്രത്യേകം സ്മർത്തവ്യമാണു്: "കെമിസ്ട്രിക്കു പ്രാധാന്യമുണ്ടു്, എന്നാൽ ദൈവത്തിനാണു കൂടുതൽപ്രാധാന്യം." ദൈവഭക്തരായ കത്തോലിക്കരെന്നു് അഭിമാനിക്കുന്ന നമ്മെ ലജ്ജിപ്പിക്കുവാൻ പോരുന്നവയാണു് ഇത്തരം ഉദാഹരണങ്ങൾ. ദൈവത്തിനു്, അവിടുന്നർഹിക്കുന്നസ്ഥാനം നാം നൽകുന്നില്ല എന്നതത്രെ നമ്മുടെ പരാജയങ്ങളുടേയും ചിന്താകുഴപ്പങ്ങളുടേയുംമുഖ്യഹേതു. നാം അവിടുത്തെനേർക്കു കൂടുതലായ ആശ്രയബോധം പ്രദർശിപ്പിക്കണം. നമ്മെ പ്രത്യേകവിധം നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യുവാനായി പരിശുദ്ധാത്മാവിനെ അവിടുന്നു് അയച്ചുതന്നിട്ടുണ്ടു്. സ്ഥൈര്യലേപനം എന്ന കൂദാശ റൂഹാദക്കുദശായുടെ ദാനങ്ങൾ പ്രാപിപ്പാനുള്ള ഒരു പ്രത്യേകോപാധിയത്രെ. അവ ധാരാളമായി ലഭിക്കുന്നതിനുവേണ്ടി നാം അനുദിനം പ്രാർത്ഥിക്കുകകൂടി വേണം. "റൂഹാദക്കുദശാതമ്പുരാനേ! നീ എഴുന്നള്ളിവരിക" എന്നാരംഭിക്കുന്ന ജപം ദിവസത്തിലൊരുപ്രാവശ്യമെങ്കിലും ചൊല്ലുന്നതാണെന്നു പ്രതിജ്ഞചെയ്യുവിൻ. പ്രത്യേകിച്ചും പ്രധാനപ്പെട്ട എന്തെങ്കിലും തീരുമാനമെടുക്കുന്നതിനു മുമ്പു് റൂഹാദക്കുദശായോടു പ്രാർത്ഥിച്ചു പരിശീലിക്കുവിൻ.

*P. I. J.*

ചെറുകഥ

# ജീവനുള്ള സ്മാരകം

(I. V. DAS)

അദ്ദേഹം തുറന്നു പറഞ്ഞു: "മകളേ നിനക്കു ദൈവവിളി ഇല്ല." മേരിക്കുട്ടി പൊട്ടിക്കരഞ്ഞു. അവളുടെ ആശാസൗധം തകർന്നു നിലംപതിച്ചിരിക്കുന്നു. വിദൂരതയിൽ പറന്നുപോയി പാവനസ്വരൂപനുവേണ്ടി ആത്മാക്കളെ നേടുവാൻ ആ പാവം കൊതിച്ചിരുന്നതാണു്. പണത്തിൻെറ പകിട്ടു് അവളെ പരാങ്മുഖയാക്കുവാൻ പര്യാപ്തമായിരുന്നില്ല. പട്ടാടയും പട്ടുമെത്തയും പരിഗണനാർഹമല്ലെന്നു് അവൾക്കു തോന്നിയതാണു്. എന്നാൽ അവളുടെ ആദ്ധ്യാത്മികപിതാവു് ഇതാ വ്യക്തമായി പ്രസ്താവിച്ചുകഴിഞ്ഞു "മകളേ നിനക്കു ദൈവവിളിയില്ലെ"ന്നു്. അവൾക്കറിയാമായിരുന്നു ആലോചനാപൂർവ്വം അദ്ദേഹം ചെയ്ത തീരുമാനത്തിൽ അബദ്ധം പിണയുകയില്ലെന്നു്. ഫാദർ ആഡ്റിയൻ ആർദ്രചിത്തനാണു്, എന്നാൽ ആദർശധീരനാണു്; അഗാധപണ്ഡിതനായ അദ്ദേഹം ആദ്ധ്യാത്മികനിയന്ത്രണപടുവാണു്, സർവ്വോപരി ഭക്തോത്തംസമാണു്. മേരിയുടെ കരച്ചിലിനു് കരുണാമയനായ ആ വികാരിയച്ചനെ ഇളക്കിമറിക്കുവാനുള്ള കഴിവുണ്ടായിരുന്നില്ല. ശാന്തത കൈവെടിയാതെ സാന്ത്വനസൂക്തികളാൽ അവളെ അദ്ദേഹം സമാശ്വസിപ്പിച്ചു. അവസാനം ആ അജപാലൻ പറഞ്ഞു: "കുഞ്ഞേ, സമാധാനത്തോടെ പോകുക. ചെറുപുഷ്പത്തിൻെറ മാതാവായ സെലിഗ്വാരിനെപ്പററി നീ കേട്ടിട്ടില്ലേ. കന്യകാലയത്താൻെറ കനത്തഭിത്തികൾക്കുള്ളിൽ കാലംകഴിച്ചു് കർത്താവിൻെറ കരുണകളെ പാടിപ്രകീർത്തിച്ചു് പരിശുദ്ധി പ്രാപിക്കുവാനവൾ ആഗ്രഹിച്ചിരുന്നു. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. അന്നവൾ നിന്നെപ്പോലെ വാവിട്ടു കരഞ്ഞുകാണും. അന്നു് അവളുടെ അഭീഷ്ടം നിറവേറിയിരുന്നെങ്കിൽ ഇന്നു നമുക്കു ഒരു വിശുദ്ധ കൊച്ചുത്രേസ്യായെ ലഭിക്കുമായിരുന്നോ? മകളേ, ഒന്നാലോചിച്ചുനോക്കണം." കരഞ്ഞു കരഞ്ഞു മേരിയുടെ കണ്ണുകലങ്ങിയിരുന്നു. അവൾ ചോദിക്കുകയാണു് "അച്ചാ .....എനിക്കു ദൈവവിളി...ഇല്ലേ?" അസന്ദിഗ്ദ്ധമായി അവളുടെ ആത്മഗുരു പ്രതിവചിച്ചു "ഇല്ല, മേരി നിനക്കു ദൈവവിളി ഇല്ല. മാതൃകാകുടുംബിനിയായി ജീവിച്ചു് ഈശോയെ തൃപ്തിപ്പെടുത്തുകയെന്നതാണു് നിന്നെ സംബന്ധിച്ചു ദൈവഹിതം. മകളേ, മനസ്സമാധാനത്തോടെ പോകണം. ഈശോ നിന്നെ അനുഗ്രഹിക്കും." മേരിക്കുട്ടിക്കു് അധികമൊന്നും പറയുവാനില്ലായിരുന്നു. ബാഷ്പകണങ്ങൾ സാരിത്തുമ്പിനാൽ തുടച്ചുകൊണ്ടു് അവൾ വീട്ടിലേക്കു നടകൊണ്ടു.

മകളുടെ വരവും കാത്തിരിക്കുകയായിരുന്നു കോരച്ചൻ. താരുണ്യത്തിൻെറ വഴിത്താരയിൽ കാൽകുത്തിയിരിക്കുന്ന തൻെറ സീമന്തപുത്രി പേരും പെരുമയുമുള്ള ഒരു വരനുമായി ചേരുന്നതു കാണുവാൻ അയാൾ ആഗ്രഹിച്ചുതുടങ്ങിയിട്ടു് മാസങ്ങൾ ഒന്നുരണ്ടായി. എന്നാൽ മേരിക്കൊരാഗ്രഹം. ധൈര്യപൂർവ്വം അവളതു അപ്പച്ചനെ ഗ്രഹിപ്പിച്ചിരുന്നു. "അപ്പച്ചാ, രണ്ടു മാസം കഴിഞ്ഞിട്ടു് എൻെറ മാര്യേജിനെപ്പററി ആലോചിച്ചാൽ മതി." ബിരുദധാരിയായ കോരച്ചൻ മകളുടെ അഭീഷ്ടത്തിനു വഴങ്ങിക്കൊടുത്തു. ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്ന കാര്യത്തിൽ മക്കളുടെ മനോഗതി ആരാഞ്ഞറിയാത്ത മാതാപിതാക്കന്മാരുടെ കൂട്ടത്തിലല്ലായിരുന്നു അയാൾ. എങ്കിലും കാര്യങ്ങളെല്ലാം കോരച്ചൻ കണ്ടുവച്ചിട്ടുണ്ടായിരുന്നു. മാസം രണ്ടിനു മൂന്നുംകഴിഞ്ഞു. അന്നു നേരംവെളുത്താൽ മേരിയോടു കാര്യമായി ചിലതു ചോദിക്കണമെന്നാണു് ആ ഗൃഹസ്ഥൻ കരുതിയിരുന്നതു്. എന്നാൽ രാവിലെ അവൾ പള്ളിയിലേക്കു പോയിക്കഴിഞ്ഞു. കാലത്തെ കാപ്പിയും കഞ്ഞിയും കഴിഞ്ഞു. മകൾ മടങ്ങിയെത്തിയിട്ടില്ല. പത്തുമണിയോടടുത്തു തിരിച്ചുവന്ന മേരിയെ പിതാവിൻെറ സ്നേഹപൂർവ്വമായ ശാസനയാണു് അഭിവാദനം ചെയ്തതു്. "ഇത്ര വൈകുന്നതുവരെ എന്തു ചെയ്യുകയായിരുന്നവ്‌ടെ? പോയി കാപ്പികുടിച്ചിട്ടിങ്ങോട്ടുവാ." "അപ്പച്ചാ ഞാൻ വികാരി അച്ചനെക്കണ്ടു് സംസാരിക്കുവാനായി കാത്തുനിന്നതുകൊണ്ടാണു് താമസിച്ചുപോയതു്" അവളുടൻ അകത്തേക്കുപോയി. അഴലിൻെറ ഒരു ചെറിയ നിഴൽ അരുമസന്താനത്തിൻെറ വദനസരോരുഹത്തിൽ പരന്നിരുന്നതു് കോരച്ചൻ കാണാതിരുന്നില്ല. കാപ്പികുടിച്ചു മേരി ഉടൻ മടങ്ങിവന്നു. അപ്പച്ചനും അമ്മച്ചിയും "പാർലറി"ൽ കൂടിയിരിക്കുകയാണു്. കോരച്ചൻെറ കസേരയുടെ പിന്നിൽ നിന്നിരുന്ന അവളുടെ അമ്മ പറഞ്ഞു "മേരി, നിൻെറ അഭിപ്രായമറിയുവാൻ കാത്തിരിക്കുകയാണു് നിൻെറ അപ്പച്ചൻ. മാസം രണ്ടുംകഴിഞ്ഞു മൂന്നുംകഴിഞ്ഞു. ഇനിയും മറുപടിപറയാറായില്ലേ?" മകൾ മൗനം അവലംബിച്ചു. അമ്മ വിട്ടുകൊടുത്തില്ല. "ഞാനങ്ങു തുറന്നു പറഞ്ഞേക്കാം. നിൻെറ മാര്യേജിൻെറ കാര്യമാ അപ്പച്ചൻ ചോദിക്കുന്നേ." "മേരി നീ എന്തുപറയുന്നു?" കോരച്ചനും ആരാഞ്ഞു മകളുടെ മനോഗതം. അവസാനം ലജ്ജാസമന്വിതമായ ഒരു മറുപടി: "അപ്പച്ചൻെറ ഇഷ്ടംപോലെ."

* * *

മാസം കഷ്ടിച്ചൊന്നു കടന്നുപോയി. മേരിയുടെ വിവാഹമഹോത്സവത്തിനുള്ള ഒരുക്കങ്ങൾ തകൃതിയായി നടന്നു. ആഭരണമടക്കം മുപ്പതിനായിരം രൂപ സ്ത്രീധനം. അയ്യായിരമാണു് സദ്യക്കുള്ള "എസ്റ്റിമേററു്". വേഷഭൂഷാദികളിൽ കുറവൊന്നും വരരുതെന്നുള്ള നിർബന്ധക്കാരനാണു് കോരച്ചൻ. എന്തിനധികം? അങ്ങനെ വിവാഹത്തിൻെറ തലേദിനം സമാഗതമായി. ഉച്ചഭാഷിണിയിൽക്കൂടെ പുറപ്പെടുന്ന സംഗീതധ്വനി അന്തരീക്ഷത്തെ മുഖരിതമാക്കി. കമനീയമായലങ്കരിച്ച ഒരു പന്തൽ സജ്ജമായി. അതുപോലെ പലതും.

വികാരിയച്ചൻെറ ആശീർവ്വാദം വാങ്ങുവാൻ കോരച്ചൻ മേരിയൊന്നിച്ചു് യാത്രയായി. അദ്ദേഹത്തെ വലിയ കാര്യമായിരുന്നു അയാൾക്കു്. പോരെങ്കിൽ മകളുടെ ആത്മപിതാവുമാണല്ലോ ഫാദർ ആഡ്റിയൻ. താമസിയാതെ അവരിരുവരും പള്ളിമേടയിലെത്തി. മേരിയേയും കോരച്ചനേയും കണ്ടതിൽ വികാരിയച്ചൻ അതീവസന്തുഷ്ടനായി. ഉപചാരവിധികളിലൊന്നും കുറവുവരുത്തിയില്ല അദ്ദേഹം. കോരച്ചൻെറ കസേരയുടെ പിറകിൽനിന്നു മേരി. ഫാദർ ആരംഭിച്ചു: "മിസ്റ്റർ കോരച്ചൻ മകളുമൊരുമിച്ചു ഇറങ്ങിയിരിക്കുകയാണല്ലേ. മേരി, നിനക്കെൻെറ അഭിനന്ദനങ്ങളും അനുമോദനങ്ങളും." "ഫാദർ, അങ്ങയുടെ ബ്ലെസിംഗ് അപേക്ഷിക്കുവാനാണു് ഞങ്ങൾ ഇങ്ങോട്ടു തിരിച്ചതു്." കോരച്ചൻ പറഞ്ഞുതുടങ്ങി. "ഇവൾക്കെന്തൊക്കെയോ അവിടുത്തോടു അറിയിക്കാനുമുണ്ടു്."

"മേരിക്കുഞ്ഞേ, എന്താ വിശേഷം? പറയണം." ഫാദർ ആഡ്റിയൻ അനുവദിച്ചു.

മേരിയുടെ കണ്ണുകൾ നിറഞ്ഞു. നയനങ്ങളിൽനിന്നു് അടർന്നുവീണ ബാഷ്പകണങ്ങൾ തുടച്ചിട്ടു് അവൾ തൻെറ ആദ്ധ്യാത്മികപിതാവിൻെറ പക്കലേക്കു തിരിഞ്ഞു "ബ. പിതാവേ, അവിടുന്നു് ദയവായി ഇതു സ്വീകരിക്കണമെ." അവൾ മുമ്പോട്ടു നീങ്ങി ഒരു കടലാസുപൊതി മേശപ്പുറത്തുവച്ചു.

ഫാദർ: "എന്താണിതു, മേരി!"

കോരച്ചനാണു ഉടനെ സംസാരിച്ചതു്. "അച്ചാ, ആ പൊതിയുടെ പിന്നിൽ ഒരു ചെറിയ ചരിത്രംതന്നെയുണ്ടു്. രണ്ടാഴ്ചമുമ്പു് എൻെറ സഹോദരിയുമൊന്നിച്ചു സാരിമ്യൂസിയത്തിലേക്കു മേരിയെത്തന്നെ വിട്ടു. "തോട്ടാൻ ബ്രദേഴ്സിൽ"നിന്നും അവളുടെ അഭിരുചിക്കൊത്ത ആഭരണങ്ങൾ തിരഞ്ഞെടുക്കുന്നതിനും അവരിരുവരേയും തന്നെയാണു് നിയോഗിച്ചതു്. ആവശ്യത്തിനുള്ള പണം അവരുടെ പക്കൽ ഏല്പിച്ചിരുന്നു. ഞാൻ പിന്നെ അക്കാര്യത്തിലൊന്നും അത്ര തലയിടുവാൻ പോയില്ല. ഇന്നു് ഇങ്ങോട്ടു പോരുന്നതിനുമുമ്പു് ഇവ

(ശേഷം 8-ാം പേജിൽ)

# നിലത്തെഴുത്ത്

(ഇ. ജെ. ആൻറണി ബി എ. എൽ. ടി.)

നിലത്തെഴുത്തിനു് മഹനീയ പാരമ്പര്യമുണ്ടെന്നു് പഴമക്കാരെല്ലാം സമ്മതിക്കും. ലോകചരിത്രത്തിൽ അതിപ്രധാനമായ ഒരു നിലത്തെഴുത്തുസംഭവം നടന്നിട്ടുണ്ടു്. അതു് ക്രിസ്തുവർഷം 30-ൽ ആയിരുന്നു.

നല്ല ഇടയനായ അവിടുന്നു കാടും, മലയും കടലും തരണംചെയ്തിട്ടുണ്ടു്. ഗലീലി, സമേരിയാ, യൂദേയാ മുതലായ പലസ്തീനാ രാജ്യവിഭാഗങ്ങളെല്ലാം കാൽനടയായി മനുഷ്യപുത്രൻ സഞ്ചരിച്ചുകഴിഞ്ഞു. അവിടുത്തെ സമ്പർക്കസായൂജ്യമനുഭവിച്ചിരുന്ന അപ്പസ്തോലന്മാർ അകമ്പടിസേവിച്ചിരുന്നു. വരദാനം ലഭിച്ച ശിഷ്യഗണം മിശിഹായുടെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും, സാത്താനെ പുറത്താക്കുകയും ചെയ്തു. ഇവരെക്കൂടാതെ അത്ഭുതങ്ങൾ പ്രവർത്തിച്ചു് അവിടുന്നു് സുഖപ്പെടുത്തിയ നിരവധി ആളുകൾ അവിടുത്തോടു് കൂറുള്ളവരായിട്ടുണ്ടു്. പ്രസംഗം കേൾക്കുവാൻ തടിച്ചുകൂടിയിരുന്ന ജനങ്ങളിൽ "നല്ലനിലം"പോലുള്ളവരും യേശുനാഥന്റെ പക്ഷത്തുള്ളവരായിരുന്നു. പക്ഷെ, ഒരു കക്ഷി രൂപീകരിച്ചു്, രാജ്യഭരണം കൈവരിക്കണമെന്നു് യേശുമിശിഹായ്ക്കു് ഉദ്ദേശമില്ല. അഞ്ചപ്പം കൊണ്ടു് അയ്യായിരം ആളുകളെ സംതൃപ്തരാക്കിയ അവസരത്തിൽ അവർ അവിടുത്തെ പിടിച്ചുകൂടി രാജാവാക്കുവാൻ ശ്രമിക്കുകയും, അവിടുന്നു് അവരിൽനിന്നു് ഓടി രക്ഷപെടുകയുമാണുണ്ടായതു്. മിശിഹായുടെരാജ്യം "ഐഹികമല്ല." മിശിഹാ വിതച്ചിട്ടുള്ള വിത്തുകൾ മുളച്ചു് "നൂറുമേനി" വിളവു് പുറപ്പെടുവിക്കുമെന്നും, കടുകുമണി ലോകവ്യാപകമായ മഹാവൃക്ഷമായി പരിലസിക്കുമെന്നും ദൈവമായ അവിടുന്നു് അറിഞ്ഞിട്ടുണ്ടു്, അതിനാവശ്യമായ പാറക്കെട്ടുകൾ പത്രോസിന്റേതുപോലുള്ള ഹൃദയങ്ങളിൽ സ്ഥാപിച്ചുറപ്പിച്ചിട്ടുമുണ്ടു്.

പക്ഷെ, അമാനുഷികത്വമൊന്നും അനുയായികൾക്കു് യേശുമിശിഹാ കൊടുത്തിട്ടില്ല. മാംസവും രക്തവുമുള്ള സാധാരണക്കാരായിരുന്നു അവർ. കുലമഹിമയില്ല, പാണ്ഡിത്യമില്ല, സംസ്കാരമില്ല അവർക്കു്. രാഗവികാരങ്ങൾ അന്യർക്കുള്ളതുപോലെ അവരിലും കാണാം. ഭൗതികസാമ്രാജ്യം സ്ഥാപിക്കുന്നതോടുകൂടി ഓരോരോ സ്ഥാനങ്ങളിൽ കയറിപ്പററാമെന്ന കരുതലും അവരിൽ ചിലർക്കില്ലാതില്ല. അഗ്രിമസ്ഥാനത്തിനു് അതിയായി ആഗ്രഹിക്കുകയും, അമ്മയെക്കൊണ്ടു് ശുപാർശ ചെയ്യിക്കുകയും ചെയ്യുന്നു അവരിൽ രണ്ടുപേർ. ഖണ്ഡിതമായ പ്രബോധനങ്ങൾമൂലം പിന്തിരിഞ്ഞുപോയവരുമുണ്ടായിരുന്നു. യേശുവിന്റെ സഹോദരന്മാർപോലും അദ്ദേഹത്തെ വിശ്വസിച്ചിരുന്നില്ല. മിശിഹായുടെ ദിവ്യത്വത്തെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ വെളിപാടുമൂലം പ്രഖ്യാപിച്ച പാറയായ പീററർ—സ്വർഗ്ഗത്തിന്റെ താക്കോൽ യേശുവിൽനിന്നു് ലഭിച്ച പീററർ—എടുത്തുചാട്ടം, വിചാരശൂന്യത, ഭീരുത്വം എന്നിവയിൽ മികച്ചുനിന്നിരുന്നു. "വല്ലഭനു് പുല്ലായുധം" എന്നുണ്ടല്ലോ. അന്നത്തെ അഭ്യസ്തലോകം പുറംതള്ളിയിരുന്ന ഇവരെയാണു് ലോകനാഥൻ അവിടുത്തെ ശാശ്വതസഭയുടെ അസ്തിവാരവും, നടുത്തൂണുകളുമായി എടുത്തുറപ്പിച്ചിട്ടുള്ളതു്. അവിടുത്തെ തിരുവുത്ഥാനമഹാസംഭവം കണ്ടറിഞ്ഞശേഷം, പരിശുദ്ധ മറിയത്തിന്റെ സാന്നിദ്ധ്യശീതളത്വം ആസ്വദിച്ചു് പ്രാർത്ഥനാനിരതരായി കഴിഞ്ഞുകൂടിയ അപ്പസ്തോലന്മാർ ഒരു ദിവസം രാവിലെ ഒമ്പതുമണിക്കു് രൂപാന്തരപ്പെടുന്നു, വേറെ മനുഷ്യരായിത്തീരുന്നു. പരിശുദ്ധാരൂപിയുടെ ആഗമനവും, കത്തോലിക്കാസഭയുടെ പിറന്നാളുമാണു് അന്നു്. ഏതാനുംദിവസം മുമ്പു് ഒലിവററ് മലയിൽനിന്നു് അവരെല്ലാം കണ്ടുകൊണ്ടുനില്ക്കേ സ്വർഗ്ഗത്തിലേക്കുയർന്നു് കാർമേഘങ്ങൾ ആവരണംചെയ്തു് മറച്ചക്രിസ്തുവിന്റെരാജ്യത്തു് ചെന്നുപററണമെന്നതാണു് അവരുടെ ഏകലക്ഷ്യം. അതിനു് ക്രിസ്തുവിന്റേതായ ക്രൂശിതവഴിയല്ലാതെ വേറൊന്നില്ലെന്നും അവർക്കറിയാം. കർത്താവിനുവേണ്ടി എവിടെ പ്രസംഗിക്കുവാനും, ആരെ അഭിമുഖീകരിക്കുവാനും, ധിക്കരിക്കുവാനും, എന്തു ത്യാഗം സഹിക്കുവാനും അവർ സന്നദ്ധരാകുന്നു. സ്റ്റീഫൻ ഒന്നാമത്തെ വേദസാക്ഷിയായി ചുടുരക്തം ചിന്തുന്നു, കല്ലെറിഞ്ഞവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ത്രികാലജ്ഞനായ യേശുമിശിഹായ്ക്കു് ഇതെല്ലാം കാലേക്കൂട്ടി നിശ്ചയമുണ്ടു്. "അങ്ങുന്നു് എനിക്കു തന്നവരെ ഞാൻ കാത്തു. വിശുദ്ധലിഖിതംനിവർത്തിക്കപ്പെടേണ്ടതിനു്, നാശത്തിന്റെ പുത്രനല്ലാതെ, അവരിൽ ഒരുത്തനും നശിച്ചുപോയിട്ടുമില്ല" എന്നു് സ്വപിതാവിനോടു പറഞ്ഞതിൽ അവിടുന്നു് കൃതകൃത്യബോധത്തെ വെളിപ്പെടുത്തിയിരിക്കുന്നു.

എന്നാൽ യേശുക്രിസ്തുവിനു് കൊടിയവ്യാകുലത്തിനവകാശമുണ്ടു്. ഗർഭിണിയായ അവിടുത്തെ അമ്മയേയും, നിസ്സഹായനായ "പിതാവിനെയും" ആദരിച്ചില്ല ബെത്ലഹംപട്ടണം. തന്റെ ജനനത്തിൽ ആലപിക്കപ്പെട്ട ആകാശവാണി, "അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്കു് സമാധാനവും" എന്നതു് വനരോദനമായിത്തീർന്നു. തന്റെ പേരിൽ കുഞ്ഞുകുട്ടികളെ കൊന്നൊടുക്കി നാടുമുഴുവൻ കരച്ചിലും പ്രലാപവുമുണ്ടാക്കി. വേദപുസ്തകം യഥേഷ്ടം വ്യാഖ്യാനിച്ചു് "ഏട്ടിലപ്പടി പയററിലിപ്പടി" എന്ന തരത്തിൽ വ്യാപരിച്ചവരായിരുന്നു അന്നത്തെ ഇസ്രായേൽജനം. സ്വന്തം കണ്ണിലുള്ള തടി വച്ചുകൊണ്ടു് അന്യരുടെ കണ്ണിലെ കരടു് നിമ്മാജ്ജനം ചെയ്തിരുന്നു അവർ. താപസജീവിതം അനുഷ്ഠിച്ചിരുന്ന യോഹന്നാനിൽ പിശാചുണ്ടെന്നു് പറഞ്ഞവർ മനുഷ്യപുത്രൻ ഭക്ഷിക്കുന്നതും കുടിക്കുന്നതും കണ്ടു് "ഭോജനപ്രിയനും, മദ്യപനും, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനും ആയ മനുഷ്യൻ" എന്നു് അദ്ദേഹത്തെ വിളിച്ചിരുന്നു. അവർ അദ്ദേഹത്തെ കൊല്ലുവാനിരിക്കുന്ന പരമാർത്ഥം വെളിപ്പെടുത്തിയപ്പോൾ അദ്ദേഹം പിശാചുബാധിതനാണെന്നു് അവർ താറടിക്കുകയാണു് ചെയ്തതു്. തനിക്കു ഭ്രാന്താണെന്നും പറയുവാൻ അവർ മടിച്ചില്ല. ഒരിക്കൽ തന്നെ എറിയുവാൻ അവർ കല്ലെടുത്തു. "അബ്രാഹം ഉണ്ടാകുന്നതിനുമുമ്പേ ഞാൻ ഉണ്ടു്" എന്ന സത്യം പറഞ്ഞതാണു് കാരണം. അവിടുന്നു ദൈവമായിരുന്നു. "പിതാവു് എന്നിലും ഞാൻ പിതാവിലും സ്ഥിതിചെയ്യുന്നു" എന്ന വാസ്തവം പറഞ്ഞതിനു് അവർ അവിടുത്തെ പിടികൂടുവാൻ ശ്രമിച്ചു. ജരസേന്യരുടെ ദേശത്തിൽ മഹാ അത്ഭുതം പ്രവർത്തിച്ചു് പിശാചുബാധിതരെ സുഖപ്പെടുത്തിയതിന്റെ ഫലം പട്ടണവാസികളെല്ലാം വന്നു് മിശിഹായെ നാട്ടിൽനിന്നു് പുറത്താക്കുകയായിരുന്നു. പിതാവിന്റെ ദേവാലയം യഹൂദന്മാർ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു. പിടക്കോഴി അതിന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴു് അണയ്ക്കുന്നതുപോലെ യേശുനാഥൻ യഹൂദജനതയെ രഞ്ജിപ്പിച്ചു് അണച്ചുകൊള്ളുവാൻ അഹോരാത്രം പരിശ്രമം ചെയ്തു. അതെല്ലാം വിഫലമായപ്പോൾ ജറുസലം പട്ടണത്തിനു് നേരിടുവാനിരുന്ന നാശത്തെ ഓർത്തു് അവിടുന്നു് കരഞ്ഞു. പിതാവിന്റെ ദൗത്യം അക്ഷരംപ്രതി നിർവ്വഹിച്ചിട്ടുള്ള യേശുമിശിഹാ യഹൂദന്മാരുടെ ആന്തരികനില അസന്ദിഗ്ദ്ധഭാഷയിൽ വെളിപ്പെടുത്തി. ഒരവസരത്തിൽ ഉക്തമാർഗ്ഗത്തിനപുറമെ ലിഖിതമാർഗ്ഗവും ഉപയോഗിക്കാതിരുന്നില്ല.

ഇസ്രായേൽക്കാരുടെ കൂടാരത്തിരുനാൾ ആസന്നമായി. ശത്രുക്കളുടെ വിദ്വേഷം മൂർദ്ധന്യാവസ്ഥയിലെത്തിയിട്ടുള്ളതുകൊണ്ടു് അവിടുന്നു് യൂദേയായിൽ പ്രവേശിക്കാതെ ഗലീലയിൽ സഞ്ചരിച്ചിരുന്നു. അത്ഭുതപ്രവൃത്തികൾ ശിഷ്യന്മാരും കാണേണ്ടതിനു് യൂദേയായിലേക്കു ചെല്ലുന്നതു് അഭിലഷണീയമാണെന്നു് സഹോദരന്മാർ യേശുവിനോടു പറഞ്ഞു. അവിടുത്തെ സമയം ഇനിയുംആയിട്ടില്ലെന്നുംഅവരോടു് തിരുനാളിനു് പൊയ്ക്കൊള്ളുവാനും മിശിഹാ അരുളിച്ചെയ്തു. സഹോദരന്മാർ പോയശേഷം യേശു രഹസ്യമായിട്ടെന്നപോലെ തിരുനാളിനു പോയി. അതു ഏകദേശം പകുതി ആയപ്പോൾ അവിടുന്നു് ദേവാലയത്തിലെത്തി പ്രസംഗിക്കുവാൻ തുടങ്ങി. നിലത്തെഴുത്തിന്റെ സന്ദർഭവും വന്നുചേർന്നു.

ലോകരക്ഷകൻ അടുത്തദിവസം രാവിലെ അവിടെ തടിച്ചുകൂടിയ ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്നു. ഏതുവിധത്തിലും അവിടുത്തെ കുടുക്കിലാക്കുവാൻ "ഒത്തും പതിയുംവച്ചു്" നടന്നിരുന്ന ഉപദേഷ്ടാക്കന്മാരും, ഫരിസേയരും അതാ കൂട്ടമായി യേശുക്രിസ്തുവിനെ സമീപിക്കുന്നു. അവർ ജയഭേരിമുഴക്കിക്കൊണ്ടാണു് വന്നിട്ടുള്ളതു്. കൂടെ ഒരു സ്ത്രീയെ കൊണ്ടുവന്നിട്ടുണ്ടു്. വ്യഭിചാരക്കുററമാണു് അവർ അവളിൽ ആരോപിക്കുന്നതു്. മോസസിന്റെ നിയമപ്രകാരം കല്ലെറിഞ്ഞുകൊല്ലുകയല്ലാതെ ഗത്യന്തരമില്ല. എന്തുചെയ്യണമെന്നു് അവർ യേശുവിനോടു് ചോദിക്കുന്നു. വേദപാരംഗതന്മാരെ തക്കിച്ചു് തോല്പിക്കുന്ന അദ്ദേഹം പ്രവർത്തിക്കുന്നതെന്തെന്നു് കാണട്ടെ! സൂസന്നായെ കൊല്ലണമെന്നാവശ്യപ്പെട്ട കാരണവന്മാരുടെ കഥ അവർ മറന്നിരിക്കുന്നു. അവരുടെ ഉദ്ദേശം അതിന്റെ തനിരൂപത്തിൽ പരേംഗിതജ്ഞനും മഹാദാനിയേലുമായ യേശുമിശിഹായ്ക്കു് മനസ്സിലായി. സ്ത്രീയാകട്ടെ, മൗനം മൂലം കുററം സമ്മതിക്കുന്നുമുണ്ടു്. യേശു കുനിഞ്ഞു് വിരൽകൊണ്ടു നിലത്തെഴുതുവാൻ തുടങ്ങി. അവർ ആവർത്തിച്ചുചോദിക്കുകയാൽ "നിങ്ങളിൽ പാപമില്ലാത്തവൻ ഒന്നാമതായി അവളുടെമേൽ കല്ലെറിയട്ടെ" എന്നു് അവിടുന്നു് അരുളിച്ചെയ്തു. നിശ്ശബ്ദനായി വീണ്ടും നിലത്തെഴുത്തു തുടങ്ങി.

നിലത്തെഴുത്തിന്റെ മാസ്മരികഫലം! എഴുത്തുകഴിഞ്ഞു് ലോകരക്ഷകൻ തല ഉയർത്തി നോക്കിയപ്പോൾ "തൊണ്ടി"യുമായി ആഗതരായ അന്യായക്കാരെ കണികാണ്മാനില്ല. അവർ ഒന്നൊഴിയാതെ കടന്നുകളഞ്ഞു. പാപികൾക്കു് ഏകാവലംബവും, പാപികളുടെ ഉദ്ധാരണാർത്ഥം തിരുവവതാരം ചെയ്തയാളുമായ യേശുനാഥൻ വിഷണ്ണയായ "പ്രതി"യുടെ നേരെ തിരിഞ്ഞു് കുററാരോപണം ചെയ്തവരെല്ലാം എവിടെയെന്നും, ആരും ശിക്ഷയ്ക്കധീനയാക്കിയില്ലയോ എന്നും ചോദിക്കുന്നു. "ഇല്ല! സ്വാമിൻ" എന്നു് ആ സ്ത്രീ പറഞ്ഞു. "ഞാനും നിന്നെ ശിക്ഷയ്ക്കു് വിധേയയാക്കുന്നില്ല. പൊയ്ക്കൊള്ളുക" എന്നു് പാപരഹിതനായ മിശിഹാ അരുളിച്ചെയ്തു. "ഇനിമേൽ പാപം ചെയ്യരുതു്" എന്നൊരു താക്കീതും അവിടുന്നു നൽകി.

നിലത്തെഴുതിയതു് എന്തായിരുന്നു? പരമാർത്ഥരഹിതമായ അവരുടെ പ്രവൃത്തിയിലുള്ള അതൃപ്തിയും അലക്ഷ്യവും മൂലമായിരിക്കാം മിശിഹാ അങ്ങനെ ചെയ്തതു്. ഇരച്ചുപൊളിച്ചു്, പാപരഹിതരെന്ന നിലയിൽ യേശുവിനെ കുടുക്കിലാക്കുവാനായി വന്നുചേർന്ന മൂപ്പന്മാരടക്കമുള്ള പ്രമാണികളുടെ ഉള്ളെല്ലാം കണ്ണാടിയിലെന്നപോലെ കണ്ടിരുന്ന ദൈവകുമാരൻ അവരുടെ പേരും അതിന്റെകൂടെ പാപങ്ങളുടെ വിവരവുമായിരുന്നു രേഖപ്പെടുത്തിയതു് എന്നും പറയുന്നുണ്ടു്. ഓരോരുത്തരും അതറിഞ്ഞു് കടന്നുകളയുകയാണത്രെ ചെയ്തതു്. ഏതായാലും മറുപടിയും നിലത്തെഴുത്തും, തിരോധാനവും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനു് സംശയമില്ല.

യേശുക്രിസ്തു ഗ്രന്ഥമൊന്നും രചിച്ചിട്ടില്ല, ലേഖനങ്ങളും, എഴുത്തുകളും എഴുതിയിട്ടില്ല. ഇതൊന്നും കൂടാതെ ലോകപരിവർത്തനവും, സാമ്രാജ്യസ്ഥാപനവും അനന്യസാധാരണമായും, അജയ്യമായും സാധിച്ചു. ഈ നിലത്തെഴുത്തു കൂടാതെ അവിടുന്നു് എഴുതിയിട്ടുള്ളതെല്ലാം ശിഷ്യന്മാരുടെ ഉൾത്തടത്തിലായിരുന്നു. യേശുമിശിഹാ പ്രവർത്തിച്ചിട്ടുള്ളതെല്ലാം രേഖപ്പെടുത്തിയിരുന്നെങ്കിൽ ലോകത്തിലൊതുങ്ങാത്തവിധം അത്രയധികം പുസ്തകങ്ങൾ ഉണ്ടാകുമായിരുന്നു എന്നു് യോഹന്നാൻ സുവിശേഷകൻ പ്രസ്താവിച്ചിട്ടുണ്ടു്. അവിടുത്തെ അനുയായികൾവഴി ലോകത്തിനു് ലഭിച്ചിട്ടുള്ള അനർഘവും, അക്ഷയവുമായ നിക്ഷേപത്തിന്റെ ഒരു രഹസ്യവും ഇതുതന്നെ!

ആഴമേറിയ നിഗമനത്തിലേക്കാണു് രാജാധിരാജന്റെ "നിലത്തെഴുത്തു" എത്തിച്ചേരുന്നതു്. മണ്ണോടു ചേരേണ്ട മനുഷ്യൻ മണ്ണുമായുള്ള സമ്പർക്കം പുലർത്തണമെന്നൊരു പാഠവും ഈ മഹത്തായ സംഭവം നൽകാതിരിക്കുന്നില്ല.

## സംഭവകഥകൾ

### വോട്ടുചെയ്യാത്തവരാണു് ഉത്തരവാദികൾ

ന്യൂയോർക്കിലെ ഒരു ഹോട്ടലിലിരുന്നു് രണ്ടുപേർ തമ്മിൽ രാഷ്ട്രീയകാര്യങ്ങളെപ്പററി സംസാരിക്കുകയായിരുന്നു.

1-ാമൻ: "കൊള്ളരുതാത്ത ഇത്രയേറെ പൗരന്മാർ ഈ നാട്ടിലുള്ളതു് ലജ്ജാവഹമല്ലേ? അവർ കണ്ടമാനം വോട്ടുചെയ്തതുകൊണ്ടാണു് നിയമസഭയിൽ ദുഷിച്ച മനുഷ്യർ ഇത്രവളരെപ്പേർ കയറിപ്പററാൻ ഇടവന്നതു്."

2-ാമൻ അല്പം ആലോചിച്ച ശേഷം: "എന്റെ അഭിപ്രായം നേരെ മറിച്ചാണു്. കൊള്ളരുതാത്ത പൗരന്മാരല്ല, നല്ല പൗരന്മാരാണു് ദുഷിച്ച ആളുകളെ യഥാർത്ഥത്തിൽ തിരഞ്ഞെടുക്കുന്നതു്."

"ആങ്ങു് ഹാ! നിങ്ങളീ പറയുന്നതെന്തെന്നു് എനിക്കു മനസ്സിലാകുന്നില്ല." 1-ാമൻ കോപപൂർവ്വം പ്രതിഷേധം പ്രകടിപ്പിച്ചു.

"അതേ, ഞാൻ ഉറപ്പിച്ചു പറയുന്നു", രണ്ടാമൻ വിട്ടുകൊടുത്തില്ല, "കൊള്ളരുതാത്തവരെ നിയമസഭയിലേക്കയക്കുന്നതു് "നല്ലയാളുക"ളാണു — വോട്ടുചെയ്യാതെ ഒഴിഞ്ഞുമാറുന്ന "നല്ലയാളുകൾ."

### കർത്തവ്യം നിർവ്വഹിച്ചെങ്കിലല്ലേ ഫലമുള്ളൂ

അമേരിക്കയിലെ ഒരു ചെറുനഗരത്തിൽ വോട്ടിംഗു് നടക്കുകയായിരുന്നു. പരിഭ്രാന്തയായി കാണപ്പെട്ട ഒരു വൃദ്ധസ്ത്രീയോടു് അയൽക്കാരി ചോദിച്ചു: "അമ്മാമ്മ ആർക്കാണു വോട്ടുചെയ്യാൻ പോകുന്നതു്?"

"എന്റെ പിള്ളേ! എനിക്കറിഞ്ഞുകൂടാ. അവൻമാരൊക്കെ നല്ലവർ. അതുകൊണ്ടു് ഒരാൾക്കുമാത്രം വോട്ടുചെയ്യാൻ വിഷമമാണു്." ഇതികർത്തവ്യതാമൂഢയായ വൃദ്ധ പറഞ്ഞു.

ഏതാനുംമിനിട്ടു കഴിഞ്ഞപ്പോൾ "അമ്മാമ്മ" പോളിംഗുബൂത്തിൽനിന്നു വിയർത്തൊലിച്ചു് ഇറങ്ങിവരുന്നതുകണ്ടു് മററുള്ളവർ ചോദിച്ചു: "അമ്മാമ്മ ഇത്ര വിയർക്കുന്നതു് എന്തിനാ?"

"അതോ! എനിക്കൊരു എത്തും പിടിയും കിട്ടിയില്ല മക്കളേ. അതുകൊണ്ടു് കടലാസിന്റെ അടിയിൽ "ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ" എന്നെഴുതി പെട്ടിയിൽ ഇട്ടുംകൊണ്ടു് ഞാനിങ്ങു പോന്നു."

### "സ്നേഹമാണഖിലസാര മൂഴിയിൽ"

ജീവകാരുണ്യപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ഒരമേരിക്കൻ വനിതയാണു് എഡ്ഡി കാസ്റ്റർ. ഒരിക്കലവർ പാരീസു് സന്ദർശിച്ചു. തദവസരത്തിൽ അവിടത്തെ അനാഥമന്ദിരങ്ങളെല്ലാം കയറിയിറങ്ങി കുട്ടികൾക്കു ചോക്കലേററു വിതരണംചെയ്യുക അവർക്കേററം ഇഷ്ടപ്പെട്ട ഒരു പരിപാടിയായിരുന്നു. ഒരു മന്ദിരത്തിലെ കുട്ടികളെ അപ്രകാരം സല്ക്കരിച്ചപ്പോൾ, ഒരു കുട്ടി സന്ദർശകയുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. മററു കുട്ടികളെല്ലാം അത്യാർത്തിയോടെ ചോക്കലേററു തിന്നുകൊണ്ടിരുന്നെങ്കിലും, അവൾമാത്രം അതിൽ താല്പര്യം കാണിക്കാതെ ഒരു മൂലയിൽ ചിന്താക്രാന്തയായി ഇരിക്കുകയായിരുന്നു. എഡ്ഡി കാസ്റ്റർ അവളെ സമീപിച്ചു് ചോദിച്ചു: "കൊച്ചുകുമാരീ! എന്താ ഇങ്ങനെ ഇരിക്കുന്നതു്? നിനക്കുവേണ്ടി ഞാൻ വല്ലതും ചെയ്യേണ്ടതുണ്ടോ?"

"എന്നെ സ്നേഹിക്കുക."

അവർ അവരുടെ ജീവിതത്തിൽ കേട്ടിട്ടുള്ളതിൽവച്ചു് ഏററം ദയനീയങ്ങളായ വാക്കുകളായിരുന്നു അവ.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# Sathya Deepam

Vol. 26 Ernakulam April 29, 1953 No. 35


## FOR CATHOLICS, TOO

Yes, for Catholics, too.

The Institute for Home Study, formerly of Patna, in Bihar, and now operating from De Nobili College, Poona—6, provides working material for Catholic Actionists. For the present this comprises principally the IHS-Correspondence Course and the IHS-Letters. For the benefit of those not yet familiar with this material, just a word of explanation.

The IHS-Course is primarily intended for non-Catholics, whether Christians or non-Christians. The course is sent to applicants serially, each lesson accompanied by a test paper or "Quiz", to assure that the doctrine, a non-controversial exposition of the Catholic Faith, is properly understood by the student of the Course. To those sending in these test papers the course is sent gratis, each corrected test being returned with the new lesson. We may add at once that the results obtained, though our field of operation has, for various reasons, thus far been very limited, have been highly satisfactory.

In making this statement we do not wish to insinuate that converts actually received into the Church run into imposing numbers, though we certainly have more reason to be elated than to be disappointed. But while our efforts are ultimately intended to win converts to the Faith, let us not forget that it must be God "who giveth the increase." But He has given to us the ability to provide two essential conditions which our Blessed Lord has demanded of us if we wish to share in the glory of the "Name that is above all names." Paramount on our part are, prayer and penance for our prospective converts (think of Fatima), to win God's grace for them, and then the actual preaching of Christ and His Kingdom to "every creature", The material, Course or Letter, provided by IHS does the preaching for you.

We hope to explain more fully, in a subsequent article, the actual working of IHS in the winning of converts. Our purpose today is to call attention to an aspect of IHS possibilities that is often overlooked. It is the value of the IHS-Course, as also of the Letters, to the Catholic laity, to Catholic Actionists themselves.

Regrettable as it is, it is a fact that for very many of our laity their knowledge of the Faith came dangerously near to a full stop when they left school or College, a fact that is nothing short of a calamity. They will—so let us hope—have acquired a sufficient knowledge of their religious and moral obligations to help them save their souls. But a bare knowledge of do's and dont's is not apt to inspire them with that enthusiastic loyalty to Christ and His Church which should characterise every Catholic, above all the educated Catholic, and give meaning and joy to life. For all such the IHS-Course will be a real boon, as numerous letters testify that have come to us from Catholic students of the Course.

There is another special value of the Course for Catholics in that it not only provides the answers to problems which non-Catholics usually propose, but also presents these answers in a simple, expository, non-controversial manner which, as experience has shown, will of course not always convince your non-Catholic friend, but will at least not offend.

Though we prefer to send the Course gratis in separate fascicles, each lesson with its "quiz", on the condition that the student send in the tests, the text can also be purchased in book form, "The Way that is Life", and this at the merely nominal price of Re. 1—6—0. And hereby hangs a tale.

The publishers of this exceedingly low-priced, but by no means "cheap" edition (it is a superbly edited and printed book of 196 pp.), are two Catholic college graduates who were so enthusiastic about the Course that, entirely on their own initiative and expense, they published this edition of the text, "The Way that is Life", which they are now distributing from the CATHOLIC LITERATURE BUREAU, "AVE MARIA", PUDUMJEE PARK, POONA, 2, at the nominal price of Re. 1—6—0. The book is likewise available, at the same price, at the INSTITUTE FOR HOME STUDY, De Nobili College, Poona, 6.

It should be noted that the Course is not intended for high school boys or girls. Though it does not necessarily demand a college education, it does suppose the intellectual maturity and command of English of students who have passed their Intermediate. To such we unhesitatingly promise a genuine satisfaction from the study or at least the careful perusal of "The Way that is Life."

(P. J. SONTAG S. J.)

## വിവിധവൃത്താന്തങ്ങൾ

### നോർവെ പാർലമെൻറ് നിരോധനം നീക്കുന്നു

നൂററിനാല്പതുകൊല്ലം മുമ്പു പാസ്സാക്കിയ ഒരു നിയമപ്രകാരം നോർവേ രാജ്യത്തു ജസ്വീററ് സഭാംഗങ്ങൾക്കു പ്രവേശനം നിരോധിക്കപ്പെട്ടിരിക്കയാണു്. രാജ്യത്തിൻെറ സംസ്കാരപരമായ പുരോഗമനത്തിനു് ഇതു വലിയ ഒരു പ്രതിബന്ധമാണെന്നു ഇതിനകം സകലക്കും ബോദ്ധ്യമായിട്ടുണ്ടു്. നാട്ടിലെ വർത്തമാനപ്പത്രങ്ങൾ ഈ മുടക്കു റദ്ദു ചെയ്യുന്നതിലേക്കു മുറവിളി കൂട്ടിത്തുടങ്ങിയിട്ടു കാലം കുറേയായി. ഈദൃശമായ പൊതുജനാഭിപ്രായത്തെ ആദരിച്ചു മേല്പറഞ്ഞ നിരോധനം നീക്കുന്നതിലേക്കു നോർവീജിയൻ ഗവർമ്മെൻറു നടപടികൾ ആരംഭിച്ചിരിക്കുന്നു. പണ്ഡിതന്മാരായ ജസ്വീററ് സഭാംഗങ്ങളുടെ ഒരുസംഘം രാജ്യത്തു വന്നുചേർന്നാൽ പ്രജാവലിയെ കരണ്ടുതിന്നുകൊണ്ടിരിക്കുന്ന നിമ്മതവിഭ്രാന്തിക്കു ഒരു ശമനമുണ്ടാകാതിരിക്കയില്ലെന്നാണു് അവിടത്തെ അഭിജ്ഞകേന്ദ്രങ്ങളിലെ അഭിമതം.

### ജലപ്രളയപ്രദേശങ്ങളിലേക്കു ഉദാരദാനങ്ങൾ പ്രവഹിക്കുന്നു

നെതർലണ്ടിലും ഇംഗ്ലണ്ടിലും ഉണ്ടായ ജലപ്രളയനാശങ്ങളെ തുടർന്നു ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ഉദാരമായ സഹായസഹകരണങ്ങൾ അവിടങ്ങളിലേക്കു നൽകിക്കൊണ്ടിരിക്കുന്നു. പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ലണ്ടനിലെ ഡലഗാദപ്പസ്തോലിക്കായുടെ പേക്കു 3600 പവനും, ഹോളണ്ടിലെയും ബൽജിയത്തിലെയും പേപ്പൽ പ്രതിനിധിവഴി 18000 പവനും ഉടനടി അയച്ചുകൊടുത്തു. ഹോളണ്ടിൽനിന്നു രണ്ടായിരവും, ഇംഗ്ലണ്ടിലും ബൽജിയത്തിലും നിന്നു് ആയിരം വീതവും കുട്ടികളെ ഇററലിയിൽ സ്വീകരിച്ചു സംരക്ഷിക്കുന്നതിനു പൊൻറിഫിക്കൽ എയിഡ് കമ്മീഷൻവഴിക്കു തിരുമേനി ഏപ്പാടുചെയ്തു. വത്തിക്കാൻ നഗരത്തിൻെറ വികാരി ജനറാളിൻെറ അഭ്യത്ഥനയനുസരിച്ചു ജനസംഖ്യയിൽ ചുരുങ്ങിയ അവിടത്തെ ഇടവകക്കാർ പണവും ഭക്ഷ്യസാധനങ്ങളും വസ്ത്രങ്ങളും ശേഖരിച്ചു് ഒട്ടും താമസിയാതെ അവിടേക്കു് അയച്ചുകൊടുത്തു. ഇററാലിയൻ കത്തോലിക്കാ പ്രവത്തന സംഘക്കാരുടെ ചെലവിൽ ഡോക്ടർമാരെയും നഴ്സുമാരെയും വേഗത്തിൽ അവിടേക്കു എത്തിച്ചുകൊടുത്തു. ഇററലിയിലെ എല്ലാ ഇടവകകളിലും ഞായറാഴ്ചപ്പിരിവു നടത്തി അയച്ചുകൊണ്ടിരിക്കുന്നു. ഫ്റാൻസിലെ കാത്തലിക്കു് എയിഡ്സംഘം 15000 പവനാണു് ഉടനെ അയച്ചുകൊടുത്തതു്. അമേരിക്കയുടെ നാനാഭാഗങ്ങളിൽനിന്നു സഹായം വന്നുകൊണ്ടിരിക്കുന്നു. കാർഡിനൽ സ്പെൽമൻ 8750 പവനാണു് തൽക്ഷണം അവിടേക്കു അയച്ചുകൊടുത്തതു്.

### പ്രൊപ്പഗാന്താ തിരുസംഘത്തിൻെറ പുതിയ സെക്രട്ടറി

പ്രസ്തുത മിഷൻ തിരുസംഘത്തിൻെറ സെക്രട്ടറിയായിരുന്ന കൊൺസ്റ്റന്തീനി മെത്രാപ്പോലീത്തായെ കർദ്ദിനാൾപദത്തിലേക്കുയത്തിയതിനു പകരമായി നിയമിതനായിരിക്കുന്നതു് സ്വിററ്സർലണ്ടിൽ പേപ്പൽ നൺഷിയോ ആയിരുന്ന ബെർണ്ണർദീനി മെത്രാപ്പോലീത്തായാണു്. 69 കൊല്ലങ്ങൾക്കുമുമ്പു് ഇററലിയിൽ ഉസ്സീത്താ നഗരത്തിൽ ജാതനായ ഈ അദ്വിതീയരാജ്യതന്ത്രജ്ഞൻ സാദരസ്മരണാർഹരായ കാർഡിനൽ പിയേത്രോഗസ്പാരിയുടെയും എൻറീക്കോഗസ്പാരിയുടെയും അടുത്ത സംബന്ധിയാണു്. റോമൻ കോളെജിലെ ഉന്നതബിരുദങ്ങളെല്ലാം സമ്പാദിച്ചശേഷം 1911-ൽ ഇദ്ദേഹം ഗുരുപ്പട്ടമേററു. അനന്തരം അവിടെ റോമൻ ലോ പഠിപ്പിച്ചുവരികയിൽ കാനൻലോയുടെ ക്രോഡീകരണത്തിൽ ഒരു വലിയ പങ്കുവഹിച്ചിട്ടുണ്ടു്. ഓസ്ത്രേലിയായിൽ ഡലഗാദപ്പസ്തോലിക്കാ ആയിരിക്കയിലാണു 1935-ൽ സ്വിററ്സർലണ്ടിലെ പേപ്പൽ നൺഷിയോ ആയി അദ്ദേഹം നിയമിതനായതു്.

### മലെങ്കോവിൻെറ പരിപാടിയിൽ ഇൻഡ്യയും ഉൾപ്പെടുന്നു

“ദി ടൈഡിങ്സ്” എന്ന അമേരിക്കൻ പത്രം പറയുന്നു: “സ്റ്റാലിൻെറ പിൻഗാമിയായ മലെങ്കോവ് പാർട്ടി കോൺഗ്രസ്സിൽ സമർപ്പിച്ച റിപ്പോർട്ടിൽ “വിമോചനം” അർഹിക്കുന്ന രാജ്യങ്ങളുടെ ശേഖരത്തിൽ ഇൻഡ്യയേയും ഉൾപ്പെടുത്തിയിട്ടുണ്ടു്. കമ്മ്യൂണിസ്റ്റു ഭാഷയിൽ ഇതിൻെറ അത്ഥം അഭ്യന്തരകലഹത്തിനുള്ള കളം അവിടെ ഒരുക്കിവരുന്നുണ്ടെന്നുതന്നെ. ഇൻഡ്യൻ കോൺഗ്രസ്സ് തന്നിമിത്തം കമ്മ്യൂണിസത്തിനു് എതിരായി ശക്തിമത്തായ പ്രചാരണജോലി തുടങ്ങിയിട്ടുണ്ടു്. മതം, സ്വരാജ്യസ്നേഹം, സാമൂഹ്യസമാധാനം ഇക്കാര്യങ്ങളിലാണു അവർ സവിശേഷം ശ്രദ്ധപതിക്കുന്നതു്. സ്കൂളുകളിൽ മതപാഠം നടത്തേണ്ടതിൻെറ ആവശ്യകതയെ പ്രസിഡണ്ടു് രാജേന്ദ്രപ്രസാദ് ബനാരീസിൽവച്ചു ഈയിടെ എടുത്തുപറയുകയുണ്ടായി.”

### ലാസറിൻെറ സ്മരണയ്ക്കായി ബഥനിയിലെ പുതിയ പള്ളി

ഓർശലത്തുനിന്നു ഒരു മൈൽ കിഴക്കുമാറി ദിവ്യരക്ഷകൻ ലാസറിനെ ഉയിർപ്പിച്ച സ്ഥാനത്തു മനോഹരമായ ഒരു പുതിയ ദേവാലയം പണികഴിപ്പിച്ചുവരുന്നു. ഫ്റാൻസിസ്കൻ സഭക്കാരുടെ ഉത്സാഹത്താലാണു് ഈ പണി പുരോഗമിച്ചുവരുന്നതു്. ശില്പകലാവിദഗ്ധനായ ഫാദർ സിൽവസ്റ്റർ സാലർ എന്ന അമേരിക്കൻ ഫ്റാൻസിസ്കൻ ഇതിൻെറ മേൽനോട്ടം നിർവഹിക്കുന്നു. നാലും അഞ്ചും നൂററാണ്ടുകളിലെ പുരാതനപള്ളികളുടെ ആകൃതിയിലാണു ഈ സ്മാരകസൗധം ഉയന്നുവരുന്നതു്. പഴയ ഭിത്തികൾ, തൂണുകൾ, മൊസായിക്കു മുതലായവ ലഭിക്കാൻ കഴിയുന്നിടത്തോളം ഈ പണിയിൽ ഉപയോഗപ്പെടുത്തുന്നുണ്ടു്. ലാസറിൻെറ കല്ലറയുടെ മുകളിൽ 4 ശതാബ്ദങ്ങൾക്കുമുമ്പു ഒരു മുഹമ്മദൻ മോസ്ക്കു് പണികഴിച്ചിട്ടുള്ളതിനാൽ പ്രസ്തുത ശവകുടീരസ്ഥാനം പുതിയ പള്ളിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നു കാണുന്നു.

### ഹില്ലെയർ ബെല്ലക്കിൻെറ സാഹിത്യഭണ്ഡാഗാരം

82 വയസ്സായ ഈ സാഹിത്യകേസരി, സാഹിതീസംരംഭങ്ങളിൽനിന്നെല്ലാം വിരമിച്ചു് ഇപ്പോൾ വിശ്രമിച്ചുവരികയാണു്. അദ്ദേഹത്തിൻെറ ഒരു ആപ്തമിത്രമായ പാട്രിക്കു് കാഹിൽ എന്ന സാഹിത്യകാരൻ, ബെല്ലക്കുകൃതികളുടെയെല്ലാം കാലക്രമമനുസരിച്ചുള്ള വിപുലമായ ഒരു സൂചികാഗ്രന്ഥം ഈയിടെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 153 വലിയ പുസ്തകങ്ങളുടെയും ഒട്ടേറെ ലഘുഗ്രന്ഥങ്ങളുടെയും വിവരങ്ങളാണു് ഇതിൽ ചേർത്തിരിക്കുന്നതു്. 46 കൊല്ലത്തെ സാഹിത്യസേവനത്തിൻെറ ഏകദേശചരിത്രം ഇതിൽ കാണിച്ചിട്ടുണ്ടു്. 1911, 12, എന്നീ രണ്ടുകൊല്ലങ്ങളിലായി 17 ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുള്ളതായി കാണുന്നു. ഒരിക്കൽ ഒററയാഴ്ചകൊണ്ടു് ഒരു ദീർഘനോവൽ എഴുതിത്തീർത്തു. ശരാശരി ആണ്ടൊന്നുക്കു 3 പുസ്തകംവീതം അദ്ദേഹം രചിച്ചിട്ടുണ്ടു്. ചെസ്റ്റർട്ടനോടൊന്നിച്ചു ബ്രിട്ടനിലെ കത്തോലിക്കാസഭയ്ക്കുവേണ്ടി നിരന്തരസമരം നടത്തിയിട്ടുള്ള ഒരു വിശ്രുത തൂലികായോദ്ധാവത്രെ ഹില്ലെയർ ബെല്ലക്കു്.

